കോ–ഓർഡിനേഷൻ കമ്മിറ്റി
കേരള ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയൻ &
കേരള ഗ്രാമീണ ബാങ്ക് ഓഫീസേഴ്സ് യൂണിയൻ
(Affiliated to AIRRBEA & BEFI)
സെൻട്രൽ ഓഫീസ്: ദിലീപ് മുഖർജി ഭവൻ, റിംഗ് റോഡ്, അപ്ഹിൽ, മലപ്പുറം 676 505
Email: kgbeumpm@gmail.com, visit:www.kgbeuou.com

സർക്കുലർ നമ്പർ: 1/2024

09.01.2024

# 29 OATD ജീവനക്കാർക്ക് നീതി ലഭ്യമാകുന്നു

29 OATD ജീവനക്കാർക്ക് അനുകൂലമായി കേരള ഹൈക്കോടതിയുടെ സിംഗിൾ ബെഞ്ചിൽ നിന്നും ലഭിച്ച ഉത്തരവിനെതിരെ ബാങ്ക് മാനേജ്മെന്റ് നൽകിയ അപ്പീൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി യുടെ ഡിവിഷൻബെഞ്ച് തള്ളിക്കളഞ്ഞു. 29 OATD മാരുടെ നിയമനം ഡിവിഷൻ ബെഞ്ച് അംഗീകരിച്ചു. ഈ വിധി അംഗീകരിച്ചുകൊണ്ട് 29 OATD മാരുടെ നിയമന പ്രശ്നം ശാശ്വതമായി പരിഹരിക്കണമെന്ന് മാനേജ്മെന്റിനോട് ആവശ്യപ്പെടുന്നു.

ഈ 29 ജീവനക്കാരുടെ പ്രശ്നങ്ങൾക്ക് ഒരു പതിറ്റാണ്ടിലേറെ കാലത്തെ പഴക്കമുണ്ട്. ഇക്കാലമത്ര യും അവർ താണ്ടിയ ദുരിതങ്ങളും പ്രയാസങ്ങളും വിവരണാതീതമാണ്. ഓരോ വർഷവും ലഭിക്കേണ്ട വാർഷിക ഇൻക്രിമെന്റ് ലഭിക്കാതിരിക്കുക, Casual leave (അതും ഒരു മാസത്തിൽ ഒന്ന്) ഒഴികെയുള്ള ഒരു ലീവും അനുവദിക്കാതിരിക്കുക, Medical reimbursement, LFC തുടങ്ങിയ ജീവനക്കാർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങളൊന്നും ഈ വിഭാഗത്തിന് നൽകിയില്ല. എന്തിനേറെ പറയുന്നു മെറ്റേണിറ്റി ലീവ് പോലും നിരസിക്കാനുള്ള ശ്രമമുണ്ടായി.

കേരള ഗ്രാമീൺ ബാങ്കിന്റെ രൂപീകരണത്തിന് ശേഷം നടന്ന പ്രക്ഷോഭങ്ങളിൽ ഏറ്റവും പ്രധാന പ്പെട്ട ആവശ്യങ്ങളിൽ ഒന്നായിരുന്നു 29 OATD മാരുടെ നിയമനവുമായി ബന്ധപ്പെട്ടത്. നോർത്ത് മലബാർ ഗ്രാമീൺ ബാങ്കിൽ നടന്ന OATD നിയമനത്തിലാണ് ഇവരെ കൂടി പരിഗണിക്കാൻ കോടതി നിർദേശി ച്ചത്. കോടതിയുടെ അന്തിമ വിധിക്ക് വിധേയമായിരിക്കും നിയമനം എന്നും കോടതി വിധിച്ചിരുന്നു. ഈ 29 പേർക്കും നിയമനം നൽകിയെങ്കിലും അവരെ ആദ്യ പടിയിൽ മാത്രം നിർത്താനാണ് മാനേജ്മെന്റ് ശ്രമിച്ചത്. പ്രക്ഷോഭങ്ങൾക്കിടയിൽ ഉരുത്തിരിഞ്ഞ ഒരു സമവായം എന്ന നിലയിൽ 29 OATD മാരിൽ നിന്നും ഒരു അഫിഡവിറ്റ് വാങ്ങി ഇൻക്രിമെന്റ്, ലീവ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകാം എന്ന തീരുമാനം മാനേജ്മെന്റ് അംഗീകരിച്ചു. 29 ൽ 28 ജീവനക്കാരും അതനുസരിച്ച് അഫിഡവിറ്റ് നൽകി. എന്നാൽ വിചിത്രം എന്നു പറയട്ടെ ഒരാൾ അഫിഡവിറ്റ് നൽകിയില്ല എന്ന കാരണം പറഞ്ഞ് ഉണ്ടാക്കിയ ധാരണയിൽ നിന്നും മാനേജ്മെന്റ് പിന്നോക്കം പോയി.

കേരള ഹൈക്കോടതിയുടെ സിംഗിൾ ബെഞ്ച്, നോർത്ത് മലബാർ ഗ്രാമീൺ ബാങ്ക് നടത്തിയ നിയമനം അംഗീകരിച്ചെങ്കിലും അത് നടപ്പാക്കാതെ ഡിവിഷൻ ബെഞ്ചിൽ അപ്പീൽ സമർപ്പിക്കുകയായി രുന്നു മാനേജ്മെന്റ് ചെയ്തത്.

കേസിന്റെ ആദ്യ ഘട്ടം മുതൽ നമ്മുടെ സംഘടന 29 OATD മാർക്കും ആവശ്യമായ നിയമോപദേശം നൽകുകയും പിന്നീട് അതിന്റെ സാമ്പത്തിക ചെലവുകൾ ഏറ്റെടുക്കുകയും ചെയ്തു. കേസിന്റെ മാനം വിശാലമാവുന്നു എന്നു കണ്ട അവസരത്തിൽ കേസിൽ കക്ഷി ചേരാനും സംഘടന തയ്യാറായി. അത്തര ത്തിലുള്ള നിയമ യുദ്ധമാണ് കേരള ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ചിൽ ഇപ്പോൾ സമാപിച്ചിരി ക്കുന്നത്. ഈ കോടതി വിധി ഉടൻ നടപ്പാക്കണം എന്നാവശ്യപ്പെട്ട് നാം ചെയർമാന് കത്ത് നൽകുകയും മാനേജ്മെന്റിനോട് സംസാരിക്കുകയും ചെയ്തു.

കോടതി വിധി നടപ്പാക്കുമ്പോൾ ആദ്യം മുതലുള്ള എല്ലാ ആനുകൂല്യങ്ങളും കണക്കാക്കണം. Delayed period ന്റെ പലിശ നൽകാനും മാനേജ്മെന്റ് സന്നദ്ധമാവണം.

**സഖാക്കളെ,**

**സംഘടനാ പ്രവർത്തനം എന്നത് വിശ്രമ സമയങ്ങളിലെ വിനോദ പ്രവർത്തനമല്ല. ജീവനക്കാർ ക്കെതിരെ അധികാരികളുടെ ഭാഗത്തു നിന്നും വരുന്ന ആക്രമണങ്ങളെ പ്രതിരോധിക്കുന്നതിനും പ്രത്യാക്രമണം നടത്തുന്നതിനും ജീവനക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിൽ വിട്ടുവീഴ്ച യില്ലാത്ത നിലപാടുകൾ സ്വീകരിക്കുന്നതിനും ആവശ്യമെങ്കിൽ പ്രക്ഷോഭത്തിന്റെ പാതയിൽ ഇറ ങ്ങുതിനും തയ്യാറാവുക എന്നതാണ് ഒരു സംഘടനയുടെ ധർമ്മം. ഈ ബാങ്കിലെ 29 ജീവനക്കാർ ഏറ്റവും ഗുരുതരമായ ഒരു സ്ഥിതിവിശേഷം നേരിട്ടപ്പോൾ മുകളിൽ സൂചിപ്പിച്ച സംഘടനാ ധർമ്മം ഏറ്റെടുക്കുകയും അതിന്റെ വിജയകരമായ പരിസമാപ്തിയിലെത്തുകയും ചെയ്തതിന്റെ അനൽപ മായ സന്തോഷവും അഭിമാനവും പങ്കുവെച്ചുകൊണ്ട്**

**അഭിവാദനങ്ങൾ**

**ബിഗേഷ് ഉണ്ണിയൻ**
ജനറൽ സെക്രട്ടറി
KGBEU, 98957 10203

**രാജേഷ് പി.**
ജനറൽ സെക്രട്ടറി
KGBOU, 98474 07673

കോ–ഓർഡിനേഷൻ കമ്മിറ്റി

**കേരള ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയൻ &**
**കേരള ഗ്രാമീണ ബാങ്ക് ഓഫീസേഴ്സ് യൂണിയൻ**

(Affiliated to AIRRBEA & BEFI)

സെൻട്രൽ ഓഫീസ്: ദിലീപ് മുഖർജി ഭവൻ, റിംഗ് റോഡ്, അപ്ഹിൽ, മലപ്പുറം 676 505

Email: kgbeumpm@gmail.com, visit:www.kgbeuou.com

സർക്കുലർ നമ്പർ: 2/2024

23.01.2024

# സ: സി രാജീവൻ സർവീസിൽ നിന്നും വിരമിക്കുന്നു



സഖാക്കളെ,

ബഹുഭൂരിപക്ഷം വരുന്ന ഗ്രാമീണ ബാങ്ക് ജീവനക്കാരേയും പ്രതിനിധീകരിക്കുന്ന, അഖിലേന്ത്യാ സംഘടനയായ AIRRBEA യുടെ പ്രസിഡന്റും, ബാങ്ക് എംപ്ലോയീസ് ഫെഡറേഷൻ ഓഫ് ഇന്ത്യ അഖിലേന്ത്യാ വൈസ് പ്രസിഡന്റും കേരള ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയൻ കേന്ദ്ര കമ്മിറ്റി അംഗവുമായ സ: സി. രാജീവൻ ഈ വരുന്ന ജനുവരി 31ന് കേരള ഗ്രാമീണ ബാങ്കിൽ നിന്നും ഔദ്യോഗികമായി വിരമിക്കുന്നു. നിലവിൽ കേരള ഗ്രാമീണ ബാങ്ക്, കോഴിക്കോട് റീജിയണൽ ഓഫീസിലാണ് അദ്ദേഹം ജോലി ചെയ്തു വരുന്നത്.

1985ൽ അന്നത്തെ സൗത്ത് മലബാർ ഗ്രാമീണ ബാങ്കിന്റെ ഒതുക്കുങ്ങൽ ശാഖയിൽ clerk ആയാണ് സഖാവിന്റെ ഔദ്യോഗിക ജീവിതം ആരംഭിക്കുന്നത്. നീണ്ട 39 വർഷത്തെ സർവീസ് ജീവിതത്തിനു വിരാമമാകുമ്പോൾ, ഈ കാലഘട്ടത്തിൽ അദ്ദേഹം നടത്തിയ പ്രവർത്തനങ്ങൾ വിലമതിക്കാനാവാത്ത വണ്ണം ഔന്നത്യം നിറഞ്ഞതാണ്. തികഞ്ഞ ട്രേഡ് യൂണിയൻ ബോധ്യത്തോടെ, തനിക്കു മുൻപിൽ വരുന്ന വിഷയങ്ങളെ ജീവനക്കാർക്കും സമൂഹത്തിനും ഗുണകരമായ തരത്തിൽ വിലയിരുത്താൻ സഖാവിന് കഴിഞ്ഞിരുന്നു. ഇതിന്റെ ഗുണം രാജ്യത്തെ ഗ്രാമീണ ബാങ്ക് ജീവനക്കാർക്കാകെ ലഭിച്ചിരുന്നു എന്നു പറയുന്നതിൽ അതിശയോക്തിയേതുമില്ല.

1988 ലാണ് അദ്ദേഹം സംഘടനയുടെ കേന്ദ്ര കമ്മിറ്റിയിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നത്. 1994 കാലഘട്ടത്തിൽ സൗത്ത് മലബാർ ഗ്രാമീണ ബാങ്ക് എംപ്ലോയിസ് യൂണിയന്റെ ജനറൽ സെക്രട്ടറിയായും പിന്നീട് പ്രസിഡന്റായും പ്രവർത്തിച്ചു. 1998 ലെ വിശാഖപട്ടണം സമ്മേളനത്തിൽ വെച്ച് AIRRBEA അഖിലേന്ത്യാ ഭാരവാഹിയും 2013 കൽകത്ത സമ്മേളനത്തിൽ വെച്ച് AIRRBEA പ്രസിഡണ്ടും ആയി തിരെഞ്ഞെടുക്കപ്പെട്ടു. BEFI ദേശീയ സംസ്ഥാന ഭാരവാഹിത്വങ്ങളിലും ഈ കാലയളവുകളിൽ അദ്ദേഹം പ്രവർത്തിച്ചു. 2023ലെ ചെന്നൈ സമ്മേളനത്തിൽ വെച്ച് BEFI യുടെ അഖിലേന്ത്യാ വൈസ് പ്രസിഡന്റ് ആയി തിരഞ്ഞെടുക്കപ്പെട്ടു.




സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലെ ജീവനക്കാരിയും ബാങ്ക് എംപ്ലോയീസ് ഫെഡറേഷൻ ഓഫ് ഇന്ത്യ സംസ്ഥാന ജോയിന്റ് സെക്രട്ടറിയുമായ സ: എൻ.എൽ പ്രേമലതയാണ് ഭാര്യ, ഏകമകൾ ഹൃദ്യ വിദ്യാർത്ഥിനിയാണ്.







കൃത്യമായ സ്റ്റാഫിംഗ് പാറ്റേണും ട്രാൻസ്ഫർ പോളിസിയും നടപ്പിലാക്കുക എന്ന മുദ്രാവാക്യം ഉന്നയിച്ചുകൊണ്ട് 1987 ൽ സംഘടന നടത്തിയ സമരം മുതൽ നാളിതുവരെയുള്ള സംഘടനയുടെ മുഴുവൻ പ്രവർത്തനങ്ങളിലും ഏറെ സജീവമായി പ്രവർത്തിക്കാൻ സ: സി. രാജീവന് സാധിച്ചിട്ടുണ്ട്. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ, കഴിഞ്ഞ നാലു പതിറ്റാണ്ടോളം തന്റെ ജീവിതം മുഴുവൻ ഈ ബാങ്കിനും സംഘടനയ്ക്കും വേണ്ടി പ്രവർത്തിക്കാൻ അദ്ദേഹത്തിന് സാധിച്ചു.




മറ്റു ബാങ്ക് ജീവനക്കാരുടേതിന് സമാനമായ ശമ്പള ഘടനയിലേക്ക് ഗ്രാമീണ ബാങ്ക് ജീവനക്കാർ എത്തപ്പെടുന്നത് നമ്മുടെ സംഘടന നടത്തിയ ഐതിഹാസികമായ സമരപോരാട്ടങ്ങൾക്കൊടുവിലാണ്. 23 ദിവസം നീണ്ടു നിന്ന പണിമുടക്ക്, തുടർന്ന് നടന്ന നിയമപോരാട്ടങ്ങൾ എന്നിവയ്ക്കൊടുവിലാണ് ഈ വേതന തുല്യത പുനഃസ്ഥാപിക്കാൻ നമുക്ക് സാധിച്ചത്. ഈ പോരാട്ടത്തിൽ, സംഘടനയ്ക്ക് വേണ്ടി നിരാഹാര സമരം അനുഷ്ഠിച്ചത് സ: സി. രാജീവനായിരുന്നു. തൊഴിലാളികളുടെ ന്യായമായ അവകാശങ്ങൾ നേടിയെടുക്കാൻ വേണ്ടി സ്വന്തം ജീവൻ പോലും പണയം വെച്ചു പോരാടിയ സ: സി. രാജീവനെ പോലുള്ള സഖാക്കളുടെ ഇച്ഛാശക്തിയുടെ ഫലമായിട്ടാണ് മാതൃകപരമായ പ്രവർത്തനങ്ങൾ തുടരാൻ നമുക്ക് സാധിക്കുന്നത്.




ഗ്രാമീണ ബാങ്ക് ജീവനക്കാർ പെൻഷൻ അവകാശം നേടിയെടുക്കുന്നത് AIRRBEA യുടെ നേതൃത്വത്തിൽ നടന്ന ത്യാഗോജ്ജ്വലമായ നിരവധി പോരാട്ടങ്ങൾക്കൊടുവിലാണ്. ഈ പോരാട്ടങ്ങൾക്കിടയിൽ ജീവനക്കാർ അവരുടെ വിഹിതം നൽകി കൊണ്ടായാലും പെൻഷൻ ലഭ്യമാക്കണം എന്ന പ്രലോഭനത്തെ AIRRBEA യുടെ നേതൃത്വത്തിൽ മറികടക്കുന്നതിൽ സ: സി. രാജീവനും സ: കെ. ജി. മദനനും വഹിച്ച പങ്ക് ഏറെ വലുതാണ്. പെൻഷൻ ലഭിച്ച വിവിധ തസ്തികകളിലുള്ള ജീവനക്കാർക്ക് അഞ്ചു ലക്ഷം

kartine29.deviantart




മുതൽ 14 ലക്ഷം രൂപ വരെയെങ്കിലും ലാഭം ഉണ്ടായി എന്നത് വലിയ നേട്ടമാണ്. ഇത്രയും തുക തിരിച്ചടക്കുന്നതിൽ നിന്നും ജീവനക്കാരെ രക്ഷിച്ചെടുത്തത് നമ്മുടെ സംഘടന സ്വീകരിച്ച നിലപാട് ഒന്നുകൊണ്ടു മാത്രമാണ്.

*WFTU (വേൾഡ് ഫെഡറേഷൻ ഓഫ് ട്രേഡ് യൂണിയൻ) സമ്മേളനത്തിൽ AIRRBEA ക്ക് വേണ്ടി, ഇന്ത്യയെ പ്രതിനിധീകരിച്ചുകൊണ്ട് രണ്ടുതവണ (ഏതൻസ്- ഗ്രീസ്, ഡർബൻ - സൗത്ത് ആഫ്രിക്ക എന്നിവടങ്ങളിൽ) പങ്കെടുത്തത് സ. സി. രാജീവനായിരുന്നു. ഇത് തീർച്ചയായും നമ്മുടെ യൂണിറ്റിന് അഭിമാനിക്കാവുന്ന കാര്യമാണ്.*

ഒരു Revolutionary Trade Union ൽ പ്രവർത്തിക്കുമ്പോൾ പുലർത്തേണ്ട ആത്മാർത്ഥത, അച്ചടക്ക ബോധം, ദീർഘ വീക്ഷണം, പഠനം തുടങ്ങിയ ശീലങ്ങളെല്ലാം സഖാവ് കൃത്യമായി പുലർത്തിയിരുന്നു. അത്, കേരള ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയൻ (മുൻപ് SMGB എംപ്ലോയീസ് യൂണിയൻ) സംഘടനയ്ക്ക് ദിശബോധം നൽകുന്നതിൽ വലിയ പങ്കു വഹിച്ചിട്ടുണ്ട്. **രാജ്യത്താകെ വലതുപക്ഷവൽക്കരണവും വർഗീയതയും തലപൊക്കുന്ന ഘട്ട**




**ത്തിൽ പോലും AIRRBEA എന്ന സംഘടന, രാജ്യത്തെ ഗ്രാമീണ ബാങ്ക് ജീവനക്കാരുടെ ഭൂരിപക്ഷ സംഘടനയായി തുടരുന്നതും അതിന്റെ Revolutionary സ്വഭാവം നില നിർത്തുന്നതുമെല്ലാം സ. സി രാജീവനെ പോലുള്ള നേതാക്കളുടെ അശ്രാന്ത പരിശ്രമത്തിന്റെ ഭാഗമായിട്ടാണ്.**

പുതിയ തലമുറയെ കണ്ടെത്തി സംഘടനയുടെ നേതൃത്വം അവരെ ഏൽപ്പിക്കുന്നതിലും സ: രാജീവനുൾപ്പടെയുള്ള സഖാക്കൾ വഹിച്ച പങ്ക് വലുതാണ്. ഒരു തലമുറമാറ്റം സംഭവിക്കുമ്പോൾ അതിനെ കേവലം സാങ്കേതികം എന്നതിലുപരി, ജൈവപരമാക്കി മാറ്റി എന്നതാണ് KGB EU/OU സംഘടനയിൽ ഉണ്ടായ ഏറ്റവും ഗുണപരമായ കാര്യം. അതുകൊണ്ടുതന്നെയാണ്, തൊഴിലാളി വർഗ്ഗ കാഴ്ചപ്പാടുകളിലൂന്നിനിന്നുകൊണ്ട്, പുതിയ കാലത്തിന്റെ വെല്ലുവിളികളെ ക്രിയാത്മകമായി അതിജീവിച്ചു പ്രവർത്തിക്കാൻ ഈ സംഘടനക്ക് നിരന്തരം സാധിക്കുന്നത്. അതുതന്നെയാണ് ദിവസ വേതനക്കാർക്ക് വേണ്ടിയുള്ള സമരം മുതൽ നിരാലംബരായ മനുഷ്യർക്ക് വീട് നിർമ്മിച്ചു നൽകുന്ന പ്രവർത്തനങ്ങളിൽ വരെ നമുക്ക് പ്രചോദനമാകുന്നതും.

**'തോക്കും ലാത്തിയുമായ്**
**മുടിതുള്ളിയ സർക്കാരിൻ തേർവാഴ്ചകളെ**
**എതിരിട്ടവരുടെ ഹൃദ് രക്തത്താൽ**
**കുതിരും വെള്ളമണൽത്തരികൾ**
**നാളത്തെ പുതുസംസ്ക്കാരത്തിൻ**
**നാളം നെയ്യുകയാണെന്നും... '**

**(സംസ്കാരത്തിന്റെ നാളങ്ങൾ)**

ബാങ്കിൽ നിന്ന് ഔദ്യോഗികമായി വിരമിച്ചാലും സംഘടനാ പ്രവർത്തനങ്ങളുടെ മുഖ്യധാരയിൽ തന്നെ സ: സി. രാജീവൻ തുടരും. സംഘടനാ ഭേദമന്യേ ഗ്രാമീണ ബാങ്ക് ജീവനക്കാരുടെ മുഴുവൻ നേതാവായ സ: സി. രാജീവന് ആദരം ഒരുക്കാൻ നാം തീരുമാനിച്ചിട്ടുണ്ട്. തീയതി പിന്നീട് അറിയിക്കുന്നതാണ്.






# Red Salute Comrade C Rajeevan

## അഭിവാദനങ്ങളോടെ

**ബിഗേഷ് ഉണ്ണിയൻ**
ജനറൽ സെക്രട്ടറി
KGBEU, 98957 10203

**രാജേഷ് പി.**
ജനറൽ സെക്രട്ടറി
KGBOU, 98474 07673

കോ–ഓർഡിനേഷൻ കമ്മിറ്റി

# കേരള ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയൻ & കേരള ഗ്രാമീണ ബാങ്ക് ഓഫീസേഴ്സ് യൂണിയൻ

(Affiliated to AIRRBEA & BEFI)

സെൻട്രൽ ഓഫീസ്: ദിലീപ് മുഖർജി ഭവൻ, റിംഗ് റോഡ്, അപ്ഹിൽ, മലപ്പുറം 676 505
Email: kgbeumpm@gmail.com, visit:www.kgbeuou.com

സർക്കുലർ നമ്പർ 3/2025

19.02.2025

## IOB യിൽ നടന്നതും KGB യിൽ നടക്കാത്തതും..!

സഖാക്കളെ,

കേരളത്തിലെ ആദ്യത്തെ സംഘടിത കാർഷിക തൊഴിലാളി സമരം അയ്യങ്കാളിയുടെ നേതൃത്വത്തിലാണ് നടന്നത്. 'അധ:സ്ഥിതരുടെ' വിദ്യാഭ്യാസം സർക്കാർ അനുവദിച്ചിട്ടും അതിനെ തടസ്സപ്പെടുത്തിയ സവർണർക്കെതിരെ ഒരു വർഷം നീണ്ടുനിന്ന സമരമായിരുന്നു അത്. തൊഴിലാളി, കർഷക, കാർഷിക തൊഴിലാളി സംഘടനകൾ രൂപം കൊണ്ടിട്ടില്ലാത്ത ഒരു കാലത്താണ് ഈ സമരം സംഘടിപ്പിച്ചത്. ഒരു പുസ്തകവും അദ്ദേഹം രചിച്ചിട്ടില്ല. 'ഒന്നടിച്ചാൽ തിരിച്ചു രണ്ടടി' എന്ന മുദ്രാവാക്യം സാമൂഹ്യ നീതി സാക്ഷാത്കരിക്കുന്നതിന് വേണ്ടി നടപ്പിലാക്കുന്നതിനാണ് അദ്ദേഹം മുൻതൂക്കം നൽകിയത്. നിരോധിക്കപ്പെട്ട വഴികളിലൂടെ നടന്നും,തടഞ്ഞവരോട് എതിരിട്ടുമാണ് അന്ന് നവോത്ഥാന പോരാട്ടങ്ങൾ സംഘടിപ്പിച്ചിരുന്നത്.

ശ്രീനാരായണഗുരു, ഡോക്ടർ പൽപ്പു, ചട്ടമ്പിസ്വാമികൾ, സഹോദരൻ അയ്യപ്പൻ, വി ടി ഭട്ടതിരിപ്പാട്, സി വി കുഞ്ഞിരാമൻ, സി കേശവൻ ഇങ്ങനെ നിരവധി സാമൂഹിക പരിഷ്കർത്താക്കളുടെയും കമ്മ്യൂണിസ്റ്റ് പുരോഗമന പ്രസ്ഥാനങ്ങളുടെയും നിരന്തര പരിശ്രമങ്ങളുടെ കൂടി ആകെത്തുകയാണ് കേരളീയ നവോത്ഥാനം എന്നത്.

ഇങ്ങനെ നവോത്ഥാന പോരാട്ടങ്ങളുടെ തിളങ്ങുന്ന ചരിത്രങ്ങളിലൂടെ കടന്നുവന്ന നമ്മുടെ നാട്ടിലാണ് ഈ രണ്ടായിരത്തി ഇരുപത്തിഅഞ്ചാമാണ്ടിലും ചില ജാതി വെറിയന്മാരുടെ കോമാളിത്തം നടക്കുന്നത്.ഇന്ത്യൻ ഓവർസീസ് ബാങ്കിൽ അസിസ്റ്റന്റ് മാനേജർക്കെതിരെ നടന്ന ജാതി ആക്ഷേപവും, ശാരീരിക അക്രമണവും അങ്ങേയറ്റം അപലപനീയമാണ്.

എറണാകുളത്ത് ഇന്ത്യൻ ഓവർസീസ് ബാങ്കിന്റെ റീജിയണൽ ഓഫീസിൽ നടന്ന മനുഷത്വ വിരുദ്ധമായ പ്രവൃത്തി കുറച്ചു ദിവസങ്ങൾക്ക് മുൻപ് കൈരളി ചാനലാണ് പുറത്തു കൊണ്ടു വന്നത്.

ഉത്തരേന്ത്യക്കാരായ ഡെപ്യൂട്ടി ജനറൽ മാനേജർ നിതീഷ്കുമാർ സിൻഹയും, അസിസ്റ്റന്റ് ജനറൽ മാനേജർ കശ്മീർ സിങ്ങും ചേർന്ന് ഷെഡ്യൂൾഡ് കാസ്റ്റിൽപ്പെട്ട മലയാളിയായ അസിസ്റ്റന്റ് മാനേജറെക്കൊണ്ട് തങ്ങളുടെ വീട്ടു ജോലികൾ ഉൾപ്പെടെ ചെയ്യിപ്പിക്കുകയും മോശമായി പെരുമാറുകയും, ജാതിപ്പേര് വിളിച്ച് അധിക്ഷേപിക്കുകയും, ശാരീരികമായി അക്രമിക്കുകയും ചെയ്തു. പോലീസിൽ ആദ്യം പരാതിപ്പെട്ടെങ്കിലും മാനേജ്മെന്റിന്റെ സമ്മർദ്ദത്തിനു വഴങ്ങി അസിസ്റ്റന്റ് മാനേജർക്ക് കേസ് പിൻവലിക്കേണ്ടി വന്നു. എന്നാൽ സമ്മർദ്ധങ്ങളെ അതിജീവിച്ച് അദ്ദേഹം വീണ്ടും കേസ് നൽകി. ഇതിനിടയിൽ, ഒരു കള്ളക്കേസിൽ കുടുക്കി അസിസ്റ്റന്റ് മാനേജരെ സസ്പെൻഡ് ചെയ്യുകയും 15 ഇൻക്രിമെന്റ് കട്ട് ചെയ്തു അഹമ്മദാബാദിലേക്ക് ട്രാൻസ്ഫർ ചെയ്തു. ട്രാൻസ്ഫർ നൽകിയ ശേഷം നിതീഷ് കുമാർ സിൻഹ എന്ന ഡി ജി എം ഈ അസിസ്റ്റന്റ് മാനേജരെ അദ്ദേഹത്തിന്റെ കാബിനിലേക്ക് വിളിച്ചു വരുത്തി പറഞ്ഞത്, 'ഗുജറാത്തിലേക്ക് വരൂ. താഴ്ന്ന ജാതിക്കാർ മേൽ ജാതിക്കാരോട് എങ്ങനെയാണ് പെരുമാറേണ്ടത് എന്നത് പഠിപ്പിച്ചു തരാം..'എന്നാണ്.

പൊതുമേഖല ബാങ്കുകളുടെ ലയനവും സ്വകാര്യവൽക്കരണവും കേന്ദ്ര സർക്കാറിന്റെ അജണ്ടയാണ്. അത്തരത്തിൽ ഭീഷണി നേരിടുന്ന ഒരു പ്രധാന പൊതുമേഖല ബാങ്കാണ് ഇന്ത്യൻ ഓവർസീസ് ബാങ്ക്. അതുകൊണ്ടുതന്നെ, ബാങ്ക് മേലധികാരികൾ കഴിഞ്ഞ കുറെ നാളുകളായി വലിയ സമ്മർദ്ദമാണ് ജീവനക്കാർക്ക് മേൽ ചെലുത്തി കൊണ്ടിരിക്കുന്നത്. ദിവസേന ഓൺലൈൻ മീറ്റിംഗുകൾ നടത്തി ഇങ്ങനെ സമ്മർദ്ദം നൽകുന്ന രീതിയാണ് ബാങ്കിൽ ഇപ്പോൾ അനുവർത്തിക്കുന്നത്. കുറച്ചു നാളുകൾക്ക് മുൻപ്, ഡെപ്പോസിറ്റ് ക്യാൻവാസുമായി ബന്ധപ്പെട്ട് വിളിച്ചു ചേർത്ത ഒരു ഓൺലൈൻ മീറ്റിംഗിൽ, ബാങ്ക് സോഫ്റ്റ്‌വെയറിലെ സാങ്കേതിക തകരാറുകൾ ചൂണ്ടി കാണിച്ച ഉദ്യോഗസ്ഥനെ പിറ്റേ ദിവസം എറണാകുളം റീജിയണൽ ഓഫീസിലേക്ക് വിളിച്ചു വരുത്തുകയും, ഒരു ദിവസം മുഴുവൻ ക്യാബിന് പുറത്തു നിർത്തുകയും ചെയ്തു. ഈ സംഭവത്തിനെതിരെ വാട്സാപ്പിൽ പോസ്റ്റിട്ട മറ്റ് രണ്ടു ഉദ്യോഗസ്ഥരെയും സമാനമായ രീതിയിൽ റീജിയണൽ ഓഫീസിലേക്ക് വിളിച്ചുവരുത്തി മൂന്നുപേരേയും വടക്കേ ഇന്ത്യയിലേക്ക് ട്രാൻസ്ഫർ ചെയ്യുകയാണ് നിതീഷ്കുമാർ സിൻഹയും കശ്മീർ സിംങ്ങും ചേർന്ന് ചെയ്തത്. ഈ സ്ഥലം മാറ്റം പിന്നീട് കോടതി റദ്ദ് ചെയ്തു. റദ്ദ് ചെയ്ത കോടതി നടപടിയിൽ തുടർ വ്യവഹാരം നടത്തുന്നതിനു വേണ്ടി ബാങ്ക് ചോദിച്ച നിയമോപദേശത്തിനുള്ള മറുപടി, ബാങ്കിന്റെ എല്ലാ ബ്രാഞ്ചുകളിലേക്കും ഇമെയിൽ ആയാണ് വന്നത്. ഈ ഇമെയിൽ ഫോർവേഡ് ചെയ്തു എന്നുള്ള കള്ള ചാർജ് ഷീറ്റാണ് ആദ്യം പരാമർശിച്ച അസിസ്റ്റന്റ് മാനേജർക്കെതിരെ നിതീഷ് കുമാർ സിൻഹയും കശ്മീർ സിങ്ങും ചേർന്ന് കൊടുത്തിട്ടുള്ളത്. 11 വർഷം മാത്രം സർവീസുള്ള ജീവനക്കാരന് 15 ഇൻക്രിമെന്റ് കട്ട് ചെയ്തു കൊണ്ടുള്ള അസാധാരണമായ ശിക്ഷാനടപടിയാണ് ബാങ്ക് കൈക്കൊണ്ടത്.

ഇത്തരത്തിൽ പ്രാകൃതവും മനുഷ്യത്വ വിരുദ്ധവുമായി പെരുമാറാൻ എങ്ങനെ ബാങ്ക് മേലധികാരികൾക്ക് സാധിക്കുന്നു? ഇന്ത്യയുടെ സാമൂഹിക അന്തരീക്ഷത്തിൽ നിലനിൽക്കുന്ന ജാതിബോധത്തിന്റെയും കോർപ്പറേറ്റ് വൽക്കരണത്തിന്റെയും നേർരൂപമായി ഈ സംഭവത്തെ വിലയിരുത്താം.ആഴ്ചയിൽ 72

karline29.deviantart

മണിക്കൂർ ജോലി ചെയ്യണമെന്ന് യുവാക്കളോട് ആഹ്വാനം നടത്തിയ മുൻ ഇൻഫോസിസ് ചെയർമാൻ നാരായണ മൂർത്തിയും, ആഴ്ചയിൽ 90 മണിക്കൂർ ജോലി ചെയ്യണമെന്ന് പറഞ്ഞ L&T ചെയർമാൻ എസ്.എൻ. സുബ്രഹ്മണ്യനുമെല്ലാം വെച്ചുപുലർത്തുന്ന തൊഴിലാളി വിരുദ്ധ മനോഭാവം ഈയിടെ നാം കണ്ടതാണ്. പണിയെടുക്കുന്നവരെ മനുഷ്യരായി കാണാൻ സാധിക്കാത്ത കോർപ്പറേറ്റ് മേലാളന്മാരുടെ ഫ്യൂഡൽ മനോഭാവവും, അതിന്റെ കൂടെ രാജ്യത്ത് വർദ്ധിച്ചു വരുന്ന വർഗ്ഗീയതയും ജാതിബോധവും ചേരുമ്പോൾ ഇങ്ങനെയുള്ള സംഭവങ്ങൾ ആവർത്തിക്കുകയാണ്.

ഇത്തരം സംഭവങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കാൻ ബാധ്യതപ്പെട്ട ഇന്ത്യൻ ഓവർസീസ് ബാങ്കിലെ തൊഴിലാളി സംഘടനകളുടെ മൗനം ഞെട്ടലുളവാക്കുന്നതാണ്.സംഭവം വാർത്തയായപ്പോൾ പുറത്തുവന്ന ബാങ്ക് മാനേജ്മെന്റിന്റെ പ്രതികരണത്തിൽ അവർ പറയുന്നത് ബാങ്കിലെ അംഗീകൃത സംഘടനകളിൽ നിന്നും യാതൊരു തരത്തിലുള്ള പരാതികളും ഈ വിഷയത്തിൽ ലഭിച്ചിട്ടില്ല എന്നാണ്. കൊമേർഷ്യൽ ബാങ്കുകളിലെ പ്രമുഖ ഓഫീസേഴ്സ് സംഘടനക്ക് ഈ വിഷയത്തിൽ പ്രതികരിക്കാൻ കഴിയാതിരുന്നത്, അതിന്റെ അഖിലേന്ത്യ നേതൃത്വത്തിൽ നിന്നും അനുമതി ലഭിച്ചിട്ടില്ല എന്നുള്ള വിചിത്രവാദവും പുറത്തുവന്നു. ഒടുവിൽ വിഷയം, പൊതു സമൂഹം ചർച്ച ചെയ്യുകയും കുറ്റക്കാർക്കെതിരെ പോലീസ് കേസ് എടുക്കുകയും ചെയ്തതിനു ശേഷമാണ് സംഘടകളുടെ ഒരു വാർത്താകുറിപ്പ് പോലും പുറത്തുവരുന്നത്. എന്ത് വിശ്വാസത്തിലാണ് ജീവനക്കാർ ഇങ്ങനെയുള്ള സംഘടനകളിൽ മെമ്പർഷിപ്പിൽ തുടരുക എന്നുള്ള ചോദ്യം ഇന്ത്യൻ ഓവർസീസ് ബാങ്കിൽ ഇപ്പോൾ സജീവ ചർച്ചയാണ്.

ഇന്ത്യൻ ഓവർസീസ് ബാങ്കിൽ കാര്യമായ സ്വാധീനം ഇല്ലാത്ത ബാങ്ക് എംപ്ലോയീസ് ഫെഡറേഷൻ ഓഫ് ഇന്ത്യ (കേരള) യാണ് ഈ പ്രശ്നത്തിൽ ഇടപെട്ട ഏക ബാങ്കിംഗ് ട്രേഡ് യൂണിയൻ. ഫെബ്രുവരി 17ന് ഇന്ത്യൻ ഓവർസീസ് ബാങ്കിന്റെ എറണാകുളം മേഖല ഓഫീസിനു മുൻപിൽ ബാങ്ക് എംപ്ലോയീസ് ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ നേതൃത്വത്തിൽ പ്രതിഷേധ ധർണ്ണ സംഘടിപ്പിച്ചു. പ്രസ്തുത വിഷയത്തിൽ വർഗ്ഗ ബഹുജന സംഘടനകളെയാകെ സംഘടിപ്പിച്ചുകൊണ്ട് പൊതുസമൂഹത്തിനു മുൻപിൽ ഈ വിഷയം ചർച്ചയ്ക്ക് കൊണ്ടുവന്നതിൽ ബാങ്ക് എംപ്ലോയീസ് ഫെഡറേഷൻ ഓഫ് ഇന്ത്യ വഹിച്ച പങ്ക് വലുതാണ്. ഫെബ്രുവരി 19ന് സംസ്ഥാനത്തെ എല്ലാ ജില്ലാ കേന്ദ്രങ്ങളിലും ഇന്ത്യൻ ഓവർസീസ് ബാങ്ക് ശാഖ/ഓഫീസുകൾക്ക് മുൻപിൽ ബാങ്ക് എംപ്ലോയീസ് ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ ആഭിമുഖ്യത്തിൽ ധർണ്ണയും നടത്തി.

**എന്തുകൊണ്ട് ഇത്തരം വിഷയങ്ങൾ കെജിബിയിൽ സംഭവിക്കുന്നില്ല?**

ഇതിന്റെ ഉത്തരം മേൽ സൂചിപ്പിച്ച സംഭവ വികാസങ്ങളിൽ നിന്നു തന്നെ വ്യക്തമാണ്. കേരള ഗ്രാമീണ ബാങ്കിൽ, ബാങ്ക് എംപ്ലോയീസ് ഫെഡറേഷൻ ഓഫ് ഇന്ത്യയിൽ അഫ്‌ലിയേറ്റ് ചെയ്യപ്പെട്ട കേരള ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയനും (KGB EU), കേരള ഗ്രാമീണ ബാങ്ക് ഓഫീസേഴ്സ് യൂണിയനു (KGB OU) മാണ് ഭൂരിപക്ഷ സംഘടനകൾ. വർഗ്ഗബോധത്തിൽ അധിഷ്ഠിതമായി നിന്നുകൊണ്ട്, ജീവനക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് വേണ്ടി സന്ധിയില്ലാത്ത പോരാട്ടങ്ങൾ സംഘടിപ്പിച്ചുകൊണ്ടാണ് പ്രസ്തുത സംഘടനകൾ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്. അതിൽ യാതൊരു വിട്ടുവീഴ്ചയും വരുത്താൻ നാം ഒരുക്കമല്ല.

മാനേജ്മെന്റ് ജീവനക്കാർക്ക്, മേൽ ചുമത്തുന്ന അനാവശ്യമായ ജോലി സമ്മർദ്ദങ്ങൾക്കെതിരെ സമീപകാലത്ത് നാം നടത്തിയ സമരങ്ങൾ ബാങ്കിംഗ് ഇൻഡസ്ട്രിയിൽ തന്നെ അപൂർവമായി സംഭവിക്കുന്നതായിരുന്നു. ഇക്കാരണങ്ങൾ കൊണ്ടുതന്നെ ബഹുഭൂരിപക്ഷം ജീവനക്കാരുടേയും വിശ്വാസം ആർജിക്കാൻ കഴിഞ്ഞകാലങ്ങളിൽ ഉടനീളം നമുക്ക് സാധിച്ചിട്ടുണ്ട്. ആ വിശ്വാസത്തോട് നീതിപുലർത്തിക്കൊണ്ട് പ്രവർത്തിക്കുന്നതിനാലാണ് ഇത്തരം പ്രാകൃത സംഭവങ്ങൾ നമ്മുടെ ബാങ്കിൽ അരങ്ങേറാതെയിരിക്കുന്നത്.

മാനേജ്മെന്റ് സ്വീകരിക്കുന്ന എല്ലാ തൊഴിലാളി വിരുദ്ധ നിലപാടുകളോടും സന്ധി ചെയ്തുകൊണ്ട്, അവർ നൽകുന്ന ചില്ലറ അപ്പകഷണങ്ങൾ തിന്നു ജീവിക്കുന്ന ട്രേഡ് യൂണിയൻ സംസ്കാരം ബാങ്കിംഗ് ഇൻഡസ്ട്രിയിൽ പലയിടത്തും നമുക്ക് കാണാൻ കഴിയും. അതിന്റെ തിക്താനുഭവമാണ് IOB സംഭവവും. സമാനമായ തലത്തിൽ സംഘടനാ പ്രവർത്തനം നടത്തുന്ന സംഘടനകളും കെ ജി ബി ക്ക് അകത്തുണ്ടെന്ന് നമുക്കറിയാം. പ്രത്യയശാസ്ത്രപരമായി തന്നെ ജാതി മേൽക്കോയ്മയെ അംഗീകരിക്കുന്ന സംഘടനകൾക്ക് ഇത്തരം വിഷയങ്ങൾ വരുമ്പോൾ എന്ത് നിലപാട് സ്വീകരിക്കേണ്ടി വരും എന്നുള്ളതും ആകാംക്ഷയുളവാക്കുന്ന കാര്യമാണ്. കാരണം, ഇന്ത്യൻ ജാതി വ്യവസ്ഥയെ നിയന്ത്രിക്കുന്ന ആയുധം മനുസ്മൃതിയാണ്.

മനുസ്മൃതിയിലെ ഒരു വാചകം താഴെ കൊടുക്കുന്നു

'കൂലി കൊടുത്തിട്ടോ കൊടുക്കാതെയോ ശൂദ്രനെ കൊണ്ട് വേല ചെയ്യിക്കാൻ ജാതിയിൽ മേൽത്തട്ടിൽ ഉള്ളവർക്ക് അവകാശമുണ്ട്. (അദ്ധ്യായം 8. 413)' പുതിയ കാലത്തും ഇങ്ങനെയുള്ള ആശയങ്ങൾ പ്രചരിപ്പിക്കുന്ന വ്യക്തികളേയും സംഘടനകളേയും ഒറ്റപ്പെടുത്തുക എന്നതാണ് ഒരു പരിഷ്കൃത സമൂഹത്തിൽ ഏറ്റെടുക്കേണ്ട കടമയെന്ന് ഓർമ്മിക്കുക.

**അഭിവാദനങ്ങളോടെ**

**ബിഗേഷ് ഉണ്ണിയൻ**
ജനറൽ സെക്രട്ടറി
KGBEU, 98957 10203

**രാജേഷ് പി.**
ജനറൽ സെക്രട്ടറി
KGBOU, 98474 07673

karline29.deviantart

കോ-ഓർഡിനേഷൻ കമ്മിറ്റി
കേരള ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയൻ &
കേരള ഗ്രാമീണ ബാങ്ക് ഓഫീസേഴ്സ് യൂണിയൻ
(Affiliated to AIRRBEA & BEFI)
സെൻട്രൽ ഓഫീസ്: ദിലീപ് മുഖർജി ഭവൻ, റിംഗ് റോഡ്, അപ്ഹിൽ, മലപ്പുറം 676 505
Email: kgbeumpm@gmail.com, visit:www.kgbeuou.com

സർക്കുലർ നമ്പർ 4/2024

12.02.2024

# ഫെബ്രുവരി 21, 22, 23 രാപ്പകൽ സമരം

സഖാക്കളെ,

കേരള ഗ്രാമീണ ബാങ്ക് ഹെഡ് ഓഫീസ് മറ്റൊരു സമരത്തിന് സാക്ഷ്യംവഹിക്കാൻ പോവുകയാണ്. 2024 ഫെബ്രുവരി 21ന് രാവിലെ 9 മണി മുതൽ ഫെബ്രുവരി 23ന് വൈകീട്ട് വരെ ഗ്രാമീൺ ബാങ്ക് ഹെഡ് ഓഫീസിനുമുമ്പിൽ രാപ്പകൽ സമരം നടത്താനാണ് നാം തീരുമാനിച്ചിട്ടുള്ളത്. 2023 ഡിസംബർ രണ്ടിന് നടത്തിയ ഏകദിന പണിമുടക്കിന്റെ തുടർച്ചയാണ് ഈ സമരം.

<u>സമരത്തിന്റെ ഡിമാന്റുകൾ</u>

- താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുക
- 29 OATDജീവനക്കാർക്ക് അനുകൂലമായി വന്ന ഹൈക്കോടതിവിധി നടപ്പാക്കുക
- മിത്രാ മാൻപവർ കമ്മിറ്റി റിപ്പോർട്ട് പ്രകാരം മുഴുവൻ വേക്കൻസികളും നിർണയിച്ചു നിയമനം നടത്തുക
- പ്രമോഷൻ സമയബന്ധിതമായി നടത്തുക
- BC നിയമനം പിൻവലിക്കുക
- റിക്കവറി ഏജന്റുമാരെ പിൻവലിക്കുക
- അശാസ്ത്രീയമായി അക്കൗണ്ടബിലിറ്റി ചുമത്തുന്ന നടപടി അവസാനിപ്പിക്കുക
- പ്രഖ്യാപിച്ച മുഴുവൻ വേക്കൻസികളും നികത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക
- കൃത്യമായ ഇടവേളകളിൽ ജോയിന്റ് കോൺഫറൻസ് നടത്തുക

OATD എന്ന കേഡറിൽ വർഷങ്ങളായി സ്ഥിരനിയമനം നടക്കാതിരുന്നതിനാലാണ് ഒരു വലിയ വിഭാഗം തൊഴിലാളികൾ ദിവസക്കൂലിക്കാരായി നമ്മുടെ ബാങ്കിൽ ഉണ്ടായത്. നിരവധി തവണ ദിവസക്കൂലിക്കാരെ സ്ഥിരപ്പെടുത്തും എന്ന കരാർ ഉണ്ടാക്കിയെങ്കിലും അത് പാലിക്കാൻ മാനേജ്മെന്റ് തയ്യാറായില്ല. നമ്മുടെ കൂടെ ജോലി ചെയ്യുന്ന നിരാലംബരായ ഇവരോട് നീതി പുലർത്താൻ നമ്മൾ തൊഴിലാളികൾക്കു മാത്രമേ കഴിയു. 2022ൽ നമ്മുടെ ബാങ്കിലെ മുഴുവൻ സംഘടനകളും യോജിച്ചു നടത്തിയ പ്രക്ഷോഭത്തിലെ ഒരു പ്രധാന ആവശ്യവും ഇതായിരുന്നു. എന്നാൽ ചില സംഘടനകൾ പാതി വഴിയിൽ സമര രംഗത്തുനിന്നും ഒളിച്ചോടി.

13 വർഷമായി ഒരു കാഡറിന്റെ ആദ്യപടിയിൽ തന്നെ, കാഷ്വൽ ലീവ് അല്ലാതെ മറ്റൊരാനുകൂല്യവും ലഭിക്കാതെ ജോലി ചെയ്യുന്ന 29 ജീവനക്കാർ ഉണ്ട് എന്ന വിവരം ഏറ്റവും പുതിയ ജീവനക്കാർ അത്ഭുതത്തോട് കൂടിയായിരിക്കും അറിയുന്നത് . അവർക്ക് എല്ലാ ആനുകൂല്യങ്ങളും നൽകണം എന്ന ഹൈക്കോടതിവിധി വന്നിട്ടുപോലും അത് നടപ്പാക്കാൻ നമ്മുടെ മാനേജ്മെന്റ് തയ്യാറായില്ല. ഇതിനെതിരെയാണ് നമ്മുടെ സമരം.

ഒരു വലിയ recruitment ഇത്തവണ നടക്കുന്നു എന്ന പ്രതീതി സൃഷ്ടിക്കാൻ മാനേജ്മെന്റിന് കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന നിയമന പ്രക്രിയ കേരള ഗ്രാമീണ ബാങ്കിലെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഏറ്റവും വലിയ നിയമനമാണ് എന്നത് ശരി തന്നെ. എന്നാൽ അത് നമ്മുടെ ആവശ്യവുമായി താരതമ്യം ചെയ്യുമ്പോൾ തുലോം കുറവാണ്. മാത്രവുമല്ല ഗ്രാമീണ ബാങ്കുകളിൽ ആവശ്യമായ man power സംബന്ധിച്ച ഗവൺമെന്റ് അംഗീകരിച്ചു ഗസറ്റ് വിജ്ഞാപനം ചെയ്ത് നമ്മുടെ ബാങ്കിന്റെ ഡയറ

ക്ലർ ബോർഡ് പാസ്സാക്കിയ മിത്രാ കമ്മിറ്റി കണക്കുകൾ പ്രകാരം ബാങ്കിൽ രണ്ടായിരത്തിൽ അധികം ഒഴിവുകൾ നിലനിൽക്കുന്നു എന്നതും പുതിയ ജീവനക്കാർക്ക് ഒരു പുതിയ അറിവായിരിക്കും. (പുതിയ ജീവനക്കാരെ തെറ്റിദ്ധരിപ്പിക്കാൻ ബോധപൂർവമായ ശ്രമങ്ങൾ നടക്കുന്നതിനാലാണ് ഇത് ഇത്രയും വിശദമാക്കിയത്). എന്നാൽ ഇപ്പോൾ നടന്ന, മറ്റു പല ഗ്രാമീണ ബാങ്കുകളിലും വളരെ ചെറിയ ഒഴിവുകൾ ഉണ്ടായതുകൊണ്ട് വലിയ ഒഴിവാണ് എന്നു തോന്നിപ്പിച്ച, നിയമനവും ഈ സർക്കുലറിന്റെ ആദ്യം സൂചിപ്പിച്ചതുപോലെ നമ്മുടെ പ്രക്ഷോഭത്തിന്റെ ഉൽപ്പന്നമാണ് എന്നു രേഖപ്പെടുത്തുന്നതിൽ അതിയായ സന്തോഷമുണ്ട്. ഇതുമാത്രമല്ല തൊഴിലാളി ഇന്ന് അനുഭവിക്കുന്ന എല്ലാ നേട്ടങ്ങളുടെ പിന്നിലും പോരാട്ടത്തിന്റെ ഏടുകളാണ് ഉള്ളത് എന്നും നാം ഓർക്കേണ്ടതുണ്ട് .

ഈ വർഷത്തെ പ്രമോഷൻ നടന്നില്ലേ? പിന്നെ എന്തിനാണ് ഈ demand? ചിലരുടെ ചോദ്യമാണിത്. ഒറ്റ നോട്ടത്തിൽ ശരി എന്നു തോന്നും. ഗ്രാമീണ ബാങ്കിന്റെ promotion cum recruitment നിയമപ്രകാരം ഓരോ കൊല്ലത്തെയും മാർച്ച് 31 ന്റെ ബിസിനസ്സ് അനുസരിച്ച് branch categorisation നടത്തുകയും അതനുസരിച്ച് vacancy declare ചെയ്യുകയും വേണം. ഇത് ഏപ്രിൽ മാസം ചെയ്തു കഴിഞ്ഞാൽ മെയ് – ജൂൺ മാസത്തോടെ പ്രമോഷൻ നടപടികൾ പൂർത്തീകരിക്കാൻ കഴിയും. എന്നാൽ ഇക്കാര്യത്തിൽ തികഞ്ഞ അലംഭാവമാണ് മാനേജ്മെന്റ് കൈക്കൊള്ളുന്നത്. മാത്രവുമല്ല യഥാസമയം നടത്താത്ത പ്രമോഷൻ വലിയ സാമ്പത്തിക നഷ്ടം ജീവനക്കാർക്ക് വരുത്തുകയും ചിലർക്ക് പ്രമോഷൻ നിഷേധിക്കപ്പെടാൻ കാരണമാവുകയും ചെയ്യും. അവസാനത്തെ 10 മാസത്തെ ശരാശരി ശമ്പളമാണ് പെൻഷൻ കണക്കാക്കാൻ എടുക്കുന്നത് എന്നതിനാൽ ജീവിതകാലം മുഴുവൻ നഷ്ടം സഹിക്കേണ്ടിയും വരും.

BC നിയമനം പാടില്ല എന്നു നാം പറയുന്നത് ഇരിക്കുന്ന കൊമ്പ് മുറിക്കാതിരിക്കാൻ വേണ്ടിയാണ്.

കഴിഞ്ഞകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി അശാസ്ത്രീയമായി അക്കൗണ്ടബിലിറ്റി ചുമത്തുന്ന നടപടി വളരെ ഏറിയിരിക്കുകയാണ്. ബാങ്ക് പോലുള്ള ഒരു സാമ്പത്തിക സ്ഥാപനത്തിൽ ജീവനക്കാരുടെ ആത്മവിശ്വാസം ഉയർന്നു നിൽക്കുക എന്നത് ബാങ്കിന്റെ വളർച്ചയ്ക്ക് അത്യന്താപേക്ഷിതമാണ്. എന്നാൽ തൊട്ടതിനും പിടിച്ചതിനുമെല്ലാം അക്കൗണ്ടബിലിറ്റി ചുമത്തുന്ന രീതി ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയുന്നതല്ല. അബദ്ധവശാൽ സംഭവിക്കുന്ന ചില ന്യൂനതകൾ പരിഹരിക്കുകയും നൽകിയ വായ്പകൾ ഉൾപ്പെടെ ബാങ്കിന് ഒരു നഷ്ടവും വരാതെ ക്ലോസ് ചെയ്യുകയും ചെയ്ത സന്ദർഭത്തിൽ പോലും ജീവനക്കാർക്ക് മുകളിൽ അക്കൗണ്ടബിലിറ്റി ചുമത്തി അതൊരു വരുമാനമാർഗ്ഗം ആക്കാനാണ് നിലവിലുള്ള മാനേജ്മെൻറ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. എന്തുവിലകൊടുത്തും ഇത് ചെറുത്തു തോൽപ്പിച്ചേ മതിയാകൂ.

430 ക്ലറിക്കൽ vacancy പ്രഖ്യാപിച്ചെങ്കിലും മുന്നൂറിന് അൽപ്പം മുകളിൽ ജീവനക്കാർ മാത്രമേ join ചെയ്യൂ എന്നതാണ് സ്ഥിതി. പ്രഖ്യാപിച്ച മുഴുവൻ ഒഴിവുകളും നികത്തുന്ന നിലയിൽ additional list ആവശ്യപ്പെടുകയും അതനുസരിച്ചു vacancy fill ചെയ്യുകയും വേണം എന്നു നാം ആവശ്യപ്പെടുന്നു.

മൂന്നു മാസം കൂടുമ്പോൾ അംഗീകൃത സംഘടനയുമായി joint conference നടത്തുക എന്നത് മാനേജ്മെന്റിൽ അർപ്പിതമായ കടമയാണ്. മാനേജ്മെന്റിന്റെ തൊഴിലാളി വിരുദ്ധതയെ നാം ശക്തമായി എതിർക്കുന്നു എന്നതിനാൽ നമ്മളുമായി ജോയിന്റ് കോൺഫറൻസ് നടത്താതിരിക്കാനാണ് മാനേജ്മെന്റ് ശ്രമം. ഇത് എന്ത് വിലകൊടുത്തും അവസാനിപ്പിച്ചേ പറ്റൂ.

സഖാക്കളെ,

താരതമ്യേന പരിചയം കുറഞ്ഞ ജീവനക്കാരാണ് നമ്മുടെ ബാങ്കിൽ ഭൂരിപക്ഷവും. അവരെ തെറ്റിദ്ധരിപ്പിക്കാൻ ഇറങ്ങുന്നവരോട് ഒന്ന് മാത്രമേ പറയാനുള്ളൂ. അവർക്ക് പരിചയം മാത്രമേ കുറവുള്ളൂ. കാര്യകാരണ ഗ്രാഹ്യവും വിവേചന ബുദ്ധിയും ആവോളമുള്ള യുവതയുടെ പരിച്ഛേദമാണവർ.

**ചോര തുടിക്കും ചെറുകയ്യുകളേ പേറുക വന്നീ പന്തങ്ങൾ**

## അഭിവാദനങ്ങൾ

**ബിഗേഷ് ഉണ്ണിയൻ**
ജനറൽ സെക്രട്ടറി
KGBEU, 98957 10203

**രാജേഷ് പി.**
ജനറൽ സെക്രട്ടറി
KGBOU, 98474 07673

karline29.deviantart

കോ–ഓർഡിനേഷൻ കമ്മിറ്റി
**കേരള ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയൻ &**
**കേരള ഗ്രാമീണ ബാങ്ക് ഓഫീസേഴ്സ് യൂണിയൻ**
(Affiliated to AIRRBEA & BEFI)
**സെൻട്രൽ ഓഫീസ്: ദിലീപ് മുഖർജി ഭവൻ, റിംഗ് റോഡ്, അപ്ഹിൽ, മലപ്പുറം 676 505**
Email: kgbeumpm@gmail.com, visit:www.kgbeuou.com

സർക്കുലർ 5/2024 — 23.02.2024

## ആവേശഭരിതം രാപ്പകൽ സമരവും പണിമുടക്കവും...
## സമ്പൂർണ്ണ നിസ്സഹരണ സമരത്തിലേക്ക്..!



താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുക, 29 OATD മാർക്ക് മുഴുവൻ ആനുകൂല്യങ്ങൾ നൽകുക, മിത്ര മാൻപവർ കമ്മിറ്റി അനുസരിച്ചുള്ള മുഴുവൻ വേക്കൻസികളിലും നിയമനം നടത്തുക, അശാസ്ത്രീയമായ അക്കൗണ്ടബിലിറ്റി ചുമത്തുന്നത് പിൻവലിക്കുക തുടങ്ങി ഒമ്പത് ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കേരള ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയന്റെയും ഓഫീസേഴ്സ് യൂണിയന്റെയും നേതൃത്വത്തിൽ 60 മണിക്കൂർ നീണ്ടു നിന്ന രാപ്പകൽ സമരവും ഏകദിന പണിമുടക്കും നടത്തി.

രാപ്പകൽ സമരവും പണിമുടക്ക സമരവും മുഴുവൻ ജീവനക്കാരും വളരെ ആവേശത്തോടെയാണ് ഏറ്റെടുത്തിട്ടുള്ളത്. സമരത്തിന്റെ ഭാഗമായി അഞ്ഞൂറിൽപരം ശാഖകൾ അടഞ്ഞുകിടക്കുകയും റീജിയണൽ ഓഫീസുകൾക്ക് മുന്നിലും ഹെഡ് ഓഫീസിനു മുന്നിലും പ്രതിഷേധം സംഘടിപ്പിക്കുകയും ചെയ്തു .





ഫെബ്രുവരി 21 ന് രാവിലെ 10 മണിക്ക് കേരളത്തിലെ ഭൂരിപക്ഷ അധ്യാപക സംഘടനയായ KSTA യുടെ ആദ്യ വനിതാ ജനറൽ സെക്രട്ടറി സ: കെ. ബദറുന്നിസ 60 മണിക്കൂർ രാപ്പകൽ ധർണ്ണ ഔപചാരികമായി ഉദ്ഘാടനം ചെയ്തു. മൂന്ന് ദിവസങ്ങളിലായി നടന്ന ധർണ്ണയ്ക്കും ഒരു ദിവസത്തെ പണിമുടക്ക സമരത്തിനും പിന്തുണ അറിയിച്ച് ഓരോ ദിവസവും മലപ്പുറത്തെ CITU, DYFI, NGO യൂണിയൻ, KSTA, AIKS അടക്കമുള്ള വർഗ്ഗ ബഹുജന സംഘടനാ പ്രതിനിധികൾ പ്രകടനമായി വന്ന് അഭിവാദ്യങ്ങൾ അർപ്പിച്ചു. കർഷകസംഘം ജില്ലാ ട്രഷറർ സ: സുന്ദർരാജൻ, NGO യൂണിയൻ ജില്ലാ ട്രഷറർ സ: V vijith പൊതുപ്രവർത്തകൻ സ: കെ.പി. അനിൽ, BEFI മുൻ അഖിലേന്ത്യാ പ്രസിഡണ്ട് സ: സി.ജെ. നന്ദകുമാർ, അലിലേന്ത്യാ വൈസ് പ്രസിഡണ്ട് സ: സജി ഒ. വർഗ്ഗീസ്, അഖിലേന്ത്യാ ജോ. സെക്രട്ടറി സ: പി.എച്ച്. വിനിത, അഖിലേന്ത്യാ വനിതാ കൺവീനർ സ: കെ.കെ. രജിത മോൾ, AIRRBEA അഖിലേന്ത്യാ പ്രസിഡണ്ട് സ: സി. രാജീവൻ, NFRRRBS വൈസ് പ്രസിഡണ്ട് സ: എൻ. സുരേഷ്, BEFI കേരള ജനറൽ സെക്രട്ടറി സ: എൻ. സനിൽ ബാബു, പ്രസിഡണ്ട് സ: ഷാജു ആന്റണി, മുൻ പ്രസിഡണ്ട് സ: ടി. നരേന്ദ്രൻ, വൈസ് പ്രസിഡണ്ട് സ: കെ.ടി അനിൽകുമാർ, ജോയിന്റ് സെക്രട്ടറിമാരായ സ: ജെറിൻ കെ. ജോൺ, സ: എൻ.എൽ. പ്രേമലത, ട്രഷറർ സ:








എസ്. അനിൽ, KGBRF സംസ്ഥാന പ്രസിഡണ്ട് സ: സി. ഗോവിന്ദൻകുട്ടി എന്നിവർ വിവിധ ദിവസങ്ങളിൽ സമരപ്പന്തലിലെത്തി അഭിവാദ്യമർപ്പിച്ചു. പകൽ കൊളുത്തുന്ന സമരാവേശം രാത്രി സർഗാത്മക പ്രതിഭയാൽ കലാവിരുന്നൊരുക്കി സഖാക്കൾ സമരപ്പന്തൽ സജീവമാക്കി. കോഡൂർ ജനകീയ സാംസ്കാരിക സമിതിയുടെ സാന്നിധ്യം സദസ്സിന് നവോന്മേഷം പകർന്നു. രാപ്പകൽ ധർണ്ണയുടെ അന്തഃസത്ത ഉൾക്കൊണ്ട് വനിതകളുൾപ്പടെ സമര സഖാക്കൾ പന്തലിൽ രാപ്പകൽ വ്യത്യാസമില്ലാതെ തുടർന്നു.



ഫെബ്രുവരി 23 ന് ദേശീയ തലത്തിൽ AIRRBEA പ്രഖ്യാപിച്ച ഏകദിന പണിമുടക്ക് നമ്മുടെ ബാങ്കിലും വിജയകരമായി പര്യവസാനിച്ചു. വിവിധ RO കളുടെ മുമ്പിൽ ധർണ്ണയും പ്രതിഷേധ പ്രകടനവും നടന്നു. പണിമുടക്കിന് ആധാരമായ വിഷയങ്ങളിൽ അനുകൂലമായ നടപടികളില്ലെങ്കിൽ മാർച്ച് 27, 28 തീയതികളിൽ പണിമുടക്ക് നടത്താനും സംഘടന തീരുമാനിച്ചിട്ടുണ്ട്.



സഖാക്കളെ,

മാസങ്ങൾക്കു മുൻപേ നോട്ടീസ് മുഖേന അറിയിച്ച നമ്മുടെ ആവശ്യങ്ങളോട് തീർത്തും നിരുത്തരവാദപരമായ നിസംഗതയും ഉദാസീനതയുമാണ് മാനേജ്മെന്റ് പുലർത്തുന്നത്. അതിന് മാറ്റമുണ്ടാക്കാൻ ശക്തമായ പ്രക്ഷോഭ സമരങ്ങൾകൊണ്ട് മാത്രമേ സാധ്യമാവൂ.




തുടർ സമരത്തിന്റെ ഭാഗമായിഅടുത്ത സമരമുറയിലേക്ക് കടക്കാൻ നാം തീരുമാനിച്ചിരിക്കുകയാണ്. മാനേജ്മെന്റ് തൊഴിലാളി വിരുദ്ധ നയങ്ങൾക്കെതിരെ ശക്തമായ പ്രക്ഷോഭപരിപാടികളിലേക്കാണ് നാം കടക്കുന്നത്. മാർച്ച് 31 വരെയുള്ള സമ്പൂർണ്ണ നിസ്സഹരണമാണ് സംഘടന തീരുമാനിച്ചിട്ടുള്ളത്. വരും ദിവസങ്ങളിൽ



ഒഫീഷ്യൽ ആയുള്ള മുഴുവൻ വാട്സ്ആപ്പ് ഗ്രൂപ്പുകളിൽ നിന്നും exit ആകുകയും ഓൺലൈൻ മീറ്റിങ്ങുകൾ ബഹിഷ്ക്കരിക്കുകയും ബാങ്ക് നടത്തുന്ന മുഴുവൻ അദാലത്തുകളും ബഹിഷ്ക്കരിക്കുകയും ചെയ്യുക എന്നുള്ളതാണ് തീരുമാനം.



**സംഘടന കൈക്കൊണ്ട തീരുമാനങ്ങളെല്ലാം പ്രാവർത്തികമാക്കാൻ മുഴുവൻ അംഗങ്ങളും ഉണർന്ന് പ്രവർത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.**

**അഭിവാദനങ്ങൾ**

**ബിഗേഷ് ഉണ്ണിയൻ**
ജനറൽ സെക്രട്ടറി
KGBEU, 98957 10203

**രാജേഷ് പി.**
ജനറൽ സെക്രട്ടറി
KGBOU, 98474 07673

കോ–ഓർഡിനേഷൻ കമ്മിറ്റി

**കേരള ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയൻ &**
**കേരള ഗ്രാമീണ ബാങ്ക് ഓഫീസേഴ്സ് യൂണിയൻ**

(Affiliated to AIRRBEA & BEFI)

സെൻട്രൽ ഓഫീസ്: ദിലീപ് മുഖർജി ഭവൻ, റിംഗ് റോഡ്, അപ്ഹിൽ, മലപ്പുറം 676 505
Email: kgbeumpm@gmail.com, visit:www.kgbeuou.com

സർക്കുലർ നമ്പർ 6/2024

14.03.2024

# അസത്യം ലോകം ചുറ്റുമ്പോൾ തെളിവ് സംസാരിക്കട്ടെ..!

F.No. 8/3/2010-RRB
Government of India
Ministry of Finance
Department of Financial Services

Jeevan Deep Building, Sansad Marg,
New Delhi dated the 24 July, 2010.

To,
The Chairmen of all Regional Rural Banks
(except Kshetriya Kisan Gramin Bank, Mainpuri)

Sub: Revision of Pay and Allowances of Regional Rural Banks' employees under Proviso 2 of Section 17(1) of the Regional Rural Banks Act, 1976.

Sir,

In exercise of the powers conferred under second proviso of Section 17(2) of the Regional Rural banks Act, 1976 and in accordance with the directions of the Supreme Court in the judgment dated 31.1.2001 in Civil Appeal No. 2218 of 1999 in the matter of South Malabar Gramin Bank Vs Co-ordination Committee **South Malabar Gramin Bank Employees union** and others, Central Government, consequent upon the revision of the wages/pay structure of the workmen/officers employees of the nationalized commercial banks in terms of the 9th Bipartite Settlement, determines the pay scales of employees/officers of RRBs as follows:-

1. Pay Scales and Dearness Allowances:- Pay scales and Dearness Allowances of RRB employees as on 1.11.2007 would be equal to the corresponding categories of employees of the nationalized commercial banks. Pay for the purpose of DA, HRA and superannuation benefits shall mean basic pay, stagnation increments, special pay, graduation pay, professional qualification pay and officiating pay, if any.

2. House Rent Allowance(HRA) and City Compensatory Allowance(CCA): HRA and CCA would be payable at the same rate as applicable to the corresponding categories of employees in the nationalized commercial banks w.e.f 1.11.2007.

3. The sponsor bank shall negotiate the 'other allowances' with RRBs sponsored by them.

4. The payment of revised salary and the arrears thereof may be made accordingly.

5. The RRBs may issue a comprehensive order indicating the revised pay scale in respect of each category of employees after seeking the approval of their Board of Directors.

6. A copy of the Orders issued in this regard may be endorsed to this Department as well as to NABARD for information and record.

Yours faithfully,

(Suresh C. Arya)
Senior Research Officer

RRB ജീവനക്കാർക്ക് വേതനതുല്യത നേടിത്തന്നു എന്ന് അവകാശ വാദമുന്നയിച്ച് ചില സംഘടനകളുടെ മെസ്സേജുകൾ കാണാനിടയായി. BPS ഒപ്പിടുമ്പോൾ RRB ജീവനക്കാർക്ക് അത് implement ചെയ്തുകൊണ്ട് DFS തന്നെ പുറത്തിറക്കാറുള്ള ഓർഡർ തെളിവായി ഇവിടെ reproduce ചെയ്യുന്നു. **അതിൽ കാണുന്ന SMGB Employees Union ഇന്നത്തെ KGB എംപ്ലോയീസ് യൂണിയന്റെയും ഓഫീസേഴ്സ് യൂണിയന്റെയും (BEFI/AIRRBEA) അമാൽഗമേഷന് മുമ്പത്തെ സംഘടനയാണ്.** സ്വാതന്ത്ര്യ സമരത്തിലെന്ന പോലെ RRB കളിലെ അവകാശ സമരത്തിലും ഒന്നും ചെയ്തിട്ടില്ലാത്തവർ അവകാശവാദം ഉന്നയിക്കുമ്പോൾ, തെളിവ് സംസാരിക്കട്ടെ വേതനതുല്യത നമുക്ക് നേടിത്തന്നത് ആരാണെന്ന്..!

അഭിവാദനങ്ങൾ

**ബിഗേഷ് ഉണ്ണിയൻ**
ജനറൽ സെക്രട്ടറി
KGBEU, 98957 10203

**രാജേഷ് പി.**
**ജനറൽ സെക്രട്ടറി**
KGBOU, 98474 07673

കോ–ഓർഡിനേഷൻ കമ്മിറ്റി
**കേരള ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയൻ &**
**കേരള ഗ്രാമീണ ബാങ്ക് ഓഫീസേഴ്സ് യൂണിയൻ**
(Affiliated to AIRRBEA & BEFI)
സെൻട്രൽ ഓഫീസ്: ദിലീപ് മുഖർജി ഭവൻ, റിംഗ് റോഡ്, അപ്ഹിൽ, മലപ്പുറം 676 505
Email: kgbeumpm@gmail.com, visit:www.kgbeuou.com

സർക്കുലർ നമ്പർ 7/2024

20.03.2024

## "ഉച്ചരിക്കപ്പെടുന്ന ഒരു മുദ്രാവാക്യവും പാഴാകുന്നില്ല അന്തരീക്ഷത്തിലേക്കുയരുന്ന ഒരു മുഷ്ടിയും വൃഥാവിലാകുന്നുമില്ല"

## 29 OATD മാർക്ക് നീതി ലഭിച്ചു

ദീർഘകാലമായി സംഘടന ഉന്നയിച്ചു വരുന്ന ഏറ്റവും പ്രധാനപ്പെട്ട ആവശ്യങ്ങളിൽ ഒന്നായിരുന്നു 29 OATD മാർക്ക് മുഴുവൻ ആനുകൂല്യങ്ങളും മുൻകാല പ്രാബല്യത്തിൽ നൽകി അവരുടെ നിയമനം ശരിവെക്കണം എന്നത്. കേരള ഗ്രാമീൺ ബാങ്ക് രൂപീകരിച്ചതിനുശേഷം നമ്മുടെ സംഘടനയുടെ ആഭിമുഖ്യത്തിൽ 2015 ൽ നടന്ന ഹെഡ് ഓഫീസ് ധർണ്ണയിൽ ഉയർത്തിയ മൂന്ന് ആവശ്യങ്ങളിൽ ഒന്നും ഇതായിരുന്നു. തുടർന്ന് രാപ്പകൽ സമരവും അനിശ്ചിതകാല നിരാഹാര സമരവും ഉൾപ്പെടെ സംഘടന നടത്തി. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പ്രക്ഷോഭത്തിലും നമ്മുടെ സുപ്രധാന ഡിമാൻഡ് ആണിത്. സമരത്തിൽ ഈ വിഷയം ഉയർത്തുന്നതോടൊപ്പം ബാങ്ക് ഡയറക്ടർ ബോർഡ് അംഗങ്ങളെയും നിരവധി തവണ സന്ദർശിക്കുകയും ചർച്ച നടത്തുകയും ചെയ്തു. അതിന്റെ ഫോളോ അപ്പ് ചെയ്തു വരികയുമായിരുന്നു.

**<u>കേസിന്റെ നാൾവഴികൾ:</u>**

ദീർഘനാളത്തെ പ്രക്ഷോഭത്തിന് ശേഷം 2006 ലാണ് നോർത്ത് മലബാർ ഗ്രാമീൺ ബാങ്കിൽ അന്നത്തെ നിരവധി താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയത്. തുടർന്ന് ഒന്നും രണ്ടും വർഷം കൂടുമ്പോൾ കുറച്ചുപേരെ സ്ഥിരപ്പെടുത്തുകയും കുറച്ചു പേരെ റിക്രൂട്ട്മെന്റ് പോളിസി പ്രകാരം നിയമിക്കുകയും ചെയ്യുന്ന സ്ഥിതിയും ഉണ്ടായിരുന്നു. 2011 ലും ഇത്തരത്തിൽ ദിവസക്കൂലിക്കാരെ സ്ഥിരപ്പെടുത്താനുള്ള തീരുമാനമുണ്ടായി. എന്നാൽ റിക്രൂട്ട്മെന്റ് പോളിസി പ്രകാരം eligible ആയ ആളുകളെ മാത്രമേ അതിന്റെ പ്രോസസ്സിൽ പങ്കെടുപ്പിക്കുകയുള്ളൂ എന്ന നിലപാടായിരുന്നു മാനേജ്മെന്റ് സ്വീകരിച്ചത്. സംഘടന ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും മാനേജ്മെന്റ് അവരുടെ തീരുമാനത്തിൽനിന്ന് പിന്മാറാൻ തയ്യാറായില്ല. സംഘടന ഈ പശ്ചാത്തലത്തിൽ മാനേജ്മെന്റ് മാറ്റിനിർത്താൻ തീരുമാനിച്ച താൽക്കാലിക ജീവനക്കാരെക്കൊണ്ട് റിക്രൂട്ട്മെന്റ് പ്രോസസ്സിൽ തങ്ങളെക്കൂടി പങ്കെടുപ്പിക്കണം എന്നാവശ്യപ്പെട്ട് മാനേജ്മെന്റിന് കത്ത് നൽകിച്ചു. എന്നാൽ അത് മാനേജ്മെന്റ് പരിഗണിച്ചില്ല. തുടർന്ന് തങ്ങളെക്കൂടി റിക്രൂട്ട്മെന്റ് പ്രോസസ്സിൽ പങ്കെടുപ്പിക്കാൻ നിർദ്ദേശിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നൽകിയ ഹരജിയുടെ അടിസ്ഥാനത്തിൽ അവരെ റിക്രൂട്ട്മെന്റ് പ്രോസസ്സിൽ പങ്കെടുപ്പിക്കാൻ കോടതി നിർദ്ദേശിക്കുകയായിരുന്നു. എന്നാൽ പ്രോസസ്സിനു ശേഷം ഇറക്കുന്ന റാങ്ക് ലിസ്റ്റിൽ ഇവർ ആരെങ്കിലും ഉൾപ്പെടുകയാണെങ്കിൽ ആ വിവരം കോടതിയെ സീൽ ചെയ്ത കവറിലൂടെ അറിയിക്കണം എന്നും പുറത്തേക്ക് പ്രസിദ്ധീകരിക്കാൻ പാടില്ല എന്ന നിർദ്ദേശവുമാണ് ഹൈക്കോടതി നൽകിയത്. റിക്രൂട്ട്മെന്റ് പ്രോസസ്സ് പൂർത്തിയാവുകയും ലിസ്റ്റിൽ ഉൾപ്പെട്ട 29 പേരുടെ വിവരം കോടതിയിൽ സീൽ ചെയ്ത കവറിൽ സമർപ്പിക്കുകയും ചെയ്തു. റിക്രൂട്ട്മെന്റ് പോളിസി പ്രകാരം ബാക്കിയുള്ള ഉദ്യോഗാർത്ഥികളെ OATD തസ്തികയിൽ നിയമിച്ചു. ആ സാഹചര്യത്തിൽ 29 പേരും വീണ്ടും കോടതിയെ സമീപിക്കുകയും ബാങ്ക് മാനേജ്മെന്റ് സീൽ ചെയ്തു നൽകിയ ലിസ്റ്റ് തുറക്കാനും തെരഞ്ഞെടുക്കപ്പെട്ടവരെ നിയമിക്കാനും ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ കോടതി മുമ്പാകെ സമർപ്പിക്കുകയും ചെയ്തു. ബഹുമാനപ്പെട്ട ഹൈക്കോടതി ഇവരുടെ അപേക്ഷ പരിഗണിച്ചെങ്കിലും അങ്ങനെ തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗാർത്ഥികളെ പ്രൊവിഷണൽ ആയി നിയമിക്കാനും അവരുടെ നിയമനം കോടതിയുടെ അന്തിമ വിധിക്ക് വിധേയമായിരിക്കുമെന്ന് ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

2013 ൽ കേരള ഗ്രാമീൺ ബാങ്ക് രൂപീകരിക്കപ്പെട്ടതോടെ ഈ വിഷയം സങ്കീർണ്ണമായി. സംഘടനയുടെ നേതൃത്വത്തിൽ മാനേജ്മെന്റിന് മുമ്പാകെ ഈ വിഷയം പലതവണ അവതരിപ്പിക്കുകയും തീരുമാനമുണ്ടാകാത്തതിനെത്തുടർന്ന് പ്രക്ഷോഭം നടത്തുകയും ചെയ്തു. അതിന്റെ ഭാഗമായി ഒരു ഘട്ടത്തിൽ ഈ

karline29.deviantart

വിഷയം മീഡിയേഷന് വിടാൻ മാനേജ്മെന്റ് തയ്യാറായി. ഹൈക്കോടതിയുടെ മീഡിയേഷൻ ഹാളിൽ അഞ്ചു തവണ ഈ വിഷയം ചർച്ച ചെയ്തെങ്കിലും ഉത്തരവാദപ്പെട്ട ഒരു ഉദ്യോഗസ്ഥനെയും പറഞ്ഞയക്കാതെ കേവലം മാനേജ്മെന്റ് പ്രാതിനിധ്യം മാത്രം കാണിച്ചുകൊണ്ട് മീഡിയേഷനെയും കോടതിയെയും മാനേജ്മെന്റ് പരിഹസിക്കുകയാണ് ഉണ്ടായത്. ഒടുവിൽ മീഡിയേഷൻ പരാജയപ്പെട്ടു എന്ന് രേഖപ്പെടുത്തിക്കൊണ്ട് ബന്ധപ്പെട്ട അഡ്വക്കറ്റ് ഈ വിഷയം അവസാനിപ്പിച്ചു. സംഘടന എല്ലാ ഘട്ടത്തിലും ഈ വിഭാഗത്തിലെ ജീവനക്കാർക്ക് പൂർണ്ണ പിന്തുണ നൽകുകയും ഭാരവാഹികൾ കേസ് നടത്തുന്നതിന് കോടതിയിൽ എത്തുകയും ചെയ്തിരുന്നു.

ഇതിനിടയിൽ, പ്രശ്നപരിഹാരം എന്ന നിലയിൽ, 29 OATD ജീവനക്കാരും മാനേജ്മെന്റിന് ഒരു അഫിഡവിറ്റ് നൽകിയാൽ (കോടതി വിധി തങ്ങൾക്ക് എതിരായാൽ തിരിച്ചു തരാം എന്ന വ്യവസ്ഥയിൽ) എല്ലാ ആനുകൂല്യങ്ങളും നൽകണം എന്ന നിർദ്ദേശം നാം മുന്നോട്ടു വെച്ചു (ഒരുതരത്തിലും കോടതിയിൽ നിന്നും എതിരായ വിധി ഉണ്ടാവില്ല എന്ന ആത്മവിശ്വാസം സംഘടനക്കുണ്ടായിരുന്നു). മാനേജ്മെന്റ് ഇത് അംഗീകരിച്ചു. എന്നാൽ 29 ൽ 28 പേർ മാത്രമേ ഈ അഫിഡവിറ്റ് നൽകിയുള്ളൂ. മുഴുവൻ പേരും നൽകിയില്ല എന്ന കാരണത്താൽ ആ തീരുമാനവും മാനേജ്മന്റ് നടപ്പാക്കിയില്ല.

**2017 വരെ അവരോടൊപ്പം നിന്ന് അവർക്കാവശ്യമായ സഹായങ്ങളാണ് നൽകി വന്നിരുന്നത് എങ്കിൽ 2017 മുതൽ ഇതുമായി ബന്ധപ്പെട്ട കേസ് പൂർണ്ണമായും സംഘടന ഏറ്റെടുക്കാനും ചെലവ് പൂർണ്ണമായും വഹിക്കാനും തീരുമാനിച്ചു. തുടർന്ന് ഹൈക്കോടതിയിൽ നിന്നും 2022 ഡിസംബർ മാസം 22ന് അനുകൂലമായ വിധി വന്നുവെങ്കിലും അപ്പീൽ പോകുകയാണ് മാനേജ്മന്റ് ചെയ്തത്. ജീവനക്കാർ സ്വയം നൽകുന്ന അഫിഡവിറ്റിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യം നൽകാമെന്ന് പറഞ്ഞവരാണ് കോടതി വിധി വന്നപ്പോൾ അതിനെതിരെ അപ്പീൽ പോയത്. 2024 ജനുവരി 8ന് ഡിവിഷൻ ബെഞ്ച് പുറപ്പെടുവിച്ച വിധിയും 29 OATD മാർക്ക് അനുകൂലമായിരുന്നു.**

ഡിവിഷൻ ബെഞ്ചിൽ കേസ് നടക്കുന്ന ഘട്ടത്തിൽ, മാനേജ്മെന്റ് സുപ്രീം കോടതിയെ സമീപിക്കുകയാണ് എങ്കിൽ, സംഘടനതന്നെ കേസിലെ ഒരു കക്ഷി ആകുന്നത് നന്നായിരിക്കുമെന്ന് കരുതുകയും ഈ കേസിന്റെ അനുകൂലമായ പരിസമാപ്തിക്കുതകുന്ന ചില വിധികൾ AIRRBEA യുടെ നേതൃത്വത്തിൽ സുപ്രീം കോടതിയിൽ നിന്നുൾപ്പെടെ ഉണ്ടായത് ഹൈക്കോടതിയെ ആവശ്യം വന്നാൽ അറിയിക്കുന്നതിന് വേണ്ടിയും ഒരു പെറ്റീഷൻ ഫയൽ ചെയ്യുകയും ചെയ്തു. ഈ കേസിൽ കക്ഷി ആകേണ്ട കാര്യമില്ല എന്നും വാദങ്ങൾ കോടതി മുമ്പാകെ അവതരിപ്പിക്കാം എന്നുമാണ് നിരീക്ഷിച്ചത്.

ഈ വിഷയത്തിൽ ഇന്നലെ ചേർന്ന ഡയറക്ടർ ബോർഡ് യോഗത്തിൽ നമ്മുടെ ആവശ്യത്തിന് അനുകൂലമായ തീരുമാനം ഉണ്ടാകുകയും 11.01.2012 മുതൽ മുൻകാല പ്രാബല്യത്തോടെ 29 OATD ജീവനക്കാർക്കും മുഴുവൻ ആനുകൂല്യങ്ങളും നൽകാൻ മാനേജ്മെന്റ് തീരുമാനമെടുക്കുകയും ചെയ്തു. ഈ വിഭാഗത്തിൽപ്പെട്ട ഒരു ജീവനക്കാരൻ അകാലത്തിൽ വിട പറഞ്ഞു എന്നത് വളരെ ദുഃഖത്തോടെ സ്മരിക്കുകയാണ്. അവരുടെ കുടുംബത്തെയും ചേർത്തു നിർത്താൻ നാം മാനേജ്മെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**ഒരു വലിയ നീതികേടിന് ഇരയായ ഒരുകൂട്ടം ജീവനക്കാർക്ക് ഒടുവിൽ നീതി ലഭിച്ചിരിക്കുന്നു. അല്ല, പൊരുതി നേടിയിരിക്കുന്നു. ഒരു വ്യാഴവട്ടക്കാലം തീ തിന്ന് ജീവിച്ച ഒരുപറ്റം മനുഷ്യർ ഇന്ന് അവരുടെ ഭാരമെല്ലാം ഇറക്കി വെക്കുമ്പോഴും അവർക്ക് നേടിയെടുക്കാൻ അവകാശങ്ങൾ നിരവധിയാണ്. അർഹതപ്പെട്ട പ്രമോഷൻ അവർക്ക് കഴിഞ്ഞ രണ്ട് വർഷങ്ങളായി ലഭിച്ചിട്ടില്ല. ഒറ്റപ്പെട്ട ചില പച്ചത്തുരുത്തുകൾ ഉണ്ടെങ്കിലും അവരുടെ മാനസിക വ്യഥയ്ക്കും സാമ്പത്തിക ചെലവിനും മറുപടി പറയാനും മാനേജ്മെന്റ് ബാധ്യസ്ഥമാണ്. സംഘടനയിൽ വിശ്വാസമർപ്പിച്ച് സംഘടനാഭേദമന്യേ നമ്മോടൊപ്പം നിലകൊണ്ട 29 OATD വിഭാഗത്തിൽപ്പെട്ട മുഴുവൻ ജീവനക്കാരെയും ഈ അഭിമാന മുഹൂർത്തത്തിൽ അഭിവാദ്യം ചെയ്യുന്നു. വരും നാളുകളിലും ജീവനക്കാരുടെ ആവശ്യങ്ങൾ ഉയർത്തി ശക്തമായ സംഘടനാ പ്രവർത്തനം നടത്താൻ നമ്മുടെ സംഘടന പ്രതിജ്ഞാബദ്ധമാണ്.**

**അഭിവാദനങ്ങൾ**

**ബിഗേഷ് ഉണ്ണിയൻ**
ജനറൽ സെക്രട്ടറി
KGBEU, 98957 10203

**രാജേഷ് പി.**
ജനറൽ സെക്രട്ടറി
KGBOU, 98474 07673

karline29.deviantart

കോ–ഓർഡിനേഷൻ കമ്മിറ്റി
കേരള ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയൻ &
കേരള ഗ്രാമീണ ബാങ്ക് ഓഫീസേഴ്സ് യൂണിയൻ
(Affiliated to AIRRBEA & BEFI)
സെൻട്രൽ ഓഫീസ്: ദിലീപ് മുഖർജി ഭവൻ, റിംഗ് റോഡ്, അപ്ഹിൽ, മലപ്പുറം 676 505
Email: kgbeumpm@gmail.com, visit:www.kgbeuou.com

സർക്കുലർ നമ്പർ 8/2024

12.04.2024

# തെരഞ്ഞെടുപ്പും നമ്മളും

**പണിയെടുത്ത് ജീവിക്കുന്ന നമ്മൾ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഈ തെരഞ്ഞെടുപ്പ് ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ്.** തൊഴിലാളിയുടെ, സ്ഥാപനത്തിന്റെ, രാജ്യത്തിന്റെ എല്ലാം ഭാവി തെരഞ്ഞെടുപ്പിന്റെ ഫലത്തെ ആശ്രയിച്ചാണ് ഇരിക്കുന്നത്. അതായത് നമ്മുടെ ഭാവി തീരുമാനിക്കുന്നത് നാം തന്നെയാണ്.

ബാങ്കിംഗ് രംഗ സ്വകാര്യവൽക്കരണത്തിന് ഊന്നൽ കൊടുക്കുന്ന നരസിംഹം കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കാൻ തൊണ്ണൂറുകളുടെ തുടക്കത്തിൽതന്നെ ഗവൺമെന്റ് ആലോചിച്ചിരുന്നു. എന്നാൽ ജീവനക്കാരുടെ ശക്തമായ പ്രതിഷേധവും ചെറുത്തുനിൽപ്പും കാരണം സ്വകാര്യവൽക്കരണ നടപടികളുമായി മുന്നോട്ടു പോകാൻ അവർക്ക് കഴിഞ്ഞില്ല. പക്ഷേ NDA ഭരണം ബാങ്കുകളുടെ ലയനവും സംയോജനവും നടപ്പാക്കി, പൊതുമേഖലാ ബാങ്കുകളുടെ എണ്ണം 12 ആക്കി കുറച്ചു. IDBI എന്ന പൊതുമേഖലാ ബാങ്കിനെ സ്വകാര്യ മേഖലയിലേക്ക് മാറ്റുകയും ചെയ്തു. ഗ്രാമീണ ബാങ്ക് സ്വകാര്യവൽക്കരണ നിയമവും പാസാക്കി. പല സ്വകാര്യ ബാങ്കുകളെയും വിദേശവൽക്കരിച്ചു കഴിഞ്ഞു. **സ്ഥാപനത്തിന്റെയും ജീവനക്കാരുടെയും താൽപര്യങ്ങൾ സംരക്ഷിക്കുന്നതിന് സ്വകാര്യവൽക്കരണത്തിനെതിരായ നിലപാടുകൾ സ്വീകരിക്കുന്ന ഒരു ഗവൺമെന്റ് ഡൽഹിയിൽ അധികാരത്തിൽ വന്നേപറ്റൂ.**

**ബാങ്കുകളിൽ നടപ്പാക്കുന്ന നിയമനനിരോധനം അതിരൂക്ഷമായ work load ആണ് ജീവനക്കാർക്കു മേൽ അടിച്ചേൽപ്പിക്കുന്നത്.** ആത്മഹത്യകൾ, പ്രത്യേകിച്ച് ഓഫീസർ കേഡറിൽ ഒരു തുടർക്കഥയാവുകയാണ്. അഭ്യസ്തവിദ്യരായ യുവജനങ്ങളുടെ ഇടയിൽ ഉള്ള തൊഴിലില്ലായ്മ ഏറ്റവും വലിയ നിരക്കിലേക്ക് ഉയർന്നു എന്ന് International Labour Organisation പുറത്തു വിട്ട റിപ്പോർട്ടിൽ കാണുന്നു. (India Employment Report 2024/ 26.03.2024). യുവജനങ്ങൾക്ക് ലഭിക്കുന്ന തൊഴിൽ തന്നെ മാന്യമായ വേതനത്തോടെയല്ലാതെ, casualised labour ആക്കുന്നതിന്റെ ഭാഗമായി അവരെ Modern Slavery യിലേക്ക് നയിക്കുന്നു എന്നും ILO മറ്റൊരു റിപ്പോർട്ടിൽ (Global Estimates of Modern Slavery/ 12.09.2022)ചൂണ്ടിക്കാട്ടുന്നു. നവലിബറൽ നയങ്ങളുടെ ഫലമാണ് ഈ ദുരിതങ്ങളെല്ലാം. അതുകൊണ്ട് തന്നെ ഈ നയങ്ങൾക്കെതിരെ പോരാടുന്നവർക്കായിരിക്കണം നമ്മുടെ വോട്ട്.

നമ്മൾ തൊഴിലാളികൾക്ക് ചില സംരക്ഷണങ്ങൾ നൽകിയവയായിരുന്നു ഇന്ത്യയിലെ തൊഴിൽ നിയമങ്ങൾ. സംഘടിക്കാനും കൂട്ടായി വിലപേശാനും ആവശ്യമെങ്കിൽ പ്രക്ഷോഭം നടത്താനും തൊഴിൽ നിയമങ്ങൾമൂലം കഴിയുമായിരുന്നു. എന്നാൽ തൊഴിൽ നിയമങ്ങളെ ലേബർ കോഡുകൾ ആക്കി മാറ്റിയപ്പോൾ അവയെല്ലാം മുതലാളിക്ക് അനുകൂലമായി മാറുകയായിരുന്നു. **ലേബർ കോഡുകളുടെ ചട്ടങ്ങൾ കൂടി ഇറങ്ങിക്കഴിഞ്ഞാൽ ഒരു സമരം പോലും ചെയ്യാൻ കഴിയാത്ത നിലയിലേക്ക് തൊഴിലാളികൾ മാറ്റപ്പെടും.** ഇന്ത്യയിലെ മുഴുവൻ തൊഴിലാളി സംഘടനകളും തൊഴിൽ നിയമ ഭേദഗതിക്കെതിരായ സമരങ്ങളിൽ പങ്കെടുത്തവരാണ്. തൊഴിൽ നിയമ ഭേദഗതി പാർലമെന്റിൽ അവതരിപ്പിക്കപ്പെട്ടപ്പോൾ ഭരണമുന്നണി മാത്രമല്ല പ്രതിപക്ഷത്തെ ഏറ്റവും വലിയ പാർട്ടിയായ കോൺഗ്രസും അതിന് അനുകൂലമായാണ് വോട്ട് ചെയ്തത് എന്നതാണ് തൊഴിലാളികൾ ഏറെ ശ്രദ്ധയോടെ വിലയിരുത്തേണ്ടത്. തൊഴിലാളികളെ അടിമകളാക്കുന്ന തൊഴിൽ നിയമ ഭേദഗതിക്കെതിരായി പാർലമെന്റിനകത്തും പുറത്തും ശബ്ദിച്ചവർക്ക് അനുകൂലം ആയിരിക്കണം നമ്മുടെ വോട്ട്.

NPS പിൻവലിച്ചുകൊണ്ട് പഴയ പെൻഷൻ പദ്ധതി പുനഃസ്ഥാപിക്കണം എന്നത് നമ്മളുടെ എല്ലാവരുടെയും ഡിമാൻഡ് ആണ്. നമ്മുടെ ബാങ്കിലെ ഒരു സംഘടന ഒഴികെ മറ്റെല്ലാ സംഘടനകളും ഇക്കാര്യത്തിനായി ബഹുമാനപ്പെട്ട കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുമുണ്ട്. ഭരണപക്ഷത്തിരിക്കുന്നവർ NPS പിൻവലിക്കില്ല എന്ന നിലപാട് പാർലമെന്റിൽ പ്രഖ്യാപിച്ചത് നാമെല്ലാവരും കണ്ടതാണ്. പ്രകടനപത്രിക പുറത്തിറക്കിയ മുഖ്യ പ്രതിപക്ഷ കക്ഷിയായ കോൺഗ്രസ് ആകട്ടെ പഴയ പെൻഷൻ സ്കീം പുനഃസ്ഥാപിക്കും എന്ന് പറയുന്നുമില്ല. NPS പിൻവലിച്ച് പഴയ പെൻഷൻ പദ്ധതി പുനഃസ്ഥാപിക്കുന്നതിനായി നിയമ യുദ്ധം നടത്തുന്നവരാണ് നാം. **അതുകൊണ്ട് NPS പിൻവലിക്കും എന്ന് പ്രഖ്യാപിച്ചവർക്കായിരിക്കണം നമ്മുടെ വോട്ട്.**

ഇന്ത്യ ലോകത്തിലെ അഞ്ചാമത്തെ സാമ്പത്തിക ശക്തിയായി വളർന്നു എന്ന് ഭരണാധികാരികൾ ഊറ്റം കൊള്ളുകയാണ്. ഇന്ത്യ വൻ ശക്തി ആകുന്നതിൽ നാമെല്ലാം ഏറെ അഭിമാനിക്കുന്നു. GDPയുടെ കണ

karline29.deviantart

ക്കിലാണ് ഇന്ത്യ അഞ്ചാം സ്ഥാനത്തേക്ക് എത്തിയിട്ടുള്ളത്. എന്നാൽ പ്രതിശീർഷ GDP യുടെ സ്ഥിതി എന്താണ്? 195 രാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യയുടെ സ്ഥാനം 143 ആണ്. **Global Hunger Index ൽ 125 രാജ്യങ്ങളുടെ പട്ടികയിൽ 111 എന്ന ദയനീയമായ അവസ്ഥയിലാണ് നമ്മുടെ രാജ്യം.** Under nourishment, Child stunting, Child wasting, Child mortality എന്നിവയുടെ അടിസ്ഥാനത്തിലാണ് Global Hunger Index കണക്കാക്കുന്നത്. ഈ ദയനീയമായ അവസ്ഥയെ തിരിച്ചിടുന്ന നയങ്ങൾക്ക് വേണ്ടിയായിരിക്കണം നമ്മുടെ വോട്ട്.

എന്തുകൊണ്ടാണ് നമ്മുടെ രാജ്യം ഇത്ര ദയനീയമായ അവസ്ഥയിൽ എത്തുന്നത്? ഗവൺമെന്റ് സ്വീകരിക്കുന്ന കോർപ്പറേറ്റ് അനുകൂല നയങ്ങൾ ആണ് ഈ സ്ഥിതിക്ക് കാരണം. കഴിഞ്ഞ പത്തുവർഷമായി ഇൻകംടാക്സ് നിരക്കിൽ വലിയ മാറ്റങ്ങളൊന്നും വരുത്തിയിട്ടില്ല. നമ്മുടെ ബാങ്കിൽ പോലും ജോലി ചെയ്യുന്ന പല ജീവനക്കാരും 30% ഇൻകംടാക്സ് കൊടുക്കുന്നവരാണ്. **എന്നാൽ 30 ശതമാനം ഉണ്ടായിരുന്ന കോർപ്പറേറ്റ് ടാക്സ് 15 ശതമാനം മുതൽ 25 ശതമാനം വരെയാക്കി കുറച്ചു.** മാത്രവുമല്ല ഭൂമിയും വെള്ളവും വൈദ്യുതിയും സൗജന്യമായോ അല്ലെങ്കിൽ നാമമാത്ര നിരക്കിലോ അനുവദിച്ചുകൊടുക്കുകയും ചെയ്യുന്നു. അതിനെല്ലാം പുറമെ 15 ലക്ഷം കോടിയാണ് കഴിഞ്ഞ 10 വർഷത്തിനിടയിൽ എഴുതി തള്ളിയ വായ്പകൾ. ഇതിൽ ബഹുഭൂരിപക്ഷവും കോർപ്പറേറ്റ് വായ്പകളാണ്. IBC എന്ന പുതിയ കൊള്ളയിലൂടെ തീർപ്പാക്കപ്പെടുന്ന വായ്പകളുടെ കണക്ക് ഇതിൽപ്പെടുന്നില്ല. IBC യിലൂടെ നടത്തിയ കൊള്ളയുടെ ഏറ്റവും അവസാനത്തെ ഒരു ഉദാഹരണം പറയാം. അനിൽ അംബാനി വരുത്തിയ കുടിശ്ശിക 47251 കോടി രൂപ. IBC യിലൂടെ മുകേഷ് അംബാനി ഏറ്റെടുത്തത് 456 കോടി രൂപക്ക്. 99 ശതമാനത്തിലധികം Haircut. നഷ്ടപ്പെട്ട പണം സാധാരണജനങ്ങളുടെത്. ഈ ക്രോണി ക്യാപിറ്റലിസ്റ്റ് നയങ്ങൾക്കെതിരായിരിക്കണം നമ്മുടെ വോട്ട്.

**2014 ൽ 61 രൂപയായിരുന്നു ഒരു ഡോളറിനെങ്കിൽ ഇന്നത് 84 രൂപയിൽ എത്തി നിൽക്കുന്നു.** വലിയ വിദേശ കടം ഉള്ള ഒരു രാജ്യം എന്ന നിലയിൽ രൂപയുടെ വിലത്തകർച്ച നമ്മുടെ സാമ്പത്തിക വ്യവസ്ഥയെ ഗുരുതരമായി ബാധിക്കുകയാണ്. ശക്തമായ ആഭ്യന്തര ഉല്പാദനത്തിലൂടെയേ ഇതിനെ പ്രതിരോധിക്കാൻ കഴിയൂ. അത്തരത്തിൽ സാമ്രാജ്യത്വ വിരുദ്ധമായ നയങ്ങൾ എടുക്കുന്നവർക്കായിരിക്കണം നമ്മുടെ വോട്ട്.

അഴിമതിയെ നിയമപരമാക്കി മാറ്റുകയായിരുന്നു ഇലക്ട്ടറൽ ബോണ്ടിലൂടെ ചെയ്തത് എന്നാണ് ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധി പരിശോധിക്കുമ്പോൾ നമുക്ക് മനസ്സിലാകുന്നത്. ഗവണ്മെന്റ് ഉടമസ്ഥതയിലുള്ള സീറം ഇൻസ്റ്റിറ്റ്യൂട്ട് വികസിപ്പിച്ചെടുത്ത കോവിഡ് വാക്സിൻ ഉത്പാദിപ്പിക്കാനുള്ള അനുമതി എന്തുകൊണ്ട് പൂനവാലേക്കു മാത്രം നൽകി എന്ന് ഇപ്പോൾ പകൽ പോലെ വ്യക്തമാണ്. 50 കോടി രൂപയുടെ ബോണ്ടാണ് പൂനവാല ഭരണകക്ഷിക്ക് നൽകിയത്. മൊത്തം 12145 കോടി രൂപയുടെ ബോണ്ടിൽ 6000 കോടിയിൽ അധികവും ലഭിച്ചത് ബിജെപി ക്ക് ആണ്. നഷ്ടത്തിലോടുന്ന കമ്പനികൾ വലിയ തുക ബോണ്ട് വാങ്ങിയത് കള്ളപ്പണം വെളുപ്പിക്കാനല്ലെങ്കിൽ മറ്റെന്തിനായിരിക്കും? വിവിധ സാമ്പത്തിക കുറ്റങ്ങൾക്ക് ED, Income Tax റെയ്ഡ് നടന്ന സ്ഥാപനങ്ങൾ ബോണ്ട് വാങ്ങി ഭരണകക്ഷിക്ക് നൽകുന്നതോടെ നടപടിയിൽ നിന്നും ഒഴിവാക്കപ്പെടുന്നു എന്നും അത് ഭരണകൂടം തന്നെ അഴിമതിയുടെ ഏജന്റ് ആയി മാറുന്നതുകൊണ്ടാണ് എന്നുമുള്ള ആരോപണം പ്രതിപക്ഷ കക്ഷികൾ ഉന്നയിക്കുന്നു. എന്തിനേറെ 'ഭാവി പ്രധാന മന്ത്രിയുടെ' അളിയൻ, പ്രിയങ്ക ഗാന്ധിയുടെ ഭർത്താവ് റോബർട്ട് വാദ്ര 170 കോടിയാണ് BJP ക്ക് ബോണ്ട് നൽകിയത് എന്നും അതോടെ DLFന് ക്ലീൻ ചിറ്റ് കിട്ടി എന്നുമൊക്കെയുള്ള വാർത്തകളും പുറത്തുവരുന്നു. ഇക്കാരണങ്ങളൊക്കെക്കൊണ്ട് എല്ലാവരും കണക്കാണ് എന്ന മധ്യവർഗ പ്രചാരണം ഇലക്ടറൽ ബോണ്ടിന്റെ കാര്യത്തിൽ എടുക്കാൻപോലും കഴിയുന്നില്ല. **ഇടതുപക്ഷ പാർട്ടികൾ പാർലമെന്റിൽ ഇലക്ടറൽ ബോണ്ടിനെതിരായ നിലപാട് സ്വീകരിച്ചു എന്നുമാത്രമല്ല ഇലക്ടറൽ ബോണ്ട് വാങ്ങുകയില്ല എന്ന് പ്രഖ്യാപിക്കുകയും ചെയ്തു.** ഒടുവിൽ ഈ ബോണ്ട് നിയമവിരുദ്ധമാണ് എന്ന് ചരിത്ര പ്രധാനമായ വിധിയിലേക്ക് എത്തിയ നിയമയുദ്ധത്തിന് നേതൃത്വം നൽകി. അഴിമതിക്കെതിരായി നില്കുന്നവർക്കായിരിക്കണം നമ്മുടെ വോട്ട്.

വിവിധ രാഷ്ട്രങ്ങളുടെ ഭരണഘടനയിലെ മഹത്തായ ആശയങ്ങൾ സമ്മേളിപ്പിച്ചതാണ് നമ്മുടെ ഭരണഘടന. എന്നാൽ സ്വതന്ത്ര ഇന്ത്യയിൽ ആദ്യമായി പൗരത്വം നിർണ്ണയിക്കുന്നതിന് മതം ഒരു ഘടകമായി വന്നിരിക്കുന്നു. **നമ്മുടെ വോട്ട് ഭരണ ഘടന സംരക്ഷിക്കുന്നതിനായി മാറട്ടെ. നമ്മുടെ വോട്ട് മതനിരപേക്ഷ വാദികൾക്കാവട്ടെ.**

ഭാവി തലമുറ നമ്മെ കുറ്റപ്പെടുത്താതിരിക്കാനുള്ള സൂക്ഷ്മതയും കരുതലും തെരഞ്ഞെടുപ്പിൽ പ്രകടിപ്പിക്കുക

## അഭിവാദനങ്ങൾ


**ബിഗേഷ് ഉണ്ണിയൻ**
ജനറൽ സെക്രട്ടറി
KGBEU, 98957 10203

**രാജേഷ് പി.**
ജനറൽ സെക്രട്ടറി
KGBOU, 98474 07673


karline29.deviantart

കോ–ഓർഡിനേഷൻ കമ്മിറ്റി

**കേരള ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയൻ &**
**കേരള ഗ്രാമീണ ബാങ്ക് ഓഫീസേഴ്സ് യൂണിയൻ**

(Affiliated to AIRRBEA & BEFI)

സെൻട്രൽ ഓഫീസ്: ദിലീപ് മുഖർജി ഭവൻ, റിംഗ് റോഡ്, അപ്ഹിൽ, മലപ്പുറം 676 505

Email: kgbeumpm@gmail.com,  visit:www.kgbeuou.com

സർക്കുലർ നമ്പർ 9/2024

17.05.2024



## പുതിയ ചെയർപേഴ്സണുമായി നടത്തിയ കൂടിക്കാഴ്ച്ച

സഖാക്കളെ,

നമ്മുടെ ബാങ്കിൽ പുതിയതായി ചുമതലയേറ്റ ചെയർപേഴ്സൺ ശ്രീമതി വിമല വിജയഭാസ്ക്കറുമായി നമ്മുടെ സംഘടനാ പ്രതിനിധികൾ ചർച്ച നടത്തി. നിലവിൽ, നമ്മുടെ സ്ഥാപനവുമായും ജീവനക്കാരുമായും ബന്ധപ്പെട്ട അതി പ്രധാനമായ വിഷയങ്ങളിന്മേലാണ് ചർച്ച നടന്നത്. കഴിഞ്ഞ 2 വർഷങ്ങളായി ബാങ്കിലെ അംഗീകൃത സംഘടനകളുമായി മാനേജ്മെൻറ് കൃത്യമായ ചർച്ച നടത്താത്തതിനാൽ ജീവനക്കാരും ബാങ്കും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടിയാണ് ചർച്ച ആരംഭിച്ചത്. അംഗീകൃത സംഘടനകളും മാനേജ്മെന്റും സംയുക്തമായി ഒപ്പുവച്ച code of conduct നിലവിലുണ്ട്. അത് പ്രകാരം ബാങ്കിലെ പ്രധാനപ്പെട്ട എല്ലാ വിഷയങ്ങളും അംഗീകൃത സംഘടനകളുമായി ചർച്ച ചെയ്യുകയും രമ്യമായി പരിഹരിക്കുകയും വേണം. ഈ നിബന്ധന മറികടന്ന് ഏകപക്ഷീയമായി മാനേജ്മെന്റ് തീരുമാനം എടുക്കുന്നു എന്നതാണ് നിലവിൽ ജീവനക്കാർ അഭിമുഖീകരിക്കുന്ന പ്രധാനപ്പെട്ട പ്രശ്നങ്ങൾക്കെല്ലാം കാരണം എന്ന് ചെയർപേഴ്സണോട് സംഘടന വിശദീകരിച്ചു. തുടർന്ന് അംഗീകൃത സംഘടനകളുമായി നടത്തേണ്ടുന്ന ചർച്ചകളെല്ലാം കൃത്യമായി നടത്തണം എന്നും ഏകപക്ഷീയമായ തീരുമാനങ്ങൾ ഒരുകാരണവശാലും ഒരു വിഷയത്തിലും എടുക്കരുത് എന്നും ചെയർപേഴ്സൺ ബന്ധപ്പെട്ടവർക്ക് നിർദേശം നൽകി. ജോയിന്റ് കോൺഫറൻസ് മാത്രമല്ല മറ്റു വിഷയങ്ങളിലും സമയാസമയങ്ങളിൽ ചർച്ച നടത്തേണ്ടതാണ് എന്ന് ചൂണ്ടിക്കാട്ടിയപ്പോൾ വരും നാളുകളിൽ അത് കൃത്യമായി നടത്തുമെന്ന ഉറപ്പ് അദ്ദേഹം സംഘടനയ്ക്ക് നൽകി.

### <u>ചർച്ച ചെയ്ത പ്രധാനപ്പെട്ട വിഷയങ്ങൾ</u>

**ജനറൽ ട്രാൻസ്ഫർ 2024:**

ജനറൽ ട്രാൻസ്ഫർ ലിസ്റ്റ് ഇറക്കാത്തതിനാൽ ജീവനക്കാർ അനുഭവിക്കുന്ന പ്രയാസങ്ങളെ സംബന്ധിച്ച് വിശദമായി തന്നെ ചെയർപേഴ്സണെ ധരിപ്പിച്ചു. ചീഫ് ഇലക്ടറൽ ഓഫീസറിൽ നിന്നും ലഭിച്ച കത്ത്, ട്രാൻസ്ഫർ ലിസ്റ്റ് ഇറക്കുന്നതിന് തടസ്സമായി നിൽക്കുന്നുവെന്നും, ഇലക്ഷൻ പെരുമാറ്റച്ചട്ടം കഴിയാതെ ട്രാൻസ്ഫർ ലിസ്റ്റ് പുറത്തിറക്കാൻ കഴിയാത്ത സാഹചര്യമുണ്ടെന്നുമാണ് ചെയർപേഴ്സൺ മറുപടി പറഞ്ഞത്. എന്നാൽ, നമ്മുടെ ജീവനക്കാരുടെ മക്കളുടെ വിദ്യാഭ്യാസം ഉൾപ്പെടെയുള്ള കാര്യങ്ങൾ ട്രാൻസ്ഫർ ഇറക്കാത്തത് കൊണ്ടുതന്നെ പ്രതിസന്ധിയിലാണെന്നും കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷണർ പുറത്തിറക്കിയ ഉത്തരവു

പ്രകാരം ട്രാൻസ്ഫർ ഇറക്കുന്നതിന് തടസ്സങ്ങളില്ല എന്നും നാം അദ്ദേഹത്തെ ധരിപ്പിച്ചു. അതുകൊണ്ട് ട്രാൻസ്ഫർ ലിസ്റ്റ് ഉടൻതന്നെ പുറത്തിറക്കണമെന്നും നാം ആവശ്യപ്പെട്ടു. ഇക്കാര്യങ്ങൾ കൃത്യമായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഉടൻ തന്നെ ട്രാൻസ്ഫർ ലിസ്റ്റ് പുറത്തിറക്കാമെന്ന് ചെയർപേഴ്സൺ നമുക്ക് ഉറപ്പ് തന്നു.

**ദിവസ വേതനക്കാരുടെ വിഷയം :**

ദിവസ വേതനക്കാരുടെ വിഷയത്തിൽ നിലവിലെ സാഹചര്യങ്ങൾ സംബന്ധിച്ചുള്ള ചർച്ച നടന്നു. 2018 ലെ സമരവും, തുടർന്നുണ്ടാക്കിയ കരാറും അതിൽ നിന്നും പുറകോട്ട് പോയ മാനേജ്മെന്റ് നിലപാടും തുടർന്ന് നടന്ന പ്രക്ഷോഭങ്ങളും APGVB യിൽ ഈ വിഷയത്തിൽ താൽക്കാലിക ജീവനക്കാർക്ക് അനുകൂലമായി നമ്മുടെ സംഘടനയുടെ നേതൃത്വത്തിൽ നേടിയെടുത്ത തെലങ്കാന ഹൈക്കോടതി വിധിയും അത് ശരിവെച്ചുകൊണ്ട് സുപ്രീംകോടതി പുറത്തിറക്കിയ ജഡ്ജ്മെന്റും അതിനെതിരെ വീണ്ടും SLP ഫയൽ ചെയ്യാൻ ശ്രമിച്ച ബാങ്ക് മാനേജ്മെന്റിന്റെ അഭ്യർത്ഥന നിഷ്ക്കരുണം തള്ളിക്കൊണ്ട് സുപ്രീംകോടതി അന്തിമമായി തീർപ്പ് കൽപ്പിച്ചതുമെല്ലാം ചെയർപേഴ്സണെ കൃത്യമായി ബോധ്യപ്പെടുത്തി. ഈ വിഷയത്തിൽ ഉടൻ തന്നെ സംഘടനയുമായി ഒരു പ്രത്യേക ചർച്ച നടത്താമെന്ന് ചെയർപേഴ്സൺ അറിയിച്ചു.

**ആശ്രിത നിയമനം :**

സംഘടനയുടെ നേതൃത്വത്തിൽ നടന്ന വലിയ പ്രക്ഷോഭത്തിന്റെ ഭാഗമായാണ് നമ്മുടെ ബാങ്കിൽ ആശ്രിത നിയമനം നടത്താൻ ആരംഭിച്ചത്. ആശ്രിത നിയമനം സംബന്ധിച്ചുള്ള പോളിസി ഉണ്ടാക്കുകയും നിയമനം ആരംഭിക്കുകയും ചെയ്തെങ്കിലും അർഹതയുള്ള നിരവധി പേരുടെ അപേക്ഷകൾ ഇപ്പോഴും തീരുമാനമാകാതെ കിടക്കുകയാണ്. ഈ പ്രശ്നം ചെയർപേഴ്സന്റെ ശ്രദ്ധയിൽപ്പെടുത്തി. നിലവിലെ മാർഗ്ഗനിർദേശങ്ങൾ അനുസരിച്ച് നീതിയുക്തമായി ഈ വിഷയത്തിൽ ഇടപെടുമെന്നും അർഹരായവർക്ക് ഉടൻതന്നെ നിയമനം നൽകുമെന്നും ചെയർപേഴ്സൺ നമുക്ക് ഉറപ്പ് നൽകി.

**സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് :**

ഉഭയകക്ഷി കരാർ പ്രകാരം സ്റ്റാഗ്നേഷൻ ഇൻക്രിമെന്റിന്റെ ഭാഗമായിട്ടുള്ള pay fixation നടത്താത്തതു മൂലം നിരവധി ജീവനക്കാർക്ക് ഉണ്ടാകുന്ന നഷ്ടം സംബന്ധിച്ച കാര്യങ്ങൾ ചെയർപേഴ്സന്റെ ശ്രദ്ധയിൽപ്പെടുത്തി. ഇതിന്റെ കണക്കെടുപ്പ് നടത്തി, pay fixation നടപടികൾ ഉടൻ നടത്തണമെന്ന് ചെയർപേഴ്സൺ HR ജനറൽ മാനേജർക്ക് നിർദേശം നൽകി.

**ബാങ്ക് ജോലിക്ക് CIBIL score മാനദണ്ഡം :**

ബാങ്ക് ജോലിക്ക് CIBIL score മാനദണ്ഡങ്ങൾ കൊണ്ടുവന്ന വിഷയത്തിൽ അതത് ബാങ്കുകൾക്ക് യുക്തമായ തീരുമാനമെടുക്കാമെന്നിരിക്കെ, ഉദ്യോഗാർത്ഥികൾക്ക് എതിരായ നിലപാടാണ് നമ്മുടെ ബാങ്ക് സ്വീകരിക്കുന്നത്. ഈ വിഷയത്തിൽ ബാങ്ക്, സാമൂഹിക വിരുദ്ധമായാണ് പെരുമാറുന്നതെന്ന് സംഘടനാ പ്രതിനിധികൾ ചെയർപേഴ്സണെ അറിയിച്ചു. വിദ്യാഭ്യാസ വായ്പയെടുത്ത് പഠിച്ച് ജോലി ലഭിക്കാത്തതുമൂലം തിരിച്ചടവ് പ്രതിസന്ധിയിലാവുകയും സാമ്പത്തികമായി പിന്നോക്കം നിൽക്കുകയും ചെയ്യുന്ന കുടുംബങ്ങളിലെ ഉദ്യോഗാർത്ഥികൾക്ക് വലിയ ബുദ്ധിമുട്ടാണ് ഇതുമായി ബന്ധപ്പെട്ട് സംഭവിക്കുന്നത് എന്നും നാം ധരിപ്പിച്ചു. Case by case ആയി ഈ വിഷയത്തെ അനുഭാവ പൂർവ്വം സമീപിക്കാമെന്ന് ചെയർപേഴ്സൺ അറിയിച്ചു.

**EPF withdrawal വിഷയം :**

സുപ്രീം കോടതി വിധിയുടെ പശ്ചാത്തലത്തിൽ നമ്മുടെ ബാങ്കിലും ബാങ്ക് പെൻഷൻ നടപ്പിലാക്കിയതിനെ തുടർന്ന് EPF ൽ നിന്നുമുള്ള മുഴുവൻ തുകയും പിൻവലിക്കുന്നതിനായുള്ള ശ്രമങ്ങൾ നടത്തി വരികയാണ്. എന്നാൽ ഈ പ്രക്രിയ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. ഇതിന്റെ ഭാഗമായി ജീവനക്കാർ, റിട്ടയറീസ്, താത്കാലിക ജീവനക്കാർ എന്നിവർക്കെല്ലാം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ചെയർപേഴ്സണെ ധരിപ്പിച്ചു. അടിയന്തിര പരിഹാരം ഇക്കാര്യത്തിൽ ഉണ്ടാക്കാനുള്ള ശ്രമങ്ങൾ നടത്തണമെന്ന് ചെയർപേഴ്സൺ HR ജനറൽ മാനേജർക്ക് നിർദേശം നൽകി. ഇതിന്റെ ഭാഗമായി, അംഗീകൃത സംഘടനയുടെ പ്രതിനിധികളും മാനേജ്മെന്റ് പ്രതിനിധികളും അടങ്ങുന്ന ഒരു delegation ഉടൻ തന്നെ EPF ഓഫീസ് സന്ദർശിക്കും. തുടർന്നും പ്രശ്നപരിഹാരം ഉണ്ടാകാത്തപക്ഷം മറ്റു നടപടികളിലേക്ക് കടക്കും എന്ന സൂചനയും നൽകി.

**Group Term Life Insurance ( GTLI ):**

നമ്മുടെ സഹപ്രവർത്തകർക്ക് അകാല ദേഹവിയോഗം സംഭവിക്കുമ്പോൾ അവരുടെ കുടുംബം വലിയ ബുദ്ധിമുട്ടിലേക്ക് പോകുന്നത് ഏവർക്കും പ്രയാസമുണ്ടാക്കുന്ന കാഴ്ചയാണ്. സാമ്പത്തികമായും വലിയ ദു

രിതത്തിലേക്കാണ് അത്തരം കുടുംബങ്ങൾ എത്തിച്ചേരുന്നത്. അത്തരമൊരു അവസ്ഥ ഉണ്ടാകാതിരിക്കാൻ GTLI സ്കീം നടപ്പിലാക്കണമെന്ന് നാം ദീർഘനാളായി ആവശ്യപ്പെട്ടു വരികയാണ്. ഈ ആവശ്യത്തിന്മേൽ അനുകൂലമായാണ് ചെയർപേഴ്സൺ പ്രതികരിച്ചത്. വിഷയത്തിൽ തുടർ ചർച്ച നടത്തി തീരുമാനം ഉണ്ടാക്കും.

**LOS and KCC related issues :**

KCC വായ്പകൾ നൽകുന്നതുമായി ബന്ധപ്പെട്ട് ബാങ്ക് ഇറക്കിയ പുതിയ മാർഗ്ഗനിർദേശങ്ങളിലെ അപാകതകളും പ്രായോഗിക ബുദ്ധിമുട്ടുകളും ചെയർപേഴ്സണെ ബോധ്യപ്പെടുത്തി. മാത്രവുമല്ല, LOS സംവിധാനം ഏകപക്ഷീയമായി നടപ്പിലാക്കാൻ ശ്രമിച്ചതിന്റെ ഭാഗമായി ജീവനക്കാർ അനുഭവിക്കുന്ന പ്രയാസങ്ങളും നാം അദ്ദേഹത്തെ ധരിപ്പിച്ചു. ഇതെല്ലാം KCC കൊടുക്കരുത് എന്ന തരത്തിലേക്ക് മാനേജ്മെൻറ് മാറുന്നതിന്റെ സൂചനകളാണ് എന്ന ജീവനക്കാരുടെ ആശങ്കയും നാം പങ്കുവെച്ചു. KCC നൽകരുത് എന്ന ഒരു ആലോചനയും മാനേജ്മെൻറ് ഭാഗത്ത് ഇല്ല എന്നും Leased land ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ അർഹതപ്പെട്ടവർക്ക് KCC നൽകുന്നതിന് യാതൊരു തടസ്സവും ഇല്ല എന്നും ചെയർപേഴ്സൺ മറുപടി പറഞ്ഞു. LOS സംവിധാനം കൂടുതൽ ലളിതമാക്കാൻ വേണ്ടുന്ന നിർദ്ദേശങ്ങൾ സംഘടനക്ക് മുന്നോട്ട് വെക്കാവുന്നതാണ് എന്നും അത് തിരുത്താനുള്ള അടിയന്തിര ഇടപെടലുകൾ ഉണ്ടാകും എന്നും അദ്ദേഹം നമ്മെ അറിയിച്ചു.

**റിക്രൂട്ട്മെന്റ് & പ്രൊമോഷൻ :**

ഈ വർഷത്തെ റിക്രൂട്ട്മെന്റ് & പ്രൊമോഷൻ പ്രക്രിയകൾ ഉടൻ ആരംഭിക്കണമെന്ന് സംഘടനാ പ്രതിനിധികൾ ആവശ്യപ്പെട്ടു. റിക്രൂട്ട്മെന്റ് വേക്കൻസികൾ കണക്കാക്കി, അവ ബോർഡിന്റെ പരിഗണനയ്ക്ക് ഉടൻ സമർപ്പിക്കുമെന്ന് ചെയർപേഴ്സൺ നമ്മെ അറിയിച്ചു. പ്രമോഷൻ നടപടികളും ഉടൻ ആരംഭിക്കാം എന്ന് അദ്ദേഹം ഉറപ്പുനൽകി. സംഘടനയുടെ ആവശ്യം പരിഗണിച്ചു കൊണ്ട്, അടുത്തവർഷം മുതൽ പ്രമോഷൻ നടപടികൾ സാമ്പത്തിക വർഷാരംഭത്തിൽതന്നെ പൂർത്തീകരിക്കാനുള്ള നടപടി കൈക്കൊള്ളും എന്നും ചെയർപേഴ്സൺ അറിയിച്ചു.

**സ്റ്റാഫ് അക്കൗണ്ടബിലിറ്റി :**

അശാസ്ത്രീയമായി ചുമത്തുന്ന അക്കൗണ്ടബിലിറ്റികൾ ഒഴിവാക്കണമെന്ന സംഘടനയുടെ നിരന്തരമായ ആവശ്യം, ഉദാഹരണ സഹിതം ചെയർപേഴ്സന്റെ ശ്രദ്ധയിൽപ്പെടുത്തി. അനാവശ്യമായി അക്കൗണ്ടബിലിറ്റികൾ ചുമത്തില്ലെന്നും, ഇതുമൂലം ജീവനക്കാരുടെ ആത്മവിശ്വാസം ഇല്ലാതാക്കുന്ന നടപടികൾ ഉണ്ടാകില്ലെന്നും ചെയർപേഴ്സൺ അറിയിച്ചു. സ്ഥാനത്തും അസ്ഥാനത്തും അഡ്മിനിസ്ട്രേറ്റീവ് ഓഫീസുകളിൽ നിന്ന് അക്കൗണ്ടബിലിറ്റി ചുമത്തും എന്ന അറിയിപ്പുകൾ വ്യാപകമായി വരുന്നുണ്ട് എന്ന് സൂചിപ്പിച്ചപ്പോൾ ഭാവിയിൽ അത് ഉണ്ടാകില്ല എന്ന് സംഘടനക്ക് അദ്ദേഹം ഉറപ്പ് നൽകി.

**പ്രൊബേഷൻ നീട്ടിവെക്കൽ :**

രണ്ട് അപാകതകളാണ് പ്രധാനമായും ഇപ്പോൾ ജീവനക്കാരുടെ പ്രൊബേഷൻ നീട്ടിവെക്കുന്നതിൽ കണ്ടു വരുന്നത്.

1. സർവീസ് റെഗുലേഷന് വിരുദ്ധമായി മുൻകൂട്ടി അറിയിക്കാതെയാണ് മാനേജ്മെന്റ് ജീവനക്കാരുടെ പ്രൊബേഷൻ നീട്ടുന്നത്.
2. ചില കേസുകളിൽ, ബ്രാഞ്ച് മാനേജർമാർ നൽകുന്ന തെറ്റായ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ജീവനക്കാരുടെ കൺഫർമേഷൻ തീയതി തീരുമാനിക്കപ്പെടുന്നത്.

അതുകൊണ്ടുതന്നെ, ഇത്തരം പരാതികൾ വരുന്ന കേസുകളിൽ കൃത്യമായി അന്വേഷണം നടത്താൻ മാനേജ്മെന്റ് സന്നദ്ധമാവണമെന്നും തെറ്റായ റിപ്പോർട്ടുകൾ നൽകുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കണമെന്നും സംഘടന ആവശ്യപ്പെട്ടു. നിയമവിരുദ്ധമായി പ്രൊബേഷൻ നീട്ടിയ നടപടി റദ്ദ് ചെയ്യണമെന്നും നാം കൂട്ടിച്ചേർത്തു. വിഷയം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് ചെയർപേഴ്സൺ ഉറപ്പ് നൽകി.

**Annual medical checkup :**

ജീവനക്കാർക്ക് ലഭ്യമായിക്കൊണ്ടിരുന്ന Annual medical checkup സൗകര്യം എടുത്തു കളഞ്ഞ മാനേജ്മെന്റ് നടപടി ചെയർപേഴ്സന്റെ ശ്രദ്ധയിൽപ്പെടുത്തി. ഈ വിഷയം, ഉടൻതന്നെ പുന:പരിശോധിക്കണമെന്ന് ചെയർപേഴ്സൺ HR ജനറൽ മാനേജർക്ക് നിർദ്ദേശം നൽകി.

**സ്റ്റാഫ് ലോൺ :**

സ്പോൺസർ ബാങ്കിന് സമാനമായ രീതിയിൽ നമ്മുടെ സ്റ്റാഫ് ലോൺ സ്കീമുകൾ പരിഷ്ക്കരിക്കണമെന്ന സംഘടനയുടെ ആവശ്യം ചെയർപേഴ്സന്റെ ശ്രദ്ധയിൽപ്പെടുത്തി. ഇക്കാര്യത്തിൽ സംഘടന നൽകുന്ന നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച്, ഒരു പഠനം നടത്തിയശേഷം സ്റ്റാഫ് ലോൺ സ്കീമുകളിൽ ആവശ്യമായ ഭേദഗതികൾ ഉടൻ വരുത്തുമെന്നും ചെയർപേഴ്സൺ അറിയിച്ചു.

ഇതുകൂടാതെ, ജീവനക്കാർക്ക് വിദേശ യാത്ര നടത്തുന്നതിനുള്ള മാനദണ്ഡങ്ങൾ പരിഷ്ക്കരിക്കുക, ഡ്യൂട്ടി സമയത്തു സംഭവിക്കുന്ന അപകടങ്ങൾക്ക് ആവശ്യമായ സ്പെഷ്യൽ ലീവ് അനുവദിക്കുക, പ്രൊബേഷണറി ജീവനക്കാർക്ക് transfer compensation നൽകുക, സ്വീപ്പർമാർക്ക് ഗ്രാറ്റുവിറ്റി നൽകുക, മുഴുവൻ ദിവസ വേതനക്കാരെയും സ്വീപ്പർമാരെയും ESI, EPF സ്കീമുകളിൽ ഉൾപ്പെടുത്തുക തുടങ്ങിയ ആവശ്യങ്ങളും സംഘടനാ പ്രതിനിധികൾ ഉന്നയിച്ചു. മേൽപ്പറഞ്ഞ ആവശ്യങ്ങളോടും വളരെ പോസിറ്റീവായാണ് അദ്ദേഹം പ്രതികരിച്ചത്.

ജീവനക്കാർക്ക് വേണ്ടി നിലകൊള്ളുന്നതിനോടൊപ്പം, സ്ഥാപനത്തിന്റെ പുരോഗതി കൂടി ലക്ഷ്യമിട്ടുകൊണ്ടുള്ള സംഘടനയുടെ നിലപാടുകളെ ചെയർപേഴ്സൺ പ്രശംസിച്ചു. സംഘടന ഉന്നയിച്ച അടിയന്തിര പ്രാധാന്യമുള്ള വിഷയങ്ങളിന്മേൽ പൊതുവിൽ അനുകൂലമായിട്ടാണ് ചെയർപേഴ്സൺ പ്രതികരിച്ചത്. ഈ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള തുടർ പ്രവർത്തനങ്ങൾ സംഘടന ഏറ്റെടുക്കും.

സംഘടനയെ പ്രതിനിധീകരിച്ചു കൊണ്ട് KGB എംപ്ലോയീസ് യൂണിയൻ ജനറൽ സെക്രട്ടറി സ: ബിഗേഷ് ഉണ്ണിയൻ, പ്രസിഡന്റ് സ: മീന എൻ, ഓഫീസേഴ്സ് യൂണിയൻ ജനറൽ സെക്രട്ടറി സ: രാജേഷ് പി, പ്രസിഡന്റ് സ: അനൂപ് ടി ജി, കോ-ഓർഡിനേഷൻ കമ്മിറ്റി കൺവീനർ സ: മിഥുൻ സി, എംപ്ലോയീസ് യൂണിയൻ അസിസ്റ്റന്റ് ജനറൽ സെക്രട്ടറി സ: ധനേഷ് കുമാർ എ, ഓഫീസേഴ്സ് യൂണിയൻ അസിസ്റ്റന്റ് ജനറൽ സെക്രട്ടറി സ: പ്രശാന്ത് ജി, വനിതാ സബ്കമ്മിറ്റി കൺവീനർ സ: സിന്ധു ടി, എംപ്ലോയീസ് യൂണിയൻ ട്രഷറർ സ: മനോജ് കെ എം എന്നിവർ ചർച്ചയിൽ പങ്കെടുത്തു. ചെയർപേഴ്സണെ കൂടാതെ HR വിംഗ് ജനറൽ മാനേജർ ശ്രീമതി ശ്രീകല ശ്രീകുമാർ, ചീഫ് മാനേജർ ശ്രീമതി ശാനിമ പി, സീനിയർ മാനേജർ ശ്രീ. വിനോദ്കുമാർ പട്ടേലത്ത് എന്നിവരാണ് മാനേജ്മെന്റിനെ പ്രതിനിധീകരിച്ചു കൊണ്ട് ചർച്ചയിൽ പങ്കെടുത്തത്.

ബാങ്കിന്റെ ബിസിനസ് മികച്ച രീതിയിൽ വർദ്ധിപ്പിക്കുന്നതിനും ഇടപാടുകാർക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനും നമ്മുടെ സംഘടനയുടെ പിന്തുണ നാം ചെയർപേഴ്സണ് വാഗ്ദാനം ചെയ്തു. മുഴുവൻ ജീവനക്കാരും മികച്ച സംഭാവനകൾ നൽകി ബാങ്കിനെ ഏറ്റവും ഉയരത്തിലേക്ക് എത്തിക്കുന്നതിനായി പ്രയത്നിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**അഭിവാദനങ്ങളോടെ**

**ബിഗേഷ് ഉണ്ണിയൻ**
ജനറൽ സെക്രട്ടറി
KGBEU, 98957 10203

**രാജേഷ് പി.**
ജനറൽ സെക്രട്ടറി
KGBOU, 98474 07673

karline29.deviantart

കോ–ഓർഡിനേഷൻ കമ്മിറ്റി
# കേരള ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയൻ &
# കേരള ഗ്രാമീണ ബാങ്ക് ഓഫീസേഴ്സ് യൂണിയൻ
(Affiliated to AIRRBEA & BEFI)
സെൻട്രൽ ഓഫീസ്: ദിലീപ് മുഖർജി ഭവൻ, റിംഗ് റോഡ്, അപ്ഹിൽ, മലപ്പുറം 676 505
Email: kgbeumpm@gmail.com, visit:www.kgbeuou.com

സർക്കുലർ നമ്പർ 10/2024

08.07.2024

## Bipartite settlement കയ്യിലെത്തുമ്പോൾ...

12th bipartite settlement/ 9th Joint note എന്നിവ ഗ്രാമീണ ബാങ്കിൽ നടപ്പാക്കിക്കൊണ്ടുള്ള ഉത്തരവ് ഇന്ന് Govt. of India പുറത്തിറക്കി. പ്രസ്തുത കരാറുകൾ പ്രകാരം മറ്റു ബാങ്ക് ജീവനക്കാർക്ക് ലഭിച്ച ശമ്പളവും മറ്റ് അലവൻസുകളും ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ഗ്രാമീണ ബാങ്ക് ജീവനക്കാർക്കും ഈ ഉത്തരവിലൂടെ നൽകപ്പെടും എന്നതാണ് ഇതിൻറെ പ്രത്യേകത. മുൻ കരാറുകൾ നടപ്പാക്കുമ്പോൾ ചില അലവൻസുകൾ തീരുമാനിക്കാനുള്ള ഉത്തരവാദിത്തം സ്പോൺസർ ബാങ്കുകൾക്ക് നൽകിയിരുന്നു. ഇതിന്റെ ഫലമായി പല ആനുകൂല്യങ്ങളും നിഷേധിക്കപ്പെടുകയോ കുറച്ചു മാത്രം നൽകപ്പെടുകയോ ചെയ്തു. ഗ്രാമീണ ബാങ്കുകളിലെ ജീവനക്കാർക്ക് വേതന തുല്യത ലഭിച്ചത് ഇപ്പോഴും അംഗീകരിക്കാൻ ബുദ്ധിമുട്ടുള്ള സ്പോൺസർ ബാങ്കുകളിലെ ചില ഉദ്യോഗസ്ഥ ദുഷ്പ്രഭുക്കൾ അവർക്ക് കിട്ടിയ അധികാരം ഉപയോഗിച്ച് അലവൻസുകൾ പൂർണമായോ ഭാഗികമായോ നിഷേധിക്കുകയായിരുന്നു. എല്ലാ ആനുകൂല്യങ്ങളും നടപ്പാക്കാനുള്ള ഉത്തരവ് നൽകുകവഴി ഇത്തവണ ഗ്രാമീൺ ബാങ്ക് ജീവനക്കാർക്ക് മുഴുവൻ ആനുകൂല്യങ്ങളും ഒറ്റയടിക്ക് ലഭ്യമാകും.

**എന്തുകൊണ്ട് ഗവൺമെന്റ് ഓർഡർ ?**

**പുതിയ ജീവനക്കാരുടെ അറിവിലേക്ക് കുറച്ച് ചരിത്രം പറയാം.**

1. ഗ്രാമീണ ബാങ്ക് ജീവനക്കാർക്ക് അതത് സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പളം ആയിരുന്നു നൽകപ്പെട്ടിരുന്നത്.
2. ഇതിനെതിരായി നടന്ന നിയമ പോരാട്ടത്തിനൊടുവിൽ National Industrial Tribunal സ്ഥാപിക്കപ്പെട്ടു.
3. ഗ്രാമീണ ബാങ്ക് ജീവനക്കാർക്ക് 01.09.1987 മുതൽ സ്പോൺസർ ബാങ്ക് ജീവനക്കാരുടെ ശമ്പളം തുല്യപ്പെടുത്തിക്കൊണ്ട് NIT അവാർഡ് പ്രഖ്യാപിച്ചു.
4. ഇത് 1991 ഫെബ്രുവരി മുതൽ നടപ്പാക്കി.
5. എന്നാൽ 1995 ൽ ഒപ്പിട്ട ആറാം കരാർ മിക്കവാറും ഗ്രാമീണ ബാങ്കുകൾ നടപ്പാക്കിയില്ല.
6. NIT അവാർഡ് ഒരു പ്രത്യേക കാലഘട്ടത്തിലേക്ക് മാത്രമുള്ളതാണെന്നും ശമ്പള നിർണയത്തിന് ബാങ്കുകളുടെ ലാഭനഷ്ടക്കണക്കുകൾ നോക്കേണ്ടതുണ്ടെന്നുമായിരുന്നു അവരുടെ വാദം.
7. ഇതിനെതിരായി ഏറ്റവും വലിയ സമരം നടന്നത് സൗത്ത് മലബാർ ഗ്രാമീണ ബാങ്കിൽ ആണ്.
8. ഒടുവിൽ നാം നീതിപീഠത്തെയും സമീപിച്ചു. കേരള ഹൈക്കോടതിയുടെ സിംഗിൾ ബെഞ്ച്, ഡിവിഷൻ ബെഞ്ച് ഒടുവിൽ സുപ്രീം കോടതി എന്നിവ നമ്മുടെ ഡിമാൻഡ് അംഗീകരിച്ചു.
9. അതിനിടയിൽ ഗ്രാമീണ ബാങ്കുകൾക്ക് മാത്രമായി ഒരു ശമ്പളഘടന ഉണ്ടാക്കുന്നതിനായി മഹാലിക് കമ്മറ്റി എന്ന ഒരു കമ്മിറ്റിയെ ഗവൺമെന്റ് നിയമിച്ചു. സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പളത്തേക്കാൾ അൽപ്പം മുകളിലും ബാങ്ക് ജീവനക്കാരുടെ ശമ്പളത്തേക്കാൾ താഴെയും RRB ജീവനക്കാർക്ക് അനുവദിക്കാൻ മഹാലിക് കമ്മിറ്റി ശുപാർശ ചെയ്തു. മറ്റെല്ലാ സംഘടനകളും മഹാലിക് കമ്മിറ്റിയുമായി സഹകരിച്ചു. എന്നാൽ മഹാലിക് കമ്മിറ്റിയുമായി സഹകരിച്ചില്ലെന്ന് മാത്രമല്ല അത് റദ്ദ് ചെയ്യണം എന്നാവശ്യപ്പെട്ട് AIRRBEA കേസുകൊടുക്കുകയും ആ കേസിന്റെ അടിസ്ഥാനത്തിൽ മഹാലിക് കമ്മിറ്റി quash ചെയ്യപ്പെടുകയും ചെയ്തു.
10. സുപ്രീം കോടതി വിധിയുടെ പ്രസക്തഭാഗങ്ങൾ:

    a) NIT അവാർഡ് ഒരു പ്രത്യേക കാലഘട്ടത്തിലേക്ക് മാത്രമായി പരിമിതപ്പെട്ട ഒന്നല്ല. അതിന് continuous nature ഉണ്ട്.

karline29.deviantart

b) ജീവനക്കാരുടെ ശമ്പളം നിർണയിക്കുന്നതിൽ ബാങ്കിന്റെ ലാഭനഷ്ടം മാനദണ്ഡമാക്കരുത്.

c) ശമ്പള പരിഷ്ക്കരണ ഉത്തരവ് ഇറക്കാൻ ഉള്ള അധികാരം Government of India ക്ക് ആണ്.

d) അങ്ങനെയുള്ള ഉത്തരവ് ഒരു reasonable time നുള്ളിൽ ഇറക്കണം.

**ഏറ്റവും പ്രധാനം:**

e) While issuing the order, Government of India is duty bound to maintain parity

ഈ സുപ്രധാന വിധിയുടെ അടിസ്ഥാനത്തിൽ ആണ് ഇന്ന് ഇറങ്ങിയിട്ടുള്ള ഓർഡർ. ഇന്ത്യയിലെ മുഴുവൻ ഗ്രാമീണ ബാങ്ക് ജീവനക്കാർക്കും ബാധകമായ ഈ ഉത്തരവ് ഇറക്കാൻ ഇടയായിട്ടുള്ള നിയമപോരാട്ടം കേരളത്തിന്റെ മണ്ണിൽ വച്ചാണ് തുടങ്ങിയത് എന്നതും സൗത്ത് മലബാർ ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയന്റെയും സൗത്ത് മലബാർ ഗ്രാമീണ ബാങ്ക് ഓഫീസേഴ്സ് ഫെഡറേഷന്റെയും (AIRRBEA/BEFI) നേതൃത്വത്തിൽ ആരംഭിച്ച പ്രക്ഷോഭമാണ് ഒരു ലക്ഷത്തോളം വരുന്ന ഗ്രാമീണ ബാങ്ക് ജീവനക്കാർക്ക് വേതന തുല്യത നേടിക്കൊടുത്തത് എന്നതും അനൽപ്പമായ അഭിമാനത്തോടെ ഇവിടെ രേഖപ്പെടുത്തട്ടെ.

ഗവൺമെന്റ് ഓർഡറിന്റെ കോപ്പി ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു.

No. 8/2/2024-RRB
Government of India
Ministry of Finance
Department of Financial Service
RRB Section

3rd Floor, Jeevan Deep Building
Parliament Street, New Delhi
Dated:- 08.07.2024.

To,
The Chairmen/Chairpersons of all Regional Rural Banks

**Sub: Revision of Pay and Allowances of Regional Rural Banks' (RRBs) employees under Proviso 2 of Section 17(1) of the Regional Rural Banks Act, 1976-regarding.**

Madam(s)/ Sir(s),

In exercise of the powers conferred under second proviso of Section 17(1) of the Regional Rural Banks Act, 1976, the Central Government, consequent upon the revision of the wages / pay structure of the workmen / officers' employees of the Public Sector Banks (PSBs) in terms of the 12th Bipartite Settlement / 9th Joint Note, conveys approval for payment of ad-hoc amount / on ad-hoc basis in line with the said settlement / Joint Note, pending amendments to the relevant regulations, of-

(i) revised salary, allowances and arrears thereof to serving officers and employees of RRBs at par with PSBs w.e.f. 01.11.2022.

(ii) revised pension and arrears to existing pension optees in RRBs, retired w.e.f. 01.11.2022, and

(iii) monthly ex-gratia along with pension, not attracting any other allowance for pensioners and family pensioners [eligible for pension on or before 31.10.2022] as an one-time measure for the current bipartite period.

2. The RRBs may issue an order indicating the revised pay scale in respect of each category of employees after seeking the approval of their Board of Directors.

3. A copy of the order issued in this regard may be endorsed to this Department as well as to NABARD for information and record.

Yours faithfully

(Sushil Kumar Singh)
Director (RRB)
Tel.011-23362422

Copy to:

1. Chairman, NABARD, Head Office, Mumbai
2. CMDs/MDS, all Sponsor Banks of RRBs.

**അഭിവാദനങ്ങളോടെ**

**ബിഗേഷ് ഉണ്ണിയൻ**
ജനറൽ സെക്രട്ടറി
KGBEU, 98957 10203

**രാജേഷ് പി.**
ജനറൽ സെക്രട്ടറി
KGBOU, 98474 07673

karline29.deviantart

**കോ–ഓർഡിനേഷൻ കമ്മിറ്റി**

**കേരള ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയൻ &**

**കേരള ഗ്രാമീണ ബാങ്ക് ഓഫീസേഴ്സ് യൂണിയൻ**

(Affiliated to AIRRBEA & BEFI)

**സെൻട്രൽ ഓഫീസ്: ദിലീപ് മുഖർജി ഭവൻ, റിംഗ് റോഡ്, അപ്ഹിൽ, മലപ്പുറം 676 505**

Email: kgbeumpm@gmail.com, visit:www.kgbeuou.com

സർക്കുലർ നമ്പർ 11/2024

12.07.2024

## ഇത് ട്രേഡ് യൂണിയനോ അതോ യൂണിയൻ ട്രേഡോ?

AIBEA ജനറൽ സെക്രട്ടറി സി.എച്ച്. വെങ്കിടാചലം, AIBOC ജനറൽ സെക്രട്ടറി നൂപം റോയ് എന്നിവർ സംയുക്തമായി ധനകാര്യ മന്ത്രി ശ്രീമതി നിർമല സീതാരാമന് ഗ്രാമീണ ബാങ്കുകളെ സ്പോൺസർ ബാങ്കിൽ ലയിപ്പിക്കണം എന്നാവശ്യപ്പെട്ട് കത്ത് നൽകിയിരിക്കയാണ്. UFBU വിൽ 9 ഘടക സംഘടനകൾ ഉണ്ട്. അവയിൽ പലതും ഗ്രാമീണ ബാങ്കുകളെ സ്പോൺസർ ബാങ്കിൽ ലയിപ്പിക്കണം എന്ന് ആവശ്യപ്പെടുന്നവരും ആണ്. സമാന ചിന്താഗതിക്കാരായ UFBU ഘടക സംഘടനകളെ മാത്രമല്ല തങ്ങളുടെ twin banner സംഘടനയായ AIBOA യെയും ഒഴിവാക്കി കൊണ്ടാണ് AIBEA ഇത്തരം ഒരു കത്ത് നൽകിയത് എന്നത് എന്തുകൊണ്ടെന്ന രഹസ്യം എല്ലാവർക്കും അറിയാം.

സംഗതി ഗ്രാമീണ ബാങ്കുകളെ ഇല്ലായ്മ ചെയ്യാനാണ് ഉദ്ദേശിച്ചത് എങ്കിലും ഒട്ടനവധി സത്യങ്ങളും ആ കത്തിലൂടെ വെളിച്ചത്തു വരുന്നുണ്ട്. നമുക്ക് ആ കത്തിലെ ചില ഭാഗങ്ങൾ പരിശോധിക്കാം.

RRBs are expected to mobilise resources and deployed locally, thus playing a significant role in developing the rural economy. രണ്ടാമത്തെ ഖണ്ഡിക അവസാനിക്കുന്നത് മുകളിൽ കാണിച്ച ഈ വാചകത്തോടെയാണ്. ഗ്രാമീണ സമ്പദ് വ്യവസ്ഥയിൽ വലിയ സംഭാവന ഈ സ്ഥാപനം ചെയ്യുന്നുവെന്ന് അവർ സമ്മതിക്കുന്നു. അപ്പോൾ അതിനെ ഇല്ലായ്മ ചെയ്യണം എന്ന് പറയുന്നതിന്റെ യുക്തി എന്താണ്? യഥാർത്ഥത്തിൽ ഗ്രാമീണ ബാങ്കുകളെ കൂടുതൽ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത അവരുടെ കത്തിൽ തന്നെ ഒളിഞ്ഞിരിക്കുന്നു. Rural Economy കൂടുതൽ ശക്തിപ്പെടുത്തുന്നതിനാണ് NRBI രൂപീകരിക്കുക എന്ന മുദ്രാവാക്യം നാം മുന്നോട്ട് വെക്കുന്നത്.

ഗ്രാമീണ ബാങ്കുകൾക്ക് ഗവൺമെന്റ് നൽകിയ മൂലധനത്തെക്കുറിച്ച് വലിയ അങ്കലാപ്പോടെയാണ് ഈ സംഘടനകൾ പ്രതികരിച്ചിരിക്കുന്നത്. കഴിഞ്ഞ 45 കൊല്ലത്തിനിടയിൽ ഗ്രാമീണ ബാങ്കുകൾക്ക് 10000 കോടി രൂപ മൂലധനമായി ഗവണ്മെന്റിന് നൽകേണ്ടി വന്നു എന്നതാണ് AIBEA, AIBOC സംഘടനകളെ ആകുലപ്പെടുത്തുന്നത്. കഴിഞ്ഞ ഏഴു വർഷത്തിനിടയിൽ 5 ലക്ഷം കോടി രൂപയാണ് പൊതുമേഖലാ ബാങ്കുകൾക്ക് മൂലധനമായി യൂണിയൻ ഗവൺമെന്റ് നൽകിയത്. കോർപ്പറേറ്റ് വായ്പകൾ എഴുതിത്തള്ളുമ്പോൾ വരുന്ന ആഘാതം കുറക്കുന്നതിനാണ് മൂലധനം ഇത്തരത്തിൽ നൽകിയത് എന്നത് വ്യക്തമാണ്. മൂലധന സമാഹരണത്തിനായി ഇവർ മുന്നോട്ടു വെക്കുന്ന നിർദേശം നോക്കൂ "The merged entity will be able to access the capital market reducing its dependence on the budgetary support, which will be beneficial for fiscal management of the government" നിങ്ങളെന്തിനാണ് പണം ചെലവാക്കുന്നത്? അത് മാർക്കറ്റിൽ നിന്നും കണ്ടെത്തിക്കൂടേ എന്ന് ഗവൺമെന്റിന് ബുദ്ധിയുപദേശിക്കുന്ന പണി എന്തായാലും trade union പ്രവർത്തനമല്ല. പ്രൈവറ്റൈസേഷനുവേണ്ടി ഗവൺമെന്റിനോട് ആവശ്യപ്പെടുന്നതിനെ കങ്കാണി പണി എന്നല്ലാതെ മറ്റെന്തായാണ് വിശേഷിപ്പിക്കാൻ കഴിയുക?

അതിരൂക്ഷമായ staff shortage ഗ്രാമീണ ബാങ്കുകൾ ഉൾപ്പെടെ എല്ലാ ബാങ്കുകളും അഭിമുഖീകരിക്കുന്നു. ഇതിന് പരിഹാരമായി ഇവർ നിർദേശിച്ചത് നോക്കൂ "The merger of RRBs with their sponsor banks will update the skill of RRB employees to modern banking practices and effectively address the issues of staff shortages in both RRBs and the sponsored banks".

**Staff shortage ന്റെ പരിഹാരം നിയമനം മാത്രമാണ്. അപ്പോൾ നിയമനമൊന്നും നടത്താതെ Staff shortage എങ്ങനെയാണ് പരിഹരിക്കാൻ കഴിയുക? തീർച്ചയായും ശാഖകൾ വലിയതോതിൽ അടച്ചുപൂട്ടിയാൽ മാത്രമേ നിയമനം നടത്താതെ ഈ ലക്ഷ്യം സാക്ഷാൽക്കരിക്കാൻ കഴിയൂ. ഇങ്ങനെ ഒരു നിർദേശം ഗവൺമെന്റിന് നൽകുന്നവരെ തൊഴിലാളി സംഘടന എന്ന് പറയാൻ കഴിയുമോ?**

karline29.deviantart

**നാഷണൽ റൂറൽ ബാങ്കിന്റെ പ്രസക്തി**

RRB കളെ സ്പോൺസർ ബാങ്കിൽ ലയിപ്പിച്ചാൽ നമ്മുടെ ആനുകൂല്യങ്ങളെല്ലാം ലഭിക്കാൻ എളുപ്പമാണ് എന്ന പ്രചരണം ലയനാനുകൂലികൾ നടത്തുന്നുണ്ട്. ഏതൊരു സ്ഥാപനത്തിന്റെയും രൂപീകരണ ഉദ്ദേശ്യം, വർത്തമാനകാലത്ത് അതിന്റെ പ്രസക്തി എന്നിവയാണ് ആ സ്ഥാപനം നിലനിൽക്കേണ്ടതുണ്ടോ എന്ന് തീരുമാനിക്കേണ്ടത്. ഗ്രാമീണ ബാങ്കുകളെ സംബന്ധിച്ചും ഇതു തന്നെയാണ് ബാധകം എന്നിരിക്കെ അത് നമുക്കൊന്ന് പരിശോധിക്കാം.

ദേശസാത്കരണത്തിന് ശേഷവും ഗ്രാമ പ്രദേശങ്ങളിലേക്ക് ബാങ്കിംഗ് സൗകര്യം വേണ്ടത്ര എത്തിപ്പെട്ടില്ല എന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിലാണ് ഗ്രാമീണ ബാങ്കുകൾ എന്ന പുതിയ തരം ബാങ്കുകൾക്ക് തുടക്കമിട്ടത്. പ്രഖ്യാപിക്കപ്പെട്ട ആ ലക്ഷ്യം ഉദാത്തമായിരുന്നു. ഗ്രാമീണബാങ്കിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് നടത്തിയ എല്ലാ പഠനങ്ങളും ഇത് അടിവരയിടുന്നു. അപ്പോൾ ലക്ഷ്യം ഗംഭീരമായിരുന്നു, ലക്ഷ്യ സാക്ഷാത്ക്കാരത്തിനായി നടത്തിയ പ്രവർത്തനവും മികച്ചതായിരുന്നു. അപ്പോൾ ബാക്കിയാകുന്ന ഏറ്റവും പ്രധാനപ്പെട്ട ചോദ്യം ഇന്ന് അതിന്റെ പ്രസക്തി നിലനിൽക്കുന്നുണ്ടോ എന്നതാണ്. രണ്ട് വസ്തുതകൾ നമുക്ക് പരിശോധിക്കാം. ഒന്ന് National Crime Record Bureau (NCRB) റിപ്പോർട്ട് ആണ്. 2013 മുതൽ 2022 വരെയുള്ള 10 വർഷം ഇന്ത്യയിൽ ഒരു ലക്ഷത്തി പന്ത്രണ്ടായിരം (112000) കർഷകർ ആത്മഹത്യ ചെയ്തു എന്നതാണ് ആ റിപ്പോർട്ട്. അതായത് ഒരു മണിക്കൂറിൽ ഒന്നിലധികം കർഷകരാണ് നമ്മുടെ രാജ്യത്ത് ആത്മഹത്യ ചെയ്യുന്നത്. ഈ സാഹചര്യത്തിൽ റിസർവ് ബാങ്കിന്റെ മറ്റൊരു റിപ്പോർട്ട് നമുക്ക് പരിശോധിക്കാം. സ്റ്റേറ്റ് ബാങ്ക് ഉൾപ്പെടെയുള്ള ഇന്ത്യയിലെ പൊതുമേഖലാ ബാങ്കുകൾക്ക് 2014ൽ 43962 ഗ്രാമീണ ശാഖകൾ ഉണ്ടായിരുന്നു. ഏറ്റവും അവസാനം 2023 സെപ്തംബറിൽ റിസർവ് ബാങ്ക് റിപ്പോർട്ട് പ്രസിദ്ധീകരിക്കുമ്പോൾ ഗ്രാമീണ ശാഖകളുടെ എണ്ണം 29006 ആയി കുറഞ്ഞു. ഗ്രാമപ്രദേശങ്ങളിൽ നിന്നും ബാങ്കിംഗ് സൗകര്യം ഒഴിഞ്ഞു പോകുമ്പോൾ പാവപ്പെട്ടവർ ഹുണ്ടികക്കാരുടെ കരങ്ങളിലേക്കാണ് എത്തിപ്പെടുന്നത്. കർഷക ആത്മഹത്യ വർദ്ധിക്കുന്നതിന് കാരണങ്ങളിൽ ഒന്ന് ഇതാണ്.

**ഈ ഭീതിതമായ അവസ്ഥ ഇന്ത്യൻ ഗ്രാമങ്ങളിൽ നിലനിൽക്കുമ്പോൾ ഗ്രാമീണ ബാങ്കുകളുടെ പ്രസക്തി ഏറുകയാണ്. ഇന്നത്തേതിലും ശക്തമായ നിലയിൽ ഗ്രാമീണ ബാങ്കുകളെ മാറ്റിത്തീർക്കണം. ആ ദിശയിലാണ് National Rural Bank of India സ്ഥാപിക്കണം എന്ന നിർദ്ദേശം നാം ഉയർത്തുന്നത്.**

## പ്രവർത്തന ഫണ്ട് വിജയിപ്പിക്കുക

സംഘടനാപ്രവർത്തനത്തിന് ആവശ്യമായി വരുന്ന ഫണ്ട് അംഗങ്ങളിൽ നിന്നാണ് നാം കണ്ടെത്തുന്നത്. ജീവനക്കാരുടെ അവകാശ സമരപോരാട്ടങ്ങളിൽ വിട്ടുവീഴ്ചയില്ലാതെ പ്രവർത്തിക്കുന്ന സംഘടന എന്ന നിലയിൽ ഭാരിച്ച ചെലവാണ് നമുക്ക് സംഘടനാ പ്രവർത്തനത്തിന്റെ ഭാഗമായി ഉണ്ടാകുന്നത്. എല്ലാ വർഷവും ഒരു നിശ്ചിത തുക ലെവി (പ്രവർത്തന ഫണ്ട്) നൽകണമെന്നാണ് സംഘടനാ വ്യവസ്ഥ എങ്കിലും അംഗങ്ങളുടെ സൗകര്യപ്രകാരം bi- partite അരിയർ ലഭിക്കുമ്പോഴാണ് കഴിഞ്ഞ കുറച്ച് കാലങ്ങളായി നാം അത് കളക്ട് ചെയ്തു വരുന്നത്. ആയതിനാൽ മുൻകാലങ്ങളിൽ ചെയ്യാറുള്ളത് പോലെ അരിയറിന്റെ 4% തുക ലെവി ആയി കളക്ട് ചെയ്യാനാണ് സംഘടന ഇത്തവണയും തീരുമാനിച്ചിരിക്കുന്നത്. ഇതിൽ നമ്മുടെ മാതൃസംഘടനകളായ AIRRBEA, BEFI സംഘടനകൾക്ക് നൽകേണ്ട ലെവിയും ഉൾപ്പെടും. ഫണ്ട് പ്രവർത്തനം വിജയിപ്പിക്കാൻ മുഴുവൻ സഖാക്കളും സഹകരിക്കണം എന്ന് അഭ്യർത്ഥിക്കുന്നു.

**അഭിവാദനങ്ങളോടെ**

**ബിഗേഷ് ഉണ്ണിയൻ**
ജനറൽ സെക്രട്ടറി
KGBEU, 98957 10203

**രാജേഷ് പി.**
ജനറൽ സെക്രട്ടറി
KGBOU, 98474 07673

karline29.deviantart

കോ–ഓർഡിനേഷൻ കമ്മിറ്റി
**കേരള ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയൻ &**
**കേരള ഗ്രാമീണ ബാങ്ക് ഓഫീസേഴ്സ് യൂണിയൻ**
(Affiliated to AIRRBEA & BEFI)
**സെൻട്രൽ ഓഫീസ്: ദിലീപ് മുഖർജി ഭവൻ, റിംഗ് റോഡ്, അപ്ഹിൽ, മലപ്പുറം 676 505**
Email: kgbeumpm@gmail.com, visit:www.kgbeuou.com

സർക്കുലർ നമ്പർ 12/2024

01.08.2024

# ഉള്ളുരുകുന്ന വയനാടിന് ഉയിരേകാൻ



വയനാട്ടിൽ ഉണ്ടായ അതിദാരുണമായ പ്രകൃതി ദുരന്തം ഇതെഴുതുമ്പോൾ മുന്നൂറിലധികം പേരുടെ ജീവൻ അപഹരിച്ചു. എത്രയോ പേർക്ക് ഗുരുതരമായ പരിക്ക് പറ്റി. കാണാതായവരും ഏറെ. ഒരു പ്രദേശം മുഴുവൻ പൂർണമായും ഇല്ലാതായി.

വയനാട്ടിലേക്ക് ആവശ്യമായ ഭക്ഷണം, വസ്ത്രം എന്നിവ ഉടൻ എത്തിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമ്പോഴേക്കും അടുത്ത അറിയിപ്പ് വന്നു. ആവശ്യമായ ഭക്ഷണം, വസ്ത്രം എന്നിവ എത്തിക്കഴിഞ്ഞു എന്നായിരുന്നു ആ അറിയിപ്പ്. ദുരന്തമുഖത്ത് ഏറ്റവും വേഗത്തിൽ ഉദാത്തമായ മനുഷ്യസ്നേഹത്തോടെ പ്രതികരിക്കുന്ന കേരളത്തിന്റെ മുഖമാണ് അത്. 2018 ലെ നൂറ്റാണ്ടിലെ പ്രളയത്തിലും 2019 ലെ മഹാപ്രളയത്തിലും നാം അത് കണ്ടതാണ്.

വയനാട്ടിലെ ചൂരൽമല പ്രദേശം പ്രകൃതി ദുരന്തത്തിൽ പൂർണ്ണമായും ഇല്ലാതായി. അവിടത്തെ വീടുകൾ, പീടികകൾ, സ്കൂൾ എന്നിവയെല്ലാം നാമാവശേഷമായി. നഷ്ടപ്പെട്ടുപോയ ജീവൻ തിരിച്ചു കൊടുക്കാൻ നമുക്കാവില്ല. ആ പ്രദേശത്തെ പുനർനിർമിക്കാനുള്ള വൻ ദൗത്യമാണ് മനുഷ്യസ്നേഹികൾക്ക് നിർവഹിക്കാനുള്ളത്. ഇത്തരം മാനവസ്നേഹത്തിലധിഷ്ഠിതമായ പ്രവർത്തനങ്ങളിൽ കേരള ഗ്രാമീണ ബാങ്കിലെ ജീവനക്കാരും നമ്മുടെ സംഘടനയും എന്നും മുന്നിൽനിന്ന് പ്രവർത്തിച്ചിട്ടുണ്ട്. രണ്ട് തവണ salary challenge ഏറ്റെടുത്തവരാണ് നമ്മൾ.

നമ്മോടൊപ്പം ഇന്നലെവരെ ഉണ്ടായിരുന്ന നിരവധി മനുഷ്യരാണ് ഒരൊറ്റ രാത്രി കൊണ്ട് ഇല്ലാതായിപോയത്. രക്ഷപ്പെട്ടവർക്ക് ഇനിയൊന്നും ബാക്കിയുമില്ല. അവരെ ചേർത്ത് നിർത്താനും ജീവിതത്തിലേക്ക് കരകയറ്റാനും നടത്തുന്ന പ്രവർത്തനങ്ങളിൽ സജീവമായി സഹകരിക്കണം എന്ന് നാം തീരുമാനിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി ദുരിതാശ്വാസ നിധി സ്വരൂപിക്കാനും സംഘടന തീരുമാനിച്ചു. തങ്ങളാലാവുന്ന പരമാവധി തുക നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. (ഏറ്റവും കുറഞ്ഞത് രണ്ടു ദിവസത്തെ വേതനം)

തുക അയക്കുന്ന ജീവനക്കാർ യഥാക്രമം സ്റ്റാഫ് നമ്പർ, PAN നമ്പർ, പേര് എന്നിവ narration കോളത്തിൽ enter ചെയ്യണം. (UPI ട്രാൻസാക്ഷൻ ഒഴിവാക്കി FINACLE വഴി തുക ട്രാൻസ്ഫർ ചെയ്യണം എന്ന് അഭ്യർത്ഥിക്കുന്നു.)

Account No: 40112101020092
Name: KGB Officers Union
IFSC: KLGB0040112

**25000 രൂപയിൽ കൂടുതൽ സംഭാവന നൽകാൻ തയ്യാറാകുന്നവർക്ക് സൊസൈറ്റി മുഖാന്തിരം വായ്പാ സഹായവും ലഭിക്കും. അതിന്റെ പലിശ സംഘടന വഹിക്കും.**

**മനുഷ്യൻ – ഹാ എത്ര മനോഹരമായ പദം എന്നത് പ്രയോഗത്തിൽ വരുത്താൻ കൂടിയുള്ളതാണ്.**

**അഭിവാദനങ്ങളോടെ**

**ബിഗേഷ് ഉണ്ണിയൻ**
ജനറൽ സെക്രട്ടറി
KGBEU, 98957 10203

**രാജേഷ് പി.**
ജനറൽ സെക്രട്ടറി
KGBOU, 98474 07673

kartline29.deviantart

കോ–ഓർഡിനേഷൻ കമ്മിറ്റി

**കേരള ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയൻ &**
**കേരള ഗ്രാമീണ ബാങ്ക് ഓഫീസേഴ്സ് യൂണിയൻ**

(Affiliated to AIRRBEA & BEFI)

**സെൻട്രൽ ഓഫീസ്: ദിലീപ് മുഖർജി ഭവൻ, റിംഗ് റോഡ്, അപ്ഹിൽ, മലപ്പുറം 676 505**

Email: kgbeumpm@gmail.com,  visit:www.kgbeuou.com

സർക്കുലർ നമ്പർ 13/2024

08.08.2024

# ശമ്പളത്തിൽ കൈവച്ചാൽ അനുകൂലമാകില്ല കാര്യങ്ങൾ

സഖാക്കളെ,

മാനേജ്മെന്റ് നമ്മളെ വീണ്ടും ഒരു സമരത്തിലേക്ക് തള്ളി വിട്ടിരിക്കുകയാണ്. ജീവനക്കാർക്ക് ലഭിക്കേണ്ടതും ലഭിച്ചു കൊണ്ടിരിക്കുന്നതുമായ സാമ്പത്തിക ആനുകൂല്യങ്ങൾ റദ്ദ് ചെയ്യുന്ന കിരാത നടപടിയിൽ പ്രതിഷേധിച്ചാണ് ഇത്തവണ നാം സമരത്തിന് ആഹ്വാനം കൊടുത്തത്. രൂപീകരണ കാലം തൊട്ട് കടുത്ത അനീതികൾക്ക് ഇരയാകേണ്ടി വന്ന ഗ്രാമീണ ബാങ്ക് ജീവനക്കാർ, പതിറ്റാണ്ടുകളോളം പൊരുതിയാണ് മറ്റു ബാങ്ക് ജീവനക്കാർക്ക് തുല്യമായ വേതന ഘടന നേടിയെടുത്തത്. അത് തട്ടിയെടുക്കാൻ ശ്രമിച്ചപ്പോൾ, കേരളത്തിൽ നിന്നും തുടക്കം കുറിച്ച പ്രക്ഷോഭം അന്ന് നിലവിലുണ്ടായിരുന്ന 196 ഗ്രാമീണ ബാങ്ക് ജീവനക്കാർക്കും വേതനതുല്യത അരക്കിട്ട് ഉറപ്പിക്കുന്നതിന് നേതൃത്വം നൽകാൻ നമുക്ക് സാധിച്ചു. ആ ശമ്പളത്തിൽ കൈവെക്കാൻ സാധിക്കാത്ത ചൊരുക്ക്  മാനേജ്മെന്റ് തീർക്കുന്നത് വിവിധ അലവൻസുകൾ നിഷേധിക്കുകയോ വെട്ടിക്കുറയ്ക്കുകയോ ചെയ്താണ്.

AIRRBEA യുടെ ആഭിമുഖ്യത്തിൽ നാം നടത്തിവന്ന നിരന്തരമായ പരിശ്രമത്തിന്റെയും പ്രക്ഷോഭത്തിന്റെയും ഭാഗമായി മുഴുവൻ അലവൻസുകളും അനുവദിച്ചുകൊണ്ട് 08.07.2024 ന് DFS ൽ നിന്നും ഉത്തരവ് വരികയും അത് എത്രയും പെട്ടെന്ന് നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ട് സംഘടന കത്ത് നൽകുകയും ചെയർപേഴ്സണോട് സംസാരിക്കുകയും ചെയ്തതാണ്. എന്നിട്ടും നിരവധി ഗ്രാമീണ ബാങ്കുകൾ അരിയർ നൽകിയതിനു ശേഷമാണ് നമ്മുടെ മാനേജ്മെന്റ് ജീവനക്കാർക്ക് അരിയർ നൽകിയത്. ശമ്പളം ആണെങ്കിലോ വലിയ കുറവ് വരുത്തിയാണ് നൽകുകയും ചെയ്തത്. അലവൻസുകൾ വർദ്ധിപ്പിച്ചില്ല എന്ന് മാത്രമല്ല, അതുസംബന്ധിച്ച സർക്കുലർ പോലും ഇറക്കിയില്ല. കേഡർ വ്യത്യാസമില്ലാതെ മഹാഭൂരിപക്ഷം ജീവനക്കാർക്കും വലിയ സാമ്പത്തിക നഷ്ടമാണ് ഇതുവഴി സംഭവിക്കുന്നത്.

AIRRBEA നൽകിയ സമര നോട്ടീസിന്മേൽ 06.08.2024 ന് നടന്ന Dy CLC (Central) അനുരഞ്ജന ചർച്ചയിൽ, പൂർണ്ണമായും ജീവനക്കാർക്ക് അനുകൂലമായ തീരുമാനം ആണുണ്ടായത്. നമ്മുടെ HR ജനറൽ മാനേജർ ഉൾപ്പെടെ 22 ഗ്രാമീണ ബാങ്കുകളുടെ പ്രതിനിധികളും നമ്മുടെ സ്പോൺസർ ബാങ്കായ കനറാ ബാങ്ക് ഉൾപ്പെടെ 10 സ്പോൺസർ ബാങ്ക് പ്രതിനിധികളും DFS പ്രതിനിധികളും ഉൾപ്പെടെ പങ്കെടുത്ത മീറ്റിംഗിലാണ് തീരുമാനം ഉണ്ടായത്. നേരത്തെയും ഇത്തരം തീരുമാനങ്ങൾ ഉണ്ടാകുമ്പോൾ അതെങ്ങനെ നടപ്പാക്കാതെയിരിക്കാം എന്ന് ഗവേഷണം നടത്തുകയാണ് ഇവിടെയുള്ള മാനേജ്മെന്റ് ചെയ്യുന്നത്.

PMO യിലെ  ജീവനക്കാർക്ക് അനുവദിച്ചു വന്നിരുന്ന halting അലവൻസ് റദ്ദ് ചെയ്ത നടപടിയാണ് മറ്റൊന്ന്. കനറാ ബാങ്കിൽ നിന്നും ഡെപ്യൂട്ടേഷനിൽ വരുന്ന തങ്ങൾക്ക് കിട്ടാത്ത ആനുകൂല്യം ആരെങ്കിലും കൈപ്പറ്റുന്നത് ദഹിക്കാത്ത ഇടുങ്ങിയ ചിന്താഗതിയാണ് ഈ നടപടിയിലേക്ക് മാനേജ്മെന്റിനെ കൊണ്ടുചെന്നെത്തിച്ചത്. Halting allowance, താമസ സൗകര്യം, മാസത്തിൽ നാട്ടിലേക്ക് വരാനും തിരികെ പോകാനും ഉണ്ടാകുന്ന പൂർണമായ യാത്രാ ചെലവ്, മാസത്തിൽ രണ്ട് സ്പെഷ്യൽ ലീവ്, അതിനെല്ലാം പുറമേ local conveyance എന്നിവ നൽകിക്കൊണ്ടിരുന്ന സ്ഥലത്ത് ഒന്നും നൽകാത്ത സ്ഥിതി വന്നപ്പോൾ സംഘടനയുടെ നേതൃത്വത്തിൽ നടത്തിയ ഇടപെടൽ വഴിയാണ് കഴിഞ്ഞവർഷം halting allowance എങ്കിലും നൽകാൻ മാനേജ്മെന്റ് തയ്യാറായത്. ഇത് കൈപ്പറ്റിക്കൊണ്ട് ബംഗളൂരുവിൽ ജോലിചെയ്യാൻ താൽപര്യമുള്ളവർ option കൊടുക്കണം എന്ന ലെറ്റർ ബാങ്ക് ഔദ്യോഗികമായി പുറത്തിറക്കുകയും അത് കണ്ട് option കൊടുത്ത് ബംഗളൂരുവിൽ വന്നവരും ആണ് മഹാഭൂരിപക്ഷം ജീവനക്കാരും. അത്തരം ജീവനക്കാരെ

karline29.deviantart

വഞ്ചിക്കുന്ന നിലപാടാണ് നമ്മുടെ മാനേജ്മെന്റ് കൈക്കൊണ്ടത്. ബാങ്കിംഗിന്റെ നിലനിൽപ്പ് തന്നെ വിശ്വാസത്തെ അടിസ്ഥാനമാക്കിയാണ്. എങ്ങിനെയാണ് ഇങ്ങനെയുള്ള മാനേജ്മെന്റിനെ നമുക്ക് പൂർണ്ണ വിശ്വാസത്തിൽ എടുത്ത് മുന്നോട്ട് പോകാനാകുക?

ദീർഘമായ നിയമ പോരാട്ടത്തിലൂടെ എല്ലാ ആനുകൂല്യങ്ങളും ലഭ്യമാക്കണമെന്ന് ഹൈക്കോടതി വിധി കരസ്ഥമാക്കിയ 29 OATD ജീവനക്കാർക്കെതിരെ ഡിവിഷൻ ബെഞ്ചിലേക്ക് അപ്പീൽ പോകുകയും അവിടെനിന്നും വീണ്ടും ജീവനക്കാർക്ക് അനുകൂലമായ വിധി വന്ന് ഏഴുമാസം പൂർത്തിയാകാറായിട്ടും അവരുടെ ആനുകൂല്യങ്ങളും തടഞ്ഞു വെക്കുന്ന സ്ഥിതിയാണ് മാനേജ്മെന്റ് കൈക്കൊള്ളുന്നത്. താൽക്കാലിക ജീവനക്കാർക്ക് അർഹമായ വേതന വർദ്ധന നീട്ടിക്കൊണ്ടുപോകുന്നത് വഴി അവർക്ക് ലഭിക്കേണ്ടുന്ന (തുച്ഛമായതാണെങ്കിൽ പോലും) സമാശ്വാസം ആണ് നിഷേധിക്കുന്നത്.

ഇതിനെല്ലാം പുറമേ, ഇവിടെ നടന്നുകൊണ്ടിരുന്ന സമരത്തിൽ നാം ഉന്നയിച്ച ആവശ്യങ്ങൾക്ക് നേരെയും മാനേജ്മെന്റ് മുഖം തിരിച്ചിരിക്കുകയാണ്. ജീവനക്കാർക്കോ സ്ഥാപനത്തിനോ ഗുണംചെയ്യുന്ന ഒന്നും ചെയ്യാൻ മാനേജ്മെന്റ് തയ്യാറാകുന്നില്ല എങ്കിലും, നിക്ഷേപത്തിന് യാതൊരു സുരക്ഷിതത്വവും നൽകാത്ത ഓഹരിക്കമ്പോളത്തിലേക്ക് ഇടപാടുകാരെ കൈ പിടിച്ചു കൊണ്ടുപോകാനും അതുവഴി സമീപഭാവിയിൽ തന്നെ നമ്മുടെ ബാങ്കിന്റെ ബിസിനസിന് വലിയ ദോഷം വരാനും സാഹചര്യമൊരുക്കുന്ന തീരുമാനങ്ങൾ കൈക്കൊള്ളാൻ മാനേജ്മെന്റിന് യാതൊരു തരത്തിലുള്ള മടിയുമില്ല.

മുകളിൽ പറഞ്ഞ കാര്യങ്ങളെല്ലാം ഉയർത്തിക്കൊണ്ട് ജീവനക്കാർക്കും സ്ഥാപനത്തിനും അനുകൂലമായ തീരുമാനം ഉടൻ കൈക്കൊള്ളണം എന്ന ആവശ്യം ഉയർത്തി ശക്തമായ പ്രക്ഷോഭത്തിലേക്ക് കടക്കാനാണ് സംഘടന തീരുമാനിച്ചിരിക്കുന്നത്. **ആദ്യഘട്ടമെന്ന നിലയിൽ ഓഗസ്റ്റ് 29ന് ഹെഡ് ഓഫീസിനുമുന്നിൽ 'മഹാധർണ്ണ' സംഘടിപ്പിക്കാനാണ് കഴിഞ്ഞ തിങ്കളാഴ്ച അടിയന്തിരമായി മുഖർജി ഭവനിൽ വിളിച്ചുചേർത്ത കേന്ദ്രകമ്മിറ്റി യോഗം തീരുമാനിച്ചത്. മഹാധർണ്ണ BEFI അഖിലേന്ത്യാ പ്രസിഡന്റ് സഖാവ് എസ്.എസ്. അനിൽ ഉദ്ഘാടനം ചെയ്യും. അതിന്റെ ഭാഗമായി, ഓഗസ്റ്റ് 22ന് മുഴുവൻ റീജിയണൽ ഓഫീസുകൾക്ക് മുന്നിലും സായാഹ്ന ധർണ്ണകൾ നടത്താനും വിപുലമായ ശാഖാ സന്ദർശനങ്ങൾ സംഘടിപ്പിക്കാനും ക്ലസ്റ്റർ യോഗങ്ങൾ ചേരാനും സംഘടന തീരുമാനിച്ചിട്ടുണ്ട്.**

സംഘടന പ്രഖ്യാപിക്കുന്ന സമരപരിപാടികൾ വിജയിപ്പിക്കാനാവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ സംഘടനാ ഭേദമന്യേ മുഴുവൻ ജീവനക്കാരും സഹകരിക്കണം എന്ന് അഭ്യർത്ഥിക്കുന്നു. ഈ ആവശ്യത്തോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്ന സംഘടനകൾ ഈ പ്രക്ഷോഭത്തോടൊപ്പം ചേരുമെന്നും നാം പ്രതീക്ഷിക്കുന്നു. തൊഴിലാളികളുടെ മെച്ചപ്പെട്ട ഭാവിക്കായി മുഴുവൻ ജീവനക്കാരുടെയും ഐക്യത്തിനായി ആഹ്വാനം ചെയ്തു കൊണ്ട്

**അഭിവാദനങ്ങളോടെ**

**ബിഗേഷ് ഉണ്ണിയൻ**
ജനറൽ സെക്രട്ടറി
KGBEU, 98957 10203

**രാജേഷ് പി.**
ജനറൽ സെക്രട്ടറി
KGBOU, 98474 07673

karline29.deviantart

കോ–ഓർഡിനേഷൻ കമ്മിറ്റി
**കേരള ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയൻ &**
**കേരള ഗ്രാമീണ ബാങ്ക് ഓഫീസേഴ്സ് യൂണിയൻ**
(Affiliated to AIRRBEA & BEFI)
സെൻട്രൽ ഓഫീസ്: ദിലീപ് മുഖർജി ഭവൻ, റിംഗ് റോഡ്, അപ്ഹിൽ, മലപ്പുറം 676 505
Email: kgbeumpm@gmail.com, visit:www.kgbeuou.com

സർക്കുലർ നമ്പർ 14/2024

22.10.2024

# നവംബർ 7 ഹെഡ് ഓഫീസ് ധർണ്ണ

സഖാക്കളെ,

മാന്യമായ തൊഴിൽ അന്തരീക്ഷം പുനഃസ്ഥാപിക്കുക, PF ൽ നിക്ഷേപിച്ച പണം തിരികെ നൽകുക എന്നീ വിഷയങ്ങൾ ഉന്നയിച്ച് നവംബർ ഏഴിന് ഹെഡ് ഓഫീസിനു മുമ്പിൽ ധർണ്ണ നടത്താൻ നാം തീരുമാനിച്ചിരിക്കുകയാണ്. ഇതു സംബന്ധിച്ച നോട്ടീസ് മാനേജ്മെന്റിന് നൽകിയിട്ടുണ്ട്.

അന്തസ്സോടെ ജോലി ചെയ്യുക എന്നത് ഏതൊരു തൊഴിലാളിയുടെയും അവകാശമാണ്. അന്തസ്സോടെ ജോലി ചെയ്യുമ്പോൾ മാത്രമാണ് തൊഴിലാളിയിൽ നിന്നും മെച്ചപ്പെട്ട output ഉണ്ടാകുന്നത്. എന്നാൽ കഴിഞ്ഞ കുറച്ചു മാസങ്ങളായി, കൃത്യമായി പറഞ്ഞാൽ പുതിയ ചെയർപേഴ്സൺ സ്ഥാനമേറ്റെടുത്തത് മുതൽ നമ്മുടെ ബാങ്കിലെ തൊഴിൽ അന്തരീക്ഷം വഷളാവുകയാണ്. ജീവനക്കാരിൽ പ്രത്യേകിച്ച് ഓഫീസർമാരിലും മാനേജർമാരിലും ഭീതിയുടെ അന്തരീക്ഷം സൃഷ്ടിച്ചുകൊണ്ട് ബാങ്ക് ഭരിച്ചു കളയാം എന്നത് മൂഢവിശ്വാസമാണ്. പണിയെടുക്കുമ്പോൾ നൂറു ശതമാനം ആത്മാർത്ഥതയോടെ അത് നിർവഹിക്കുക, പണി മുടക്കുമ്പോഴും അതേ നിലപാട് പിന്തുടരുക – ഈ തത്വമാണ് നമ്മുടെ ബാങ്കിലെ ജീവനക്കാർ തുടക്കം മുതൽ അനുവർത്തിക്കുന്ന രീതി. നമ്മുടെ സംഘടന വളർത്തിയ തൊഴിൽ സംസ്കാരവും അതാണ്.

കനറാ ബാങ്ക് തൊക്കിലങ്ങാടി ശാഖയിലെ സ്വപ്ന എന്ന ജീവനക്കാരി സ്വന്തം ഓഫീസിനുള്ളിൽ, കൊടാക് മഹീന്ദ്ര ബാങ്കിലെ മാനേജരായിരുന്ന അലക്സ് റെജി എന്ന ചെറുപ്പക്കാരൻ കടൽ പാലത്തിൽ നിന്നും കടലിലേക്ക് ചാടി, യൂണിയൻ ബാങ്ക് കാക്കബേ ശാഖാ മാനേജർ സ്വന്തം ഓഫീസിനുള്ളിൽ ഇവരെല്ലാം ജീവിതം അവസാനിപ്പിച്ചത് വീട്ടിലെന്തെങ്കിലും പ്രശ്നം ഉണ്ടായത് കൊണ്ടായിരുന്നില്ല, മറിച്ച് ജോലി സ്ഥലത്തു മേലുദ്യോഗസ്ഥരുടെ സമ്മർദ്ദം താങ്ങാൻ കഴിയാത്തതുകൊണ്ടായിരുന്നു. കനറാ ബാങ്കിൽ ഒരു സ്വപ്ന ഉണ്ടായെങ്കിൽ ഇവിടെ എന്തുകൊണ്ട് ആയിക്കൂടാ എന്നതാണ് ചെയർപേഴ്സണെ ഭരിക്കുന്ന വികാരം എങ്കിൽ നിങ്ങൾക്ക് സ്ഥലം തെറ്റിപ്പോയി. ഒറ്റവാക്യത്തിൽ പറയുകയാണ് ഇവിടെ അത് നടക്കില്ല, നടത്തില്ല.

ജോലി സമയത്തിന് ശേഷം മീറ്റിംഗ് തുടങ്ങുക, അവധി ദിവസങ്ങളിൽ മീറ്റിംഗ് നടത്തുക, ജീവനക്കാരെ സസ്പെൻഡ് ചെയ്തുകളയും എന്ന് ഭീഷണിപ്പെടുത്തുക, റീജിയണൽ മാനേജർ ഉൾപ്പെടെയുള്ളവരെ അവരുടെ കീഴുദ്യോഗസ്ഥരുടെ മുന്നിൽ വച്ച് അപമാനിക്കുക ഇതെല്ലാമാണ് ഒരു ചീഫ് എക്സിക്യൂട്ടീവിന്റെ പണി എന്നാണ് നമ്മുടെ ചെയർപേഴ്സൺ ധരിച്ചു വശായിരിക്കുന്നത്. നിങ്ങളുടെ സാന്നിധ്യം തന്നെ ജോലി ചെയ്യാനുള്ള പ്രചോദനമായി മാറുമ്പോഴാണ് നിങ്ങളൊരു നല്ല CEO ആയി മാറുന്നത്. ഇവിടെ motivation ഉണ്ടാകുന്നില്ല. pressure എന്നത് harassment ന് വഴിമാറുന്നു. Harassment ഉണ്ടാകുമോ എന്ന കാരണത്താൽ ബ്രാഞ്ച് മാനേജേഴ്സ് കോൺഫറൻസ് അറ്റന്റ് ചെയ്യാൻ പോലും ഭയം തോന്നുന്നു എന്നാണ് പല മാനേജർമാരും സംഘടനയെ അറിയിച്ചിരിക്കുന്നത്. ആ ഭയം മാനേജർമാരിൽ ഉണ്ടായിക്കൂടാ. അത് നിർത്തിക്കാൻ വേണ്ടിയാണ് ഈ പ്രക്ഷോഭം.

നമ്മുടെ ബാങ്കിന്റെ ബിസിനസ്സ് വളർച്ച ഒട്ടും തൃപ്തികരമല്ല. നിക്ഷേപത്തിനും വായ്പക്കും ഉണ്ടാകുന്ന സ്വാഭാവികമായ പലിശ വർദ്ധനവ് ഒഴിവാക്കിയാൽ ഉണ്ടായ ബിസിനസ്സ് വർദ്ധനവ് ആശങ്കാകുലമാണ്. എവിടെയാണ് നമുക്ക് പിഴച്ചത് എന്നും എന്താണ് ഇനി നാം ചെയ്യേണ്ടത് എന്നും

karline29.deviantart

ഈ ബാങ്കിലെ മുഴുവൻ ജീവനക്കാരും ആഴത്തിൽ പരിശോധിക്കേണ്ട സമയമാണിത്. എന്നാൽ അത്തരത്തിലുള്ള ഒരു പരിശോധനക്കും മുകളിൽ നിന്നും തയ്യാറാവുന്നില്ല എന്ന് മാത്രമല്ല ജീവന ക്കാരുടെ സമയം മുഴുവൻ അനാവശ്യമായ ഡാറ്റ കളക്ഷനും റിപ്പോർട്ടിങ്ങിനുമായി മാറ്റിവെക്കപ്പെ ടുകയാണ്. SSS സ്കീമിന് പരിധിവിട്ട പ്രാധാന്യം നൽകി, അതിനു മാത്രമാണ് നമ്മുടെ ബാങ്ക് നില കൊള്ളുന്നത് എന്ന പ്രതീതി ജീവനക്കാരിൽ ഉണ്ടാക്കുകയാണ്. ബിസിനസ്സ് വർദ്ധിക്കാത്തത് ജീവ നക്കാർ പണിയെടുക്കാത്തത് കൊണ്ടു മാത്രമാണെന്ന തീർപ്പ് കൽപ്പിച്ച് ജീവനക്കാർ ആരും പണി യെടുക്കുന്നില്ല എന്ന വ്യാജ പോതുബോധ നിർമിതി പ്രചരിപ്പിക്കുന്നു. ഇടപാടുകാരുടെ തിരക്കു ള്ള സമയങ്ങളിൽ internal officer മാരുടേതുൾപ്പെടെ google meet പതിവാക്കുകയാണ്. ഇതെല്ലാം ബാങ്കിന്റെ തകർച്ചക്ക് മാത്രമേ വഴിവെക്കൂ.

റിട്ടയർമെന്റ് സമയത്ത് ഒരു ജീവനക്കാരന് ലഭിക്കുന്ന ഏറ്റവും വലിയ ആനുകൂല്യം PF ആണ്. എന്നാൽ കഴിഞ്ഞ ഒരു വർഷത്തിലധികമായി വിരമിക്കുന്ന ജീവനക്കാർക്ക് PF നൽകുന്നില്ല. ജോലി അവസാനിപ്പിക്കുന്ന ദിവസക്കൂലിക്കാരുടെയും സ്വീപ്പർമാരുടെയും അവസ്ഥയും ഇതു തന്നെ. 2010ന് ശേഷം ജോലിയിൽ പ്രവേശിച്ചവരുടെ പക്കൽനിന്നും EPF ലേക്ക് പിടിച്ച പണത്തി ന്റെയും സ്ഥിതി എന്തെന്നറിയില്ല. ഇതെല്ലാം ഇന്ന് ശരിയാക്കാം നാളെ ശരിയാക്കാം എന്ന് പറഞ്ഞു വർഷം ഒന്ന് കഴിഞ്ഞു. PF തുക മാസം തോറും ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പിടിച്ചു PF ൽ അടക്കുന്നത് മാനേജ്മെന്റ് ആണ്. അതുകൊണ്ടുതന്നെ അത് തിരിച്ചു വാങ്ങി തരാനുള്ള ഉത്തര വാദിത്തവും മാനേജ്മെന്റിനാണ്. ഈ ഉത്തരവാദിത്തം ഫലപ്രദമായി നിറവേറ്റുന്നതിൽ നമ്മുടെ മാനേജ്മെന്റ് ദയനീയമായി പരാജയപ്പെട്ടു. ഒരു ജീവിതകാലം മുഴുവൻ അധ്വാനിച്ച്, വിരമിക്കുന്ന സമയത്ത് ലഭിക്കേണ്ടുന്ന ഏറ്റവും വലിയ റിട്ടയർമെന്റ് ആനുകൂല്യം നൽകാതെ അനന്തമായി നീ ട്ടികൊണ്ടുപോകുന്ന നടപടി അംഗീകരിക്കാൻ കഴിയില്ല. അതുകൊണ്ടാണ് ജീവനക്കാരെ ബാധി ക്കുന്ന മറ്റുചില പ്രശ്നങ്ങൾ ഉണ്ടെങ്കിലും ഈ രണ്ടു വിഷയം മാത്രം എടുത്ത് പ്രക്ഷോഭരംഗത്തിറ ങ്ങാൻ നാം തീരുമാനിച്ചത്. KGBRF ഉം നമ്മുടെ പ്രക്ഷോഭത്തോടൊപ്പം അണിനിരക്കാൻ തീരുമാനി ച്ചിട്ടുണ്ട്.

നവംബർ ഏഴ് മാനേജ്മെന്റിന്റെ സ്വപ്നങ്ങളിൽ ഇടിമുഴക്കമായി മാറുന്ന തരത്തിലുള്ള വിജ യമാക്കുക

**അഭിവാദനങ്ങളോടെ**

**ബിഗേഷ് ഉണ്ണിയൻ**
ജനറൽ സെക്രട്ടറി
KGBEU, 98957 10203

**രാജേഷ് പി.**
ജനറൽ സെക്രട്ടറി
KGBOU, 98474 07673

karline29.deviantart

കോ–ഓർഡിനേഷൻ കമ്മിറ്റി
**കേരള ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയൻ &**
**കേരള ഗ്രാമീണ ബാങ്ക് ഓഫീസേഴ്സ് യൂണിയൻ**
(Affiliated to AIRRBEA & BEFI)
സെൻട്രൽ ഓഫീസ്: ദിലീപ് മുഖർജി ഭവൻ, റിംഗ് റോഡ്, അപ്ഹിൽ, മലപ്പുറം 676 505
Email: kgbeumpm@gmail.com, visit:www.kgbeuou.com

സർക്കുലർ നമ്പർ 15/2024

10.11.2024

# സഖാവ് സന്തോഷിന്




സഖാവ് സന്തോഷ് എ മരണപ്പെട്ട വിവരം വ്യസനസമേതം അറിയിക്കുന്നു. തെന്നല ശാഖയിൽ ഓഫീസ് അസിസ്റ്റന്റ് ആയി ജോലി ചെയ്യുകയായിരുന്നു. 1992 ൽ അത്തോളി ശാഖയിൽ പ്യൂൺ തസ്തികയിൽ ദിവസക്കൂലിക്ക് ജോലി ചെയ്തുകൊണ്ടാണ് ഔദ്യോഗിക ജീവിതം ആരംഭിച്ചത്. ഓഫീസ് അറ്റൻഡന്റ് കാഡറിൽ 2008 ൽ സ്ഥിരപ്പെടുത്തിയത് മുതൽ കല്ലായി ശാഖയിലായിരുന്നു. 2022 ൽ ക്ലറിക്കൽ കാഡറിലേക്ക് പ്രൊമോഷൻ ലഭിച്ചപ്പോൾ മുതൽ തെന്നല ശാഖയിലാണ് ജോലി ചെയ്യുന്നത്.

നമ്മുടെ സംഘടനയുടെ എല്ലാ പരിപാടികളിലും സജീവ സാന്നിധ്യമായിരുന്ന സഖാവ് സന്തോഷ് BEFI തിരൂരങ്ങാടി ഏരിയാ കമ്മിറ്റി അംഗം കൂടിയായിരുന്നു. കോഴിക്കോട് ഖാദി ഗ്രാമോദ്യോഗ് ഭവനിൽ ജോലി ചെയ്യുന്ന ശ്രീമതി ബിന്ദു ആണ് ജീവിത പങ്കാളി. ഏക മകൾ നിവേദ്യ അഞ്ചാം ക്ലാസ് വിദ്യാർത്ഥിനിയാണ്. സഖാവ് സന്തോഷിന്റെ അകാല വിയോഗത്തിൽ കുടുംബത്തിനും ജീവനക്കാർക്കും ഉണ്ടായ ദുഃഖത്തിൽ പങ്കാളികളാകുന്നു. സഖാവിന്റെ ഓർമകൾക്ക് മുന്നിൽ അഭിവാദ്യങ്ങൾ അർപ്പിക്കുന്നു.

അഭിവാദനങ്ങളോടെ

**ബിഗേഷ് ഉണ്ണിയൻ**
ജനറൽ സെക്രട്ടറി
KGBEU, 98957 10203

**രാജേഷ് പി.**
ജനറൽ സെക്രട്ടറി
KGBOU, 98474 07673

karline29.deviantart

കോ–ഓർഡിനേഷൻ കമ്മിറ്റി
കേരള ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയൻ &
കേരള ഗ്രാമീണ ബാങ്ക് ഓഫീസേഴ്സ് യൂണിയൻ
(Affiliated to AIRRBEA & BEFI)
സെൻട്രൽ ഓഫീസ്: ദിലീപ് മുഖർജി ഭവൻ, റിംഗ് റോഡ്, അപ്ഹിൽ, മലപ്പുറം 676 505
Email: kgbeumpm@gmail.com, visit:www.kgbeuou.com

സർക്കുലർ നമ്പർ 16/2024

02.12.2024

# ഗ്രാമീൺ ബാങ്ക് ചരിത്രത്തിലെ ഏറ്റവും വലിയ ധർണ്ണ തുടർ പ്രക്ഷോഭത്തിലേക്ക്



സഖാക്കളെ,

കേരളത്തിലെ ഗ്രാമീണ ബാങ്കുകൾക്ക് മുന്നിൽ നടന്ന ഏറ്റവും വലിയ ധർണ്ണയാണ് നവംബർ ഏഴിന് നടന്നത്. നിരവധി വിഷയങ്ങൾ ഗ്രാമീണ ബാങ്ക് ജീവനക്കാർക്ക് ഉണ്ടെങ്കിലും ഇന്നത്തെ ജീവൽപ്രധാനമായ രണ്ട് ആവശ്യങ്ങൾ മാത്രമാണ് പ്രക്ഷോഭത്തിന്നാധാരമായി നാം ഉന്നയിച്ചത്.




1. ജീവനക്കാരുടെ PF വിഹിതം തിരിച്ചു നൽകാനുള്ള നടപടി സ്വീകരിക്കുക

2. ബാങ്കിനകത്തെ മാന്യമായ തൊഴിലന്തരീക്ഷം പുനഃസ്ഥാപിക്കുക

ജീവനക്കാരുടെ ഏറ്റവും വലിയ lumpsum ആയ റിട്ടയർമെന്റ് ആനുകൂല്യം ആണ് PF. ജോലിക്ക് ചേരുന്നത് മുതൽ വിരമിക്കുന്നത് വരെ നമ്മുടെ ശമ്പളത്തിൽ നിന്നും പിടിക്കുന്ന തുകയാണ് ഇത്. നമുക്ക് പെൻഷൻ ലഭിക്കാത്ത കാലഘട്ടത്തിൽ, അതായത് EPF ആനുകൂല്യം മാത്രം ലഭ്യമായിരുന്ന സമയത്ത്, ഈ തുക പിടിച്ച് EPFO ക്ക് കൈമാറുകയായിരുന്നു ചെയ്തിരുന്നത്. ഇത് EPFO യിൽ നിന്നും വാങ്ങി തരാനുള്ള ഉത്തരവാദിത്തം മാനേജ്മെന്റിൽ നിക്ഷിപ്തമാണ്. ആ ഉത്തരവാദിത്തം നിർവഹിക്കുന്നതിൽ ബാങ്ക് പരാജയപ്പെടുകയാണ് ഉണ്ടായത്. നാം പ്രക്ഷോഭത്തിന്റെ നോട്ടീസ് നൽകിയപ്പോഴാണ് മാനേജ്മെന്റിന് ചൂടു പിടിച്ചത്. നമ്മുടെ ധർണ്ണയ്ക്ക് ശേഷം EPFO, PF തുക ഭാഗികമായി നമ്മുടെ ബാങ്കിന് നൽകിയിട്ടുണ്ട് (PF സംബന്ധിച്ച് ഒരു പ്രത്യേക സർക്കുലർ ഇറക്കുന്നുണ്ട്).

karline29.deviantart



ബാങ്കിനകത്തെ മാന്യമായ തൊഴിലന്തരീക്ഷത്തിൽ ഉടലെടുത്ത ആശങ്കയും ഉത്കണ്ഠയുമാണ് ഈ ധർണ്ണയിൽ ഉണ്ടായ അഭൂതപൂർവമായ പങ്കാളിത്തത്തിന്റെ കാരണം. അതുകൊണ്ട് തന്നെ ഇതിനൊരു പരിഹാരം ഉണ്ടാകുന്നതു വരെ നാം പ്രക്ഷോഭരംഗത്ത് തുടരും.

ധർണ്ണ ഉദ്ഘാടനം ചെയ്തത് NFPE കൺവീനർ സ. മുരളീധരനാണ്. KGBEU ജനറൽ സെക്രട്ടറി സ. ബിഗേഷ് ഉണ്ണിയൻ വിഷയങ്ങൾ വിശദീകരിച്ചു. BEFI സംസ്ഥാന പ്രസിഡണ്ട് സ. ഷാജു ആന്റണി, AIRRBEA പ്രസിഡണ്ട് സ. സി. രാജീവൻ, KGBRF ജനറൽ സെക്രട്ടറി സ. സി.പി. നരേന്ദ്രൻ, AKBRF പ്രസിഡണ്ട് സ. എൻ. സുരേഷ് തുടങ്ങിയവർ അഭിവാദ്യം ചെയ്തു. വർഗ്ഗ ബഹുജന സംഘടനകൾ ധർണ്ണാ സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് പ്രകടനമായെത്തി അഭിവാദ്യം രേഖപ്പെടുത്തി. KGBOU ജനറൽ സെക്രട്ടറി സ. പി. രാജേഷ് സ്വാഗതം പറഞ്ഞു. KGBRF പ്രസിഡണ്ട് സ. സി. ഗോവിന്ദൻകുട്ടി അധ്യക്ഷത വഹിച്ചു. KGBEU, KGBOU കോഓർഡിനേഷൻ കമ്മിറ്റി കൺവീനർ സ. സി. മിഥുൻ സമാപന പ്രസംഗം നടത്തിക്കൊണ്ട് ഭാവി പരിപാടികൾ വിശദീകരിച്ചു.

തുടർ പ്രക്ഷോഭ പരിപാടികളുടെ ഭാഗമായി ഡിസംബർ 11, 16, 23, 30, ജനുവരി 6, 13 തിയ്യതികളിൽ ഹെഡ് ഓഫിസിന് മുന്നിൽ ആറു ദിവസം ധർണ്ണയും തുടർന്ന് ജനുവരി 20 ന് ഏകദിന പണിമുടക്കും പ്രഖ്യാപിച്ചു. പ്രക്ഷോഭ പരിപാടികൾ വിശദീകരിച്ചു കൊണ്ട് മാനേജ്മെന്റിന് സമര നോട്ടീസും നൽകി. സംഘടന ഉയർത്തുന്ന ഏറ്റവും പ്രധാന ആവശ്യമായ അന്തസ്സുള്ള തൊഴിലിടങ്ങൾ ഉറപ്പു വരുത്തുക എന്ന ആവശ്യമുയത്തിക്കൊണ്ടുള്ള പ്രക്ഷോഭം വർത്തമാന കാലത്ത് ഏതൊരു മേഖലയ്ക്കും മാതൃകയാക്കാവുന്ന തരത്തിലുള്ള മുന്നേറ്റമാണ്. ആ പ്രക്ഷോഭം വിജയിപ്പിക്കാൻ മുഴുവൻ ആഹ്വാനങ്ങളും ഏറ്റെടുത്ത് സംഘടനയ്ക്കൊപ്പം അണിനിരക്കണം എന്ന് ജീവനക്കാരോടും, ഉയർത്തുന്ന ആവശ്യങ്ങൾ ചർച്ച ചെയ്ത് പരിഹരിച്ച് വ്യാവസായിക അന്തരീക്ഷം മെച്ചപ്പെട്ട നിലയിൽ മുന്നോട്ട് കൊണ്ടുപോകണമെന്ന് മാനേജ്മെന്റിനോടും അഭ്യർത്ഥിക്കുന്നു. മാന്യതയ്ക്ക് നിരക്കാത്ത തരത്തിൽ നിത്യേനയുള്ള അതിസമ്മർദ്ദം അടിച്ചേൽപ്പിക്കുന്നതിന്റെ ഭാഗമായ Daily റിപ്പോർട്ടിംഗ് ഉൾപ്പെടെയുള്ള തെറ്റായ കാര്യങ്ങൾക്ക് ഒരു തരത്തിലും സഹകരിക്കാതെ നമ്മുടെ ബാങ്കിനെ മുന്നോട്ട് നയിക്കുന്ന കോർ ബാങ്കിംഗ് ഇടപാടുകളിൽ കൂടുതൽ കാര്യക്ഷമമായി ഇടപെട്ട് മുന്നോട്ട് പോകണം എന്ന് കൂടി മുഴുവൻ ജീവനക്കാരോടും അഭ്യർത്ഥിക്കുന്നു.



നവംബർ ഏഴിന്റെ ധർണ്ണ അത്യുജ്ജ്വലമാക്കിയ സമര സഖാക്കൾക്ക് നൂറ് ചുവപ്പൻ അഭിവാദ്യങ്ങൾ. തുടർ പ്രക്ഷോഭത്തിലും ഇതേ ആവേശത്തോടെ മുന്നേറുക.

**അഭിവാദനങ്ങളോടെ**

**ബിഗേഷ് ഉണ്ണിയൻ**
ജനറൽ സെക്രട്ടറി
KGBEU, 98957 10203

**രാജേഷ് പി.**
ജനറൽ സെക്രട്ടറി
KGBOU, 98474 07673

karline29.deviantart

കോ–ഓർഡിനേഷൻ കമ്മിറ്റി

**കേരള ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയൻ &**
**കേരള ഗ്രാമീണ ബാങ്ക് ഓഫീസേഴ്സ് യൂണിയൻ**

(Affiliated to AIRRBEA & BEFI)

സെൻട്രൽ ഓഫീസ്: ദിലീപ് മുഖർജി ഭവൻ, റിംഗ് റോഡ്, അപ്ഹിൽ, മലപ്പുറം 676 505

Email: kgbeumpm@gmail.com, visit:www.kgbeuou.com


സർക്കുലർ നമ്പർ 17/2024

10.12.2024

## അന്തസ്സോടെ ജോലി ചെയ്യാൻ അനുവദിക്കുക, PF ൽ നിന്നും തുക ഉടൻ ലഭ്യമാക്കുക: ആവശ്യങ്ങൾ അംഗീകരിച്ചു – സമരം ഒത്തുതീർപ്പായി

കഴിഞ്ഞ നാളുകളിൽ നമ്മുടെ ബാങ്കിൽ നടന്നു വന്ന പ്രക്ഷോഭം ഒത്തുതീർപ്പായി. സമരത്തിന് ആധാരമായ വിഷയങ്ങളിൽ ഇന്നലെ (09.12.24) സംഘടനാ പ്രതിനിധികൾ ചെയർപേഴ്സണണുമായി ചർച്ച നടത്തി. EPF ൽ നിന്നും ലഭിക്കാനുള്ള തുകയുടെ ഭൂരിഭാഗം തുക ലഭ്യമായി എന്നും സർവീസിൽ നിന്നും വിരമിച്ച ജീവനക്കാരിൽ PF withdrawal അപേക്ഷ നൽകിയ മുഴുവൻ പേർക്കും തുക തിരികെ നൽകി എന്നും മാനേജ്മെന്റ് അറിയിച്ചു. നേരത്തെ partial withdrawal എടുത്തവരുടെ തുക EPF ൽ നിന്നും ലഭിക്കാനുള്ളത് ഉടൻ ലഭിക്കുമെന്നും കിട്ടിയാലുടൻ അത് തിരികെ നൽകുമെന്നും അതിനുള്ള ഇടപെടൽ നടന്നുകൊണ്ടിരിക്കുകയാണ് എന്നും നമ്മെ അറിയിച്ചു. PF തുക ലഭ്യമായപ്പോൾ പലിശയുമായി ബന്ധപ്പെട്ട ചില അപാകതകൾ സംഘടന ചൂണ്ടിക്കാട്ടുകയും അതുസംബന്ധിച്ച് കത്ത് നൽകുകയും ചെയ്തിരുന്നു. അത് EPF അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് എന്നും അതും ഉടൻ പരിഹരിക്കുമെന്നും നമ്മെ അറിയിച്ചു.

ജീവനക്കാരുടെ മേൽ അടിച്ചേൽപ്പിക്കുന്ന അമിത ജോലിഭാരം ഒഴിവാക്കി ജീവനക്കാർക്ക് അന്തസോടെ ജോലി ചെയ്യാനുള്ള സാഹചര്യം സൃഷ്ടിക്കണമെന്ന വിഷയം ചെയർപേഴ്സന്റെ സാന്നിധ്യത്തിൽ മാത്രമേ ചർച്ച ചെയ്യൂ എന്ന നിലപാട് സംഘടന രേഖപ്പെടുത്തി. നവംബർ 7 ന് നടന്ന ധർണ്ണയ്ക്ക് മുന്നോടിയായി വിളിച്ചുചേർത്ത ചർച്ചയിൽ സ്ഥലത്തുണ്ടായിരുന്നെങ്കിലും ചെയർപേഴ്സൺ പങ്കെടുത്തിരുന്നില്ല. ഇന്നലെ നടന്ന ചർച്ചയിലും ആദ്യഘട്ടത്തിൽ പങ്കെടുക്കാൻ ചെയർപേഴ്സൺ വിമുഖത കാണിച്ചെങ്കിലും ചെയർപേഴ്സൺ പങ്കെടുക്കാതെ ചർച്ച മുന്നോട്ട് പോകില്ല എന്ന നിലപാടിനെത്തുടർന്ന് ചർച്ചയിൽ പങ്കെടുക്കാൻ ചെയർപേഴ്സൺ തയ്യാറായി. തുടർന്ന് ഈ വിഷയത്തിൽ ദീർഘമായ ചർച്ച നടന്നു. ബോധപൂർവ്വം അത്തരം ഒരവസ്ഥ ഉണ്ടാക്കാൻ ശ്രമിച്ചിട്ടില്ല എന്നായിരുന്നു ചെയർപേഴ്സന്റെ വാദം. എങ്ങനെയായാലും അത്തരമൊരു അവസ്ഥയിലൂടെയാണ് നമ്മുടെ ജീവനക്കാർ കടന്നുപോകുന്നതെന്ന് ഓരോ സാഹചര്യം ചൂണ്ടിക്കാട്ടി നാം സൂചിപ്പിച്ചു. സസ്പെൻഡ് ചെയ്യുമെന്നും ഡിസ്മിസ് ചെയ്യുമെന്നും തുടർച്ചയായി പറഞ്ഞു നടക്കുന്ന രീതി ശ്രദ്ധയിൽപ്പെട്ടുവെന്നും അത് ജീവനക്കാർക്കുണ്ടാക്കുന്ന മാനസിക ആഘാതം വലുതാണെന്നും സംഘടന സമർത്ഥിച്ചു. അത്തരം കാര്യങ്ങൾ ഒരുകാരണവശാലും അംഗീകരിക്കാൻ കഴിയില്ല എന്നും സംഘടന പറഞ്ഞു. ജീവനക്കാരെ motivate ചെയ്യുക എന്ന ഉദ്ദേശത്തിൽ മാത്രം ചില കാര്യങ്ങൾ പറഞ്ഞതാണെന്നും ഒരിക്കലും അങ്ങനെ ചെയ്യാൻ ഉദ്ദേശിച്ചു കൊണ്ട് പറഞ്ഞതല്ല എന്നും ചെയർപേഴ്സൺ പറഞ്ഞു. മെച്ചപ്പെട്ട സാഹചര്യം ഒരുക്കാൻ മാനേജ്മെന്റ് തയ്യാറായാൽ നമ്മുടെ ജീവനക്കാർ 100% ആത്മാർത്ഥതയോടെ ജോലി ചെയ്യുന്നവരാണെന്നും സംഘടനയുടെ നിലപാടും അങ്ങനെ ജോലി ചെയ്യണം എന്നാണെന്നും നാം നിലപാട് രേഖപ്പെടുത്തി.

ബിസിനസ്സ് തീരെ വർദ്ധിക്കുന്നില്ല എന്ന ആശങ്ക ചെയർപേഴ്സൺ രേഖപ്പെടുത്തിയപ്പോൾ അത്തരത്തിൽ ഇടപാടുകാരെ ആകർഷിക്കുന്ന തരത്തിലുള്ള പ്രൊഡക്ടുകൾ രൂപപ്പെടുത്തുന്നതിൽ മാനേജ്മെന്റ് വലിയ വീഴ്ച വരുത്തുന്ന കാര്യം ചില ഉദാഹരണങ്ങൾ സഹിതം വ്യക്തമാക്കുകയും ചെയ്തു. മാനേജ്മെന്റ് ചെയ്യാനുള്ള കാര്യങ്ങൾ കൃത്യമായി ചെയ്യുകയാണെങ്കിൽ ബിസിനസ്സ് നല്ല നിലയിൽ വർദ്ധിക്കുമെന്നും സംഘടന ഉറപ്പു നൽകി. അത്തരം കാര്യങ്ങളിൽ ശ്രദ്ധിക്കുന്നതിനുപകരം SSS ൽ മാത്രം ശ്രദ്ധ പതിപ്പിക്കുന്ന രീതിയിലാണ് കാര്യങ്ങൾ മുന്നോട്ട് പോകുന്നത്. Daily reporting ഉൾപ്പെടെയുള്ള കാര്യങ്ങൾ അടിച്ചേൽപ്പിച്ച് ജീവനക്കാരെ ബുദ്ധിമുട്ടിലേക്ക് തള്ളിവിടുകയാണ്. ഇത്തരം കാര്യങ്ങളും സംഘടന ചർച്ചയിൽ ഉയർത്തി. വാട്സ് ആപ്പ് വഴിയുള്ള ഡെയിലി റിപ്പോർട്ടിംഗ് ഒരു കാരണവശാലും അനുവദിക്കാൻ സാധിക്കില്ല എന്ന് സംഘടനാ പ്രതിനിധികൾ മാനേജ്മെന്റിനെ അറിയിക്കുകയും ചെയ്തു. RO കളിൽ നിന്നും വിളിച്ചു ചോദിക്കുന്ന ഡാറ്റകൾ നൽകില്ല എന്ന നിലപാട് സംഘടന സാധാരണഗതിയിൽ കൈക്കൊള്ളാറില്ല. നിസ്സഹകരണം പ്രഖ്യാപിക്കുന്ന സമയത്ത് മാത്രം അത്തരം കടുത്ത നിലപാടിലേക്ക് നാം കടക്കാറുണ്ട്.

കേന്ദ്രസർക്കാരിൽ നിന്നും SSS നായി വരുന്ന വലിയ സമ്മർദ്ദമാണ് ജീവനക്കാരിൽ എത്തുന്നത്. ബാങ്ക് ബിസിനസ്സ് വർദ്ധിച്ചാലും ഇല്ലെങ്കിലും SSS പോലുള്ള സർക്കാർ പദ്ധതികൾക്കായി ഇടപാടുകാരെ കരുവാ

ക്കാനുള്ള നീക്കം കേന്ദ്രസർക്കാർ തകൃതിയായി നടത്തുകയാണ്. കേരളം പോലെ എല്ലാവർക്കും ക്ഷേമപെൻഷനുകൾ ലഭിക്കുന്ന ഒരു നാട്ടിൽ APY പോലുള്ള സ്കീമുകളിൽ ആളുകൾ ചേരാൻ താൽപ്പര്യം കാണിക്കില്ല എന്ന വസ്തുത മനസ്സിലാക്കണമെന്നും അത് കേന്ദ്രസർക്കാരിനെ ബോധ്യപ്പെടുത്തിയാൽത്തന്നെ അത്തരം പ്രശ്നങ്ങൾ തീരുമെന്നും സംഘടന അറിയിച്ചു.

വിശദമായ ചർച്ചയ്ക്കുശേഷം ജീവനക്കാരെ സമ്മർദ്ദത്തിന് അടിപ്പെടുത്തില്ല എന്ന് ഉറപ്പ് നൽകുകയും ആ കാര്യം മിനുട്സ് രേഖപ്പെടുത്താൻ മാനേജ്മെന്റ് തയ്യാറാകുകയും ചെയ്തു. ബിസിനസ്സ് വർദ്ധിപ്പിക്കാൻ ആവശ്യമായ എല്ലാ സഹകരണങ്ങളും സംഘടനയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നും ചെയർപേഴ്സൺ അഭ്യർത്ഥിച്ചു. Daily reporting കാര്യത്തിൽ ചെയർപേഴ്സൺ തെറ്റായ നിലയ്ക്കാണ് കാര്യങ്ങൾ മനസ്സിലാക്കിയത് എന്നതിനാൽ ആദ്യഘട്ടത്തിൽ ഒരു അന്തിമ തീരുമാനം ഉണ്ടായില്ല എങ്കിലും തുടർന്ന് നടന്ന ചർച്ചയിൽ നേരത്തെ ഉണ്ടായിരുന്ന സിസ്റ്റത്തിൽ മുന്നോട്ട് പോകുമെന്ന നിലപാട് സംഘടന രേഖപ്പെടുത്തുകയും അമിതമായ സമ്മർദ്ദം ചെലുത്താൻ ഒരുകാരണവശാലും ഇടയാക്കില്ല എന്ന് മാനേജ്മെന്റ് ഉറപ്പ് നൽകുകയും ചെയ്തതിനെ തുടർന്ന് കഴിഞ്ഞ നാളുകളിൽ നാം നടത്തി വന്ന സമരം താൽക്കാലികമായി ഒത്തുതീർപ്പായി.

ബിസിനസ്സ് സംബന്ധിച്ച വിശദമായ ചർച്ച സംഘടനയുമായി ഉടൻ നടത്തും എന്ന് മാനേജ്മെന്റ് നമുക്ക് ഉറപ്പ് നൽകി.

ഇനിയുള്ള ദിവസങ്ങളിൽ നമ്മുടെ ബിസിനസ്സ് വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ കൂടുതൽ പ്രവർത്തനങ്ങളിലേക്ക് കടക്കാൻ ജീവനക്കാർ തയ്യാറാകണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. അതുമായി ബന്ധപ്പെട്ട ഏതൊരു കാര്യത്തിനും സംഘടനാ നേതൃത്വവുമായി ബന്ധപ്പെടാവുന്നതാണ്.

**കേരള ഗ്രാമീൺ ബാങ്ക്**
**Kerala Gramin Bank**
( A Government owned scheduled bank sponsored by Canara Bank )

Kerala's own Bank

**INDUSTRIAL RELATIONS CELL**
**HUMAN RESOURCE WING**

**MINUTES OF THE MEETING HELD BETWEEN THE REPRESENTATIVES OF THE MANAGEMENT AND THE REPRESENTATIVES OF THE KERALA GRAMIN BANK OFFICERS' UNION/EMPLOYEES' UNION ON 09.12.2024**

The following item was taken up for discussion and consensus arrived at:

1. **Ensure that the amounts due from the EPF are made available immediately to Employees, Retirees, Daily wage earners and sweepers.**

   The representatives of the Management informed that the amount has been received from EPFO and the PF amount is being disbursed to the ex-employees from whom application has been received. With respect to left over issues, the matter has been taken up with EPFO.

2. **Eliminate unjust pressure and remove unscientific working conditions imposed on employees and provide a fair opportunity to work with dignity.**

   The representatives of the Management informed that the Bank Management does not favour any unjust pressure and unscientific working condition and will always assure a fair opportunity to work with dignity.

**In view of the above, Union Representatives agreed to withdraw the agitation activities declared as per notice dated 25.11.2024 with immediate effect.**

**അഭിവാദനങ്ങളോടെ**

**ബിഗേഷ് ഉണ്ണിയൻ**
ജനറൽ സെക്രട്ടറി
KGBEU, 98957 10203

**രാജേഷ് പി.**
ജനറൽ സെക്രട്ടറി
KGBOU, 98474 07673

karline29.deviantart

കോ–ഓർഡിനേഷൻ കമ്മിറ്റി
**കേരള ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയൻ &**
**കേരള ഗ്രാമീണ ബാങ്ക് ഓഫീസേഴ്സ് യൂണിയൻ**
(Affiliated to AIRRBEA & BEFI)
സെൻട്രൽ ഓഫീസ്: ദിലീപ് മുഖർജി ഭവൻ, റിംഗ് റോഡ്, അപ്ഹിൽ, മലപ്പുറം 676 505
Email: kgbeumpm@gmail.com,  visit:www.kgbeuou.com

സർക്കുലർ നമ്പർ 18/2024

29.12.2024

# വയനാടിനെ വീണ്ടെടുക്കാൻ

വയനാട് ദുരന്തം നടന്നിട്ട് ഇന്നേക്ക് അഞ്ച് മാസം പൂർത്തിയാവുകയാണ്. 2024 ജൂലൈ 29ന് രാത്രിയും 30ന് പുലർച്ചെയുമായി നടന്ന പ്രകൃതിയുടെ സംഹാരതാണ്ഡവത്തിൽ 400 ലേറെ പേർ മരണപ്പെട്ടു. 118 പേരെ ഇപ്പോഴും കാണാനില്ല. 1300 വീടുകൾ പൂർണമായും തകർന്നു ഇല്ലാതായി. 104 വീടുകൾക്ക് വലിയതോതിലുള്ള കേടുപറ്റി. സ്കൂളുകൾ, റോഡുകൾ, പാലങ്ങൾ, മറ്റു കെട്ടിടങ്ങൾ  വിവരണാതീതമായ നഷ്ടമാണ് വയനാട്ടിൽ ഉണ്ടായത്.

ഇത്തരത്തിലുള്ള വലിയ ദുരന്തമുണ്ടാവുമ്പോൾ ദുരന്തബാധിതരെ ചേർത്തു നിർത്തി ജീവിതത്തിലേക്ക് തിരിച്ചു കൊണ്ടുവരേണ്ടത് സമൂഹത്തിന്റെ ഉത്തരവാദിത്തമാണ്. ഇതിന് നേതൃത്വം നൽകേണ്ടത് ഗവൺമെന്റുകളാണ്. എന്നാൽ ഇത്രയും വലിയ ദുരന്തമുണ്ടായിട്ടും കേരള അസംബ്ലി ഒന്നിച്ചു ആവശ്യപ്പെട്ടിട്ടും ഇതിനെ ഒരു ദേശീയ ദുരന്തമായി പ്രഖ്യാപിക്കാൻ യൂണിയൻ ഗവൺമെന്റ് തയ്യാറായിട്ടില്ല എന്നത് ഏറെ ഗൗരവമുള്ളതാണ്.

ദുരന്തമുണ്ടായാലും ഇല്ലെങ്കിലും വർഷം തോറും State Disaster Response Fund (SDRF) നൽകേണ്ട തുകയുടെ വിഹിതമല്ലാതെ മറ്റൊന്നും നൽകാൻ യൂണിയൻ ഗവൺമെന്റ് തയ്യാറായിട്ടില്ല. നിലവിലുള്ള നിയമമനുസരിച്ച് ഈ വർഷത്തെ SDRF അലോക്കേഷൻ 388 കോടി രൂപയാണ്. ഇതിൽ 291.2 കോടി യൂണിയൻ ഗവൺമെന്റും 96.8 കോടി സംസ്ഥാനവും വഹിക്കണം. ദുരന്തമുണ്ടായാലും ഇല്ലെങ്കിലും നൽകേണ്ട ഈ തുക രണ്ട് ഗഡുക്കളായാണ് ലഭിക്കുക. അതിന്റെ ഒന്നാം ഗഡുവായ 145.6 കോടി നൽകിയതിനെയാണ് കേന്ദ്ര സഹായം ലഭിച്ചു എന്ന നിലയിൽ കൊട്ടിഘോഷിക്കുന്നത്. എന്നാൽ National Disaster Response Fund (NDRF) ഒന്നും നൽകാൻ തയ്യാറാവാത്തത് അത്യന്തം പ്രതിഷേധാർഹമാണ്. കേരളത്തോടുള്ള വിവേചനമാണ്.

***മണ്ണും മരവും ചെളിയും ചേർന്ന് വയനാട് ഉരുൾപൊട്ടലിൽ കുത്തിയൊലിച്ചത് (Debris flow) 6 ദശലക്ഷം ക്യൂബിക് മീറ്റർ ആണ്. ഇതിന് മുമ്പ് ഇന്ത്യയിലുണ്ടായ ഏറ്റവും വലിയ debris flow മൂന്ന് ദശലക്ഷം ക്യൂബിക് മീറ്ററാണ് എന്നത് വയനാട് ദുരന്തത്തിന്റെ ആഘാതം എത്ര ഭീകരമാണ് എന്ന് ബോധ്യപ്പെടുത്തുന്നതാണ്. ദുരന്തമുണ്ടായി പതിനൊന്ന് ദിവസത്തിനകം പ്രധാനമന്ത്രി പ്രദേശം സന്ദർശിക്കുകയും എല്ലാ സഹായങ്ങളും വാഗ്ദാനം ചെയ്യുകയും ചെയ്തു. എന്നാൽ ഒന്നും ലഭിച്ചില്ല.***

Build Back Better എന്ന തത്വത്തിന്റെ അടിസ്ഥാനത്തിൽ വയനാടിനെ പുനർനിർമിക്കണം എന്നാണ് കേരളം ഉദ്ദേശിക്കുന്നത്. തകർന്നു പോയ എല്ലാം കൂടുതൽ മെച്ചത്തിൽ പുനർവിന്യസിക്കണം. വീട് നഷ്ടപ്പെട്ടവർക്ക് ആയിരം സ്ക്വയർ ഫീറ്റ് ഉള്ള ഒറ്റ നില (ഭാവിയിൽ ഒരു നില മുകളിൽ എടുക്കാൻ പാകത്തിൽ അടിത്തറ ബലപ്പെടുത്തിയത്) വീട് നിർമിച്ചു കൊടുക്കാനാണ് തീരുമാനം. ഇക്കാര്യത്തിൽ നമ്മുടെ സഹായം മുൻകൂട്ടി തന്നെ നാം അറിയിച്ചതാണ്. ഇക്കാര്യത്തിന് സന്നദ്ധമായ സംഘടനകളുടെ യോഗം ജനുവരി ഒന്നിന് മുഖ്യമന്ത്രിയുടെ ഓഫീസിൽ വിളിച്ചിട്ടുണ്ട്.

**ഒരു ജനതയെ ഒരിക്കലും തോൽക്കാൻ അനുവദിച്ചുകൂടാ. അതുകൊണ്ട് തന്നെ നമ്മുടെ പങ്ക് നാം ഏറ്റെടുക്കണം. രണ്ട് ദിവസത്തെ ശമ്പളം മിനിമം നൽകണം എന്നാണ് നാം ആഹ്വാനം നൽകിയിരുന്നത്. ബാക്കിയുള്ള സഖാക്കൾ ജനുവരി ആദ്യം തന്നെ ഈ തുക നൽകാൻ തയ്യാറാവണം എന്ന് അഭ്യർത്ഥിക്കുന്നു. മുമ്പ് നൽകിയവർക്കും സാഹചര്യത്തിന്റെ ഗൗരവം കണക്കിലെടുത്തു സാധിക്കുന്ന തുക നൽകാവുന്നതാണ്.**

Account No: 40112101020092
Name: KGB Officers Union
IFSC: KLGB0040112

**25000 രൂപയിൽ കൂടുതൽ സംഭാവന നൽകാൻ തയ്യാറാകുന്നവർക്ക് സൊസൈറ്റി മുഖാന്തിരം വായ്പാ സഹായവും ലഭിക്കും. അതിന്റെ പലിശ സംഘടന വഹിക്കും.**

അഭിവാദനങ്ങളോടെ

**ബിഗേഷ് ഉണ്ണിയൻ**
ജനറൽ സെക്രട്ടറി
KGBEU, 98957 10203

**രാജേഷ് പി.**
ജനറൽ സെക്രട്ടറി
KGBOU, 98474 07673